news@vachakam.com

CHICAGO

Vol.3 ◆ Issue 37 ◆ Pages32

Newspaper for Malayalees Worldwide

വാചകം

VACHAKAM vachakam.com

21 ഫെബ്രുവരി 2024
ബുധനാഴ്ച
1199 കുംഭം 08

01 America | 12 Canada | 13 Keralam | 18 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World



## കുടിയേറ്റക്കാർക്കെതിരെ നിയമം

# കടുപ്പിക്കാനൊരുങ്ങി ബൈഡൻ ഭരണകൂടം

വാഷിംഗ്ടൺ: യുഎസ്-മെക്സിക്കോ അതിർത്തിയിലൂടെയുള്ള അനധികൃത കുടിയേറ്റം കുറയ്ക്കുന്നതിനും നിലവിലുള്ള സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി പുതിയ നടപടികൾ പരിഗണിക്കുകയാണ് ബൈഡൻ ഭരണകൂടം. 2024 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിന് മുന്നോടിയായി ഈ വിഷയം രാഷ്ട്രീയ ചർച്ചകളിൽ വലിയ പങ്ക് വഹിക്കാനിരിക്കെ, കടുപ്പമേറിയ നിയന്ത്രണങ്ങൾ വിവാദങ്ങൾക്ക് തിരികൊളുത്തും എന്നും വിലയിരുത്തപ്പെടുന്നു.കുടിയേറ്റക്കാർക്ക് അഭയം ലഭിക്കുന്നത് വ്യവസ്ഥകൾ ലഘൂകരിക്കാനും അവരെ വേഗത്തിൽ നാടുകടത്തുന്നതിനും ഉള്ള നടപടിയാണ് ബൈഡൻ ഭരണകൂടം നടപ്പിലാക്കാൻ പോകുന്നത്. നടപടിയുടെ ആദ്യ പടിയായി യുഎസ്-മെക്സിക്കോ അതിർത്തിയിൽ അഭയം തേടുന്നതിനുള്ള കുടിയേറ്റക്കാരുടെ പ്രാരംഭ സ്ക്രീനിങ് ഏറെ കഠിനമാക്കും. കൂടാതെ മാനദണ്ഡങ്ങൾ പാലിക്കാത്ത അടുത്തിടെ എത്തിയ കുടിയേറ്റക്കാരെ വേഗത്തിൽ നാടുകടത്തുന്നതിനും കോൺഗ്രസില്ലാതെ ഏകപക്ഷീയമായ നടപടി സ്വീകരിക്കുന്നതിന് ബൈഡൻ ഭരണകൂടം ഒരുങ്ങുകയാണെന്നാണ് പുറത്ത് വരുന്ന ഏറ്റവും പുതിയ റിപ്പോർട്ട്. അതിർത്തി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മൂന്ന് യുഎസ് ഉദ്യോഗസ്ഥരാണ് ഇക്കാര്യം വ്യക്തമാക്കിയത്.2024 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ പ്രധാന പ്രശ്നമായി കുടിയേറ്റം നിലനിൽക്കുന്നതിനാലാണ് വേഗത്തിലുള്ള നടപടി. അനധികൃതമായി തെ

ശേഷം പേജ് 8ൽ

## കടക്കെണിയിൽ നിന്ന് മോചനം: ഒന്നര ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് 1.2 ബില്യൺ ഡോളറിന്റെ വായ്പാ ഇളവ്

വാഷിംഗ്ടൺ: കടക്കെണിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആശ്വാസം നൽകി ബൈഡൻ ഭരണകൂടം. 150,000ത്തിലധികം വിദ്യാർത്ഥികൾക്ക് മേൽ ഭാരമായിരുന്ന 1.2 ബില്യൺ ഡോളറിന്റെ വിദ്യാർത്ഥി വായ്പകൾ റദ്ദാക്കി ഭരണകൂടം നടപടി സ്വീകരിച്ചു. വരുമാനത്തെ അടിസ്ഥാനമാക്കി വായ്പ തിരിച്ചടവ് നടത്തുന്ന പദ്ധതിയിൽ ഉൾപ്പെട്ട ദീർഘകാല വായ്പക്കാരെയാണ് ഈ നീക്കം ഗുണം ചെയ്യുക.

കഴിഞ്ഞ ദിവസം തന്നെ വിപുലമായ വിദ്യാർത്ഥി വായ്പാ ഇളവ് പദ്ധതിയുടെ ചർച്ചകൾക്കായി ഫെഡറൽ നെഗോഷ്യേറ്റർമാർ ഒരുങ്ങുന്ന സാഹചര്യത്തിലാണ് ഈ പുതിയ വായ്പാ ഇളവ് പ്രഖ്യാപനം. ഏകദേശം 4 ദശലക്ഷം അമേരിക്കക്കാർക്ക് 138 ബില്യൺ ഡോളറിന്റെ വായ്പാ ഇളവ് നൽകുന്നതി

ശേഷം പേജ് 8ൽ

## ഇവിയിലേയ്ക്ക് മാറൂ; ശിശുക്കളുടെ ജീവൻ രക്ഷിക്കൂ...



വാഷിംഗ്ടൺ: ഇലക്ട്രിക് വാഹനങ്ങളിലേക്കും (ഇവികളിലേക്കും) ശുദ്ധമായ പവറിലേക്കും മാറുന്നത് ശിശുക്കളുടെ ജീവൻ രക്ഷിക്കുകയും ദശലക്ഷക്കണക്കിന് കുട്ടികളെ എളുപ്പത്തിൽ ശ്വസിക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് പഠനം. അമേരിക്കൻ ലംഗ് അസോസിയേഷന്റെ പുതിയ ഗവേഷണമനുസരിച്ചുള്ള പഠന റിപ്പോർട്ടാണ് ഇപ്പോൾ പുറത്തുവിട്ടിരിക്കുന്നത്.ശുദ്ധമായ വൈദ്യുതിയിലേക്കും ഇവികളിലേക്കും മാറുന്നത് യുഎസിലുടനീളമുള്ള കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുമെന്ന് സംഘടന ബുധനാഴ്ച പുറത്തിറക്കിയ റിപ്പോർട്ടിൽ പറഞ്ഞു. 2035 ഓടെ വിറ്റഴിക്കുന്ന എല്ലാ പുതിയ പാസഞ്ചർ വാഹനങ്ങളും സീറോ എമിഷൻ ആണെങ്കിൽ, 2040 ഓടെ വിൽക്കുന്ന എല്ലാ പുതിയ ട്രക്കുകളും സീറോ എമിഷൻ ആണെങ്കിൽ, 2035 ഓടെ രാജ്യത്തെ ഇലക്ട്രിക് ഗ്രിഡ് എല്ലാ ക്ലീൻ എനർജിയും ഉപയോഗിച്ച് പ്രവർത്തിപ്പിക്കുക

ശേഷം പേജ് 8ൽ

ഏറ്റവും പുതിയ വാർത്തകൾ (24 X 7) അറിയുന്നതിന് www.vachakam.com സന്ദർശിക്കൂ

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

അമേരിക്ക വാചകം

# ബഹിരാകാശ ആയുധീകരണത്തിന് എതിരെ പുടിൻ: ആശങ്കകൾ നിലനിൽക്കുന്നു

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ബഹിരാകാശത്ത് ആണവായുധങ്ങൾ സ്ഥാപിക്കുന്നതിനെതിരെ ശക്തമായ നിലപാട് പ്രകടിപ്പിച്ചതോടെ ഈ മേഖലയിലെ സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ വീണ്ടും ഉയർന്നിരിക്കുന്നു. പ്രതിരോധ മന്ത്രി സെർജി ഷോയ്ഗുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹം റഷ്യ ഈ നീക്കത്തിന് എതിരാണെന്ന് വ്യക്തമാക്കി.

എന്നാൽ പുടിന്റെ പ്രസ്താവന യഥാർത്ഥത്തിൽ എന്താണ് അർത്ഥമാക്കുന്നത് എന്നതിനെക്കുറിച്ച് ചോദ്യങ്ങൾ നിലനിൽക്കുന്നു.



### പുടിന്റെ പ്രസ്താവനയുടെ പ്രധാന പോയിന്റുകൾ:

1. റഷ്യ ബഹിരാകാശത്ത് ആണവായുധങ്ങൾ സ്ഥാപിക്കാൻ പദ്ധതിയില്ലെന്ന് പുടിൻ വ്യക്തമാക്കി.
2. യുഎസ് റഷ്യയെ ഇത്തരത്തിലുള്ള ആയുധം വികസിപ്പിക്കുന്നുവെന്ന് ആരോപിച്ചിരുന്നു. പുടിൻ ഈ ആരോപണം നിഷേധിച്ചു.
3. ബഹിരാകാശ മേഖലയിലെ സഹകരണം ശക്തിപ്പെടുത്താൻ റഷ്യ ആഗ്രഹിക്കുന്നുവെന്നും പുടിൻ പറഞ്ഞു.

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ബഹിരാകാശത്ത് ആണവായുധങ്ങൾ വിന്യസിക്കുന്നതിനെതിരെ നിലപാട് വ്യക്തമാക്കിയെങ്കിലും, ഈ വിഷയത്തിൽ ഇപ്പോഴും നിരവധി ആശങ്കകൾ നിലനിൽക്കുന്നു. റഷ്യ യഥാർത്ഥത്തിൽ ബഹിരാകാശ ആയുധങ്ങൾ വികസിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പിച്ചു പറയാൻ കഴിയില്ല. യുഎസ് ഈ ആരോപണം ഉന്നയിച്ചിട്ടുണ്ടെങ്കിലും റഷ്യ അത് നിഷേധിക്കുകയാണ്.

റഷ്യയുടെ യുക്രെയ്ൻ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഈ വിഷയം കൂടുതൽ സങ്കീർണ്ണമാകുന്നു. രാജ്യങ്ങൾ തമ്മിലുള്ള അവിശ്വാസം ബഹിരാകാശ മേഖലയിലെ സഹകരണത്തെ തടസ്സപ്പെടുത്തുന്നു. ബഹിരാകാശ ആയുധങ്ങൾ നിരോധിക്കുന്ന രാജ്യാന്തര കരാറുകൾ നിലവിലുണ്ടെങ്കിലും, നിലവിലുള്ള നിയന്ത്രണങ്ങൾ അപര്യാപ്തമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

പുടിന്റെ പ്രസ്താവന യുഎസിനും റഷ്യയ്ക്കും ഇടയിലുള്ള ബഹിരാകാശ മേഖലയിലെ മത്സരം കൂടുതൽ വഷളാക്കിയേക്കാം. ഇത് ഒരു പുതിയ ആയുധപ്പന്തയത്തിലേക്ക് നയിച്ചേക്കാം. ബഹിരാകാശ അവശിഷ്ടങ്ങൾ വർദ്ധിക്കുന്നത് ബഹിരാകാശ വസ്തുക്കളുടെ സുരക്ഷയെ ദോഷകരമായി ബാധിക്കും.

ഈ സാഹചര്യത്തിൽ, രാജ്യാന്തര സമൂഹം ഈ വിഷയത്തിൽ ഗൗരവമായി ഇടപെടേണ്ടതുണ്ട്. ബഹിരാകാശ ആയുധങ്ങൾ നിരോധിക്കുന്നതിനും ബഹിരാകാശ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണ്.

ഈ വിഷയത്തിൽ ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ ഒരു സംവാദം ആരംഭിക്കേണ്ടതുണ്ട്. രാജ്യങ്ങൾ തമ്മിലുള്ള വിശ്വാസം വളർത്തിയെടുക്കുകയും ബഹിരാകാശത്തെ സൈനികവൽക്കരിക്കുന്നത് തടയുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

## American Diary

### Daring Assassination Attempt on Nixon Thwarted at Baltimore Airport



February 22nd, 1974: History nearly took a chilling turn 50 years ago today at Baltimore/Washington International Airport. In a dramatic attempt, Samuel Byck, a Philadelphia businessman, tried to hijack a plane with the audacious goal of crashing it into the White House and assassinating President Richard Nixon.

Byck, fueled by personal grievances and anger towards the Nixon administration, smuggled a pistol and homemade gasoline bomb onto a Delta Airlines flight destined for Atlanta. His plan aimed to exploit a lack of security measures in place at the time. Once onboard, he threatened the crew and demanded they fly towards Washington D.C.

However, his actions triggered a swift response. Airport security and police personnel were alerted, and a tense standoff ensued on the airplane.

Negotiations failed, and after a failed attempt to shoot the pilots, Byck was ultimately shot and killed by police before he could fulfill his deadly mission.

This shocking incident, though ultimately unsuccessful, highlighted the vulnerabilities of air travel and the potential for political extremism. It served as a wake-up call, leading to significant improvements in airport security protocols that continue to shape air travel safety today.

While President Nixon remained unharmed, the event left an indelible mark on American history, reminding us of the fragility of democracy and the constant need for vigilance against those who seek to undermine it through violence.

# ട്രംപിന്റെ പോക്കറ്റ് കാലിയാകുമോ? പ്രതിദിനം അടയ്ക്കേണ്ടത് 87,000 ഡോളർ പലിശ



വാഷിംഗ്ടൺ: സാമ്പത്തിക തട്ടിപ്പ് കേസിൽ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് 354 മില്യൺ ഡോളർ പിഴയാണ്വിധിച്ചിരിക്കുന്നത്.ശതകോടിശ്വരനാണെങ്കിലും ട്രംപിനെ വെട്ടിലാക്കുന്ന വിധിയാണ് ജസ്റ്റിസ് ആർതർ എൻഗൊറോണിന്റേത്. പിഴ അടയ്ക്കുന്നത് വരെ പലിശയിനത്തിൽ പ്രതിദിനം 87,502 ഡോളർ അധികമായി നൽകുകയും വേണം. ന്യൂയോർക്കിൽ രജിസ്റ്റർ ചെയ്ത ഒരു ബാങ്കും ട്രംപിനോ അദ്ദേഹത്തിന്റെ സ്ഥാപനങ്ങൾക്കോ വായ്പ നൽകരുതെന്നും കോടതി വിധിച്ചതോടെ കയ്യിലുള്ള പണം തന്നെ ചെലവിടേണ്ട നിലയിലാണ് ട്രംപ്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. Director: Cyril Chennikkara, Weekly publication. Phone: 1-773-888-2242, 1-773-888-2243 (WhatsApp). E-Mail: news@vachakam.com , vachakamonline@gmail.com. website www.vachakam.com. (An online news portal for Malayalees worldwide, 24 hrs updating). Cost $1.00 per copy.
**Phone Number: 1-773-888-2242.**
**Email: vachakamonline@gmail.com.**

എന്നാൽ വിധിക്കെതിരെ അപ്പീൽ പോകുമെന്നാണ് ട്രംപ് അറിയിച്ചിരിക്കുന്നത്. അപ്പീലിൽ തോറ്റാൽ, വിധിക്ക് മുമ്പുള്ളതും വിധിക്കു ശേഷമുള്ളതുമായ പലിശയും ട്രംപ് നൽകേണ്ടിവരും. ഇത് ട്രംപിന് ഇരട്ടി പ്രഹരമായിരിക്കുമെന്ന് ഉറപ്പാണ്.

''പിഴ അടയ്ക്കാനുള്ള പണമില്ലെങ്കിൽ ഞങ്ങൾ കോടതിയിൽ വിധി നടപ്പാക്കാനുള്ള സംവിധാനങ്ങൾ തേടും, അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ടാൻ ഞങ്ങൾ ജഡ്ജിയോട് ആവശ്യപ്പെടുമെന്ന്'' അഭിഭാഷകൻ ജെയിംസ് എബിസി ന്യൂസിനോട് പറഞ്ഞു.

### ട്രംപ് പിഴ അടയ്ക്കുമോ?

ട്രംപിന്റെ യഥാർത്ഥ സ്വത്തുക്കളെ കുറിച്ച് ആർക്കും ഇപ്പോഴും കൃത്യമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. 2.6 ബില്യൺ ഡോളറാണ് (215,84 കോടി രൂപ) ട്രംപിന്റെ ആസ്തിയെന്ന് ഫോർബ്സ് മാഗസിൻ കണക്കാക്കുന്നു. ഇതിൽ ഭൂരിഭാഗവും റിയൽ എസ്റ്റേറ്റ് ബിസിനസുമായി ബന്ധപ്പെട്ടവയാണ്. ന്യൂയോർക്ക് റിയൽ എസ്റ്റേറ്റ് ആണ് ട്രംപിനെ ഇന്നത്തെ ട്രംപാക്കിയത്. വിവിധ രാജ്യങ്ങളിലായി അഞ്ഞൂറോളം സ്ഥാപനങ്ങളിലും സംരംഭങ്ങളിലും ട്രംപിന് പങ്കാളിത്തമുണ്ടെന്നാണ് കണക്ക്.

തന്റെ പക്കൽ 400 മില്യൺ ഡോളർ (3320 കോടി രൂപ) പണമുണ്ടെന്ന് ഏപ്രിലിൽ മറ്റൊരു കേസിൽ ട്രംപ് മൊഴി നൽകിയിരുന്നു. മൂവായിരം കോടി രൂപ പിഴയടക്കാൻ ഈ പണം ഉപയോഗിക്കേണ്ടി വന്നാൽ ഉള്ള പണം തീരും. എഴുത്തുകാരി ജീൻ കരോൾ നൽകിയ മാനനഷ്ടക്കേസിൽ കോടതി വിധിച്ച 83 മില്യൺ ഡോളർ (689 കോടിരൂപ) പിഴ അടയ്ക്കാൻ കൂടുതൽ പണം കണ്ടെത്തേണ്ടതുണ്ട്. സമാനമായ മറ്റ് കേസുകളിലും ട്രംപിന് വൻ പിഴയാണ്.

### പിഴ അടച്ചില്ലെങ്കിൽ?

സിവിൽ വഞ്ചനക്കേസിൽ പിഴയടയ്ക്കാൻ വൈകുകയോ വിസമ്മതിക്കുകയോ ചെയ്താൽ ട്രംപിനെതിരെ കോടതിയലക്ഷ്യക്കേസ് എടുക്കാം. കൂടുതൽ പിഴയും വിധിക്കാൻ സാധ്യതയുണ്ട്. വിവിധസ്ഥാപനങ്ങളിൽവഹിക്കുന്നപദവികളിൽ നിന്ന് ട്രംപിന് ലഭിക്കുന്ന ശമ്പളം പിടിച്ചെടുക്കാൻ പ്രോസിക്യൂഷന് കോടതിയോട് ആവശ്യപ്പെടാം. ജയിൽ ശിക്ഷയ്ക്കും വകുപ്പുണ്ട്. എന്നാൽ അതിനുള്ള സാധ്യത കുറവാണ്.

### അപ്പീൽ പോയാൽ?

ട്രംപിന്റെ അപ്പീൽ എൻഗോറോണിന്റെ വിധി നടപ്പാക്കുന്നത് സ്വയമേവ സ്റ്റേ ചെയ്യാൻ പ്രേരിപ്പിക്കുമെങ്കിലും, അപ്പീൽ ചെയ്യുന്നതിന് ട്രംപ് ആദ്യം പണം ഒരു എസ്ക്രോ അക്കൗണ്ടിൽ ഇടുകയോ ബോണ്ട് നൽകുകയോ ചെയ്യേണ്ടതുണ്ട്. വിചാരണ കോടതി വിധിച്ച പിഴയും പലിശയും കെട്ടിവച്ചുവേണം അപ്പീൽനൽകാൻ.ഒന്നുകിൽകൈവശമുള്ള പണം മുഴുവൻ കെട്ടിവയ്ക്കാം. അല്ലെങ്കിൽ ആസ്തികൾ പണയപ്പെടുത്തി ബാങ്കുകളിൽ നിന്ന് 'അപ്പീൽ ബോണ്ട്' വാങ്ങി നൽകാം. വിധി പ്രസ്താവിച്ച അന്നുമുതൽ 30 ദിവസത്തിനകം പണമടയ്ക്കുകയോ ബോണ്ട് നൽകുകയോ വേണം. അപ്പീൽ തീർപ്പാകാൻ ഒരു വർഷമെങ്കിലും വേണ്ടിവരും. ആ കാലയളവിൽ വിചാരണകോടതിവിധിസ്റ്റേ ചെയ്യാൻ അപ്പീൽ കോടതി തയ്യാറാകുമോ എന്ന് കണ്ടറിയണം.

# അമേരിക്കയെ സേവിക്കാൻ ബൈഡന് പ്രായം വിലങ്ങു തടിയാകുമെന്ന് വോട്ടർമാർ

വാഷിങ്ടൺ: യുഎസ് പ്രസിഡന്റ് ജോ ബൈഡന് പ്രായം 81 വയസ്സാണ്. വീണ്ടും അമേരിക്കൻ പ്രസിഡന്റ് കസേരയിലിരിക്കാൻ ബൈഡന് ഈ പ്രായം ഒരു വിലങ്ങ് തടി ആകുമെന്നാണ് ഭൂരിപക്ഷം വോട്ടർമാരും വിശ്വസിക്കുന്നത്. ഫെബ്രുവരി 15 മുതൽ ഫെബ്രുവരി 19 വരെ നടത്തിയ വോട്ടെടുപ്പിൽ 67 ശതമാനം വോട്ടർമാർ 81കാരനായ പ്രസിഡന്റിന് രണ്ടാമൂഴം ലഭിച്ചാൽ ഫലപ്രദമായി സേവിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ടു.

57 ശതമാനം പേർ ട്രംപിന്റെ കാര്യത്തിലും ഇതേ അഭിപ്രായം മുന്നോട്ട് വച്ചു. അദ്ദേഹത്തിന് 77 വയസ്സാണ്. എന്നാൽ അമേരിക്കയെ സേവിക്കാൻ ട്രംപ് മാനസികമായി യോഗ്യനാണെന്ന് 48 ശതമാനം പേർ വിശ്വസിക്കുന്നു. എങ്കിലും ജിഒപിയിലും ഡെമോക്രാറ്റിക് പ്രസിഡൻഷ്യൽ പ്രൈമറികളിലും പ്രായം ഒരു പ്രധാന വിഷയമായി മാറിയിരിക്കുകയാണ്. ട്രംപിന്റെ പ്രാഥമിക എതിരാളി, മുൻ യു.എൻ അംബാസഡർ നിക്കി ഹേലിയും ഇരുവരുടെയും പ്രായാധിക്യത്തെ വിമർശിച്ചു.

എന്നാൽ ട്രംപും ബൈഡനും തങ്ങളുടെ പ്രായത്തെയും ശാരീരിക ക്ഷമതയെയും കുറിച്ചുള്ള ആശങ്കകൾക്കെതിരെ ആഞ്ഞടിച്ചു.

'എനിക്ക് പ്രായമായി. പക്ഷേ, ഞാൻ ചെയ്യുന്നതെന്താണെന്ന് വ്യക്തമായി അറിയാം. രാജ്യത്തിന്റെ പ്രസിഡന്റാണ് ഞാൻ. ഈരാജ്യത്തെ സ്വന്തംകാലിൽ നിർത്തുന്നയാൾ' ബൈഡൻ പ്രതികരിച്ചു.




*ചണ്ഡീഗഡിൽ വരണാധികാരിയെ ഉപയോഗിച്ച് മേയർ തിരഞ്ഞെടുപ്പ് അട്ടിമറിച്ചത് കോടതി തടഞ്ഞു* – വാർത്ത പേജ് 25

# ഫോമ സെൻട്രൽ റീജിയൻ വനിതാദിന ആഘോഷം മാർച്ച് 9ന്

ഷിക്കാഗോ: നോർത്ത് അമേരിക്കയിലെ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫോമയുടെ സെൻട്രൽ റീജിയൻ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വനിതാദിനം ആഘോഷിക്കുന്നു. മാർച്ച് 9 ശനിയാഴ്ച വൈകുന്നേരം 6മണിക്ക് മോട്ടൻഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ പള്ളിയുടെ ഹാളിൽ (7800 Lyons Street, Mortongrove) വച്ചാണ് പരിപാടികൾ നടക്കുന്നത്.



ഫോമ സെൻട്രൽ റീജിയൻ ആർ.വി.പി. ടോമി എടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ഫോമ നാഷണൽ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, ട്രഷറർ ബിജു തോണീക്കടവിൽ, വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം എന്നിവരുൾപ്പെടെ ഫോമയുടെ വിവിധ നേതാക്കൾ പങ്കെടുക്കുന്നതാണ്. ഇതോടൊപ്പം ആഗസ്റ്റ് 8-11 വരെ പുന്റാകാനായിൽ വച്ച് നടത്തുന്ന നാഷണൽ കൺവെൻഷന്റെ കിക്കോഫും നടത്തപ്പെടുന്നതാണ്. ഫോമ സെൻട്രൽ റീജിയൻ വിമൻസ്ഫോറം ചെയർപേഴ്സൺ ആഷ മാത്യുവിന്റെ നേതൃത്വത്തിൽ വനിതാദിന ആഘോഷങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. "Empower Her: A Celebration of Style and Inclusion" എന്ന പേരിൽ നടത്തുന്ന മെഗാ ഫാഷൻ ഷോ ഇതിന്റെ ഒരു പ്രധാന പരിപാടിയാണ്. ചെയർപേഴ്സൺ ആഷ മാത്യു, കോഡിനേറ്റേഴ്സ് ജൂബി വള്ളിക്കളം, റോസ് വടകര, ശ്രീജ നിഷാന്ത്, ജിനു ടോം, ലിന്റ ജോളീസ്, ശ്രീദേവി പണ്ടാല, ലിസി പീറ്റേഴ് എന്നിവരുടെ നേതൃത്വത്തിൽ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മാർച്ച് 9ന് നടക്കുന്ന ഈ ആഘോഷങ്ങളിലേക്ക് ഏവരേയും കുടുംബസമേതം ക്ഷണിച്ചുകൊള്ളുന്നതായി ഭാരവാഹികൾ അറിയിക്കുന്നു

*ജോഷി വള്ളിക്കളം*

# ഷിക്കാഗോ മലയാളി അസോസിയേഷന്റെ നാഷണൽ യൂത്ത് സമ്മിറ്റ് മെയ് 24, 25 തിയതികളിൽ

ഷിക്കാഗോ: മികച്ച സംഘടനാ പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധയാകർഷിച്ച ഷിക്കാഗോ മലയാളി അസോസിയേഷൻ യുവജനങ്ങളെ അണിനിരത്തി 2024 മെയ് 24, 25 തിയതികളിൽ നാഷണൽ യൂത്ത് സമ്മിറ്റ് സംഘടിപ്പിക്കുമെന്ന് പ്രസിഡന്റ് ജെസി റിൻസി അറിയിച്ചു.




സി.എം.എ സംഘടിപ്പിക്കുന്ന കുടുംബസംഗമത്തോടനുബന്ധിച്ച് നടത്തുന്ന യുവജന സംഗമത്തിന് നിരവധി പ്രത്യേകതകൾ ഉണ്ട്. അമേരിക്കൻ മലയാളികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് തങ്ങളുടെ കുട്ടികൾക്ക് മനസ്സിനിണങ്ങിയ ഒരു ജീവിത പങ്കാളിയെ കണ്ടെത്തുക എന്നത്. ഈ യുവജന സംഗമത്തിൽ കൗൺസിലിംഗ് ക്ലാസുകൾ, വിവിധ കുടുംബങ്ങൾ തമ്മിൽ കാണുന്നതിനും സംസാരിക്കുന്നതിനും അവരുടെ ബന്ധുക്കളെ പരിചയപ്പെടുന്നതിനും അവസരമൊരുക്കും. തങ്ങളുടെ കുട്ടികളുടെ വിവരങ്ങൾ കൈമാറുകയും ആരോഗ്യകരമായ ബന്ധങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാവുകയും ചെയ്യുക എന്നതാണ് നാഷണൽ യൂത്ത് സമ്മിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെ പ്രാദേശിക സംഘടനകളുടെ വിപുലമായ പങ്കാളിത്തവും ഈ സമ്മേളനത്തിന് കരുത്ത് പകരും. വിവാഹ പ്രായമായ ചെറുപ്പക്കാരുടെ സംഗമം കൂടിയായി ഈ പരിപാടിയെ മാറ്റാൻ ക്രമീകരണങ്ങൾ നടത്തും.

അമേരിക്കൻ മലയാളി കുടുംബങ്ങളുടെ വളർച്ച വളർന്നു വരുന്ന യുവസമൂഹത്തിലൂടെയാണ്. അവർക്ക് മലയാളി കുടുംബങ്ങളുമായി ബന്ധപ്പെടുവാനും ഒരു മലയാളി കൂട്ടായ്മ എല്ലാ വിഭാഗങ്ങളിലും ഉണ്ടാക്കിയെടുക്കുവാനും ഈ സംഗമം ഉപകരിക്കുമെന്ന് സി.എം.എ ബോർഡ് അറിയിച്ചു.

അമേരിക്കൻ മലയാളി യുവ സമൂഹത്തെ മലയാളത്തെ സ്നേഹിക്കുന്ന, കുടുംബബന്ധങ്ങളുടെ പവിത്രത മനസ്സിലാക്കുന്ന, സംഘടനാ ബോധമുള്ള ഒരു സമൂഹമായി നിലനിർത്തുവാൻ കഴിയുന്നവരായി വളർത്തുവാൻ സി.എം.എ നാഷണൽ സമ്മിറ്റ് കൊണ്ട് സാധിക്കും. പ്രസ്തുത പരിപാടിയിലേക്ക് അമേരിക്കൻ മലയാളി കുടുംബങ്ങളേയും, യുവജന സമൂഹത്തെയും ഹാർദ്ദവമായി ക്ഷണിക്കുന്നുവെന്ന് പ്രസിഡന്റ് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡന്റ് ഫിലിപ്പ് പുത്തൻ പുരയിൽ, ജോ. സെക്രട്ടറി വിവിഷ് ജേക്കബ്, ജോ. ട്രഷറർ സിബിൽ ഫിലിപ്പ്, യൂത്ത് പ്രതിനിധികളായ സി.ജെ മാത്യു, സാറാ അനിൽ, വനിതാ പ്രതിനിധികളായ ഷൈനി ഹരിദാസ്, ഷാന മോഹൻ, നിഷ സജി, സീനിയർ പ്രതിനിധികളായ വർഗീസ് ടി. മോനി, തോമസ് വിൻസെന്റ്, ബോർഡ് മെമ്പേഴ്സായ ആഗ്നസ് മാത്യു, സന്തോഷ് വി. ജോർജ്, സൂസൻ ചാക്കോ, ബോബി ചിറയിൽ, സജി തയ്യിൽ, ജോസ് മണക്കാട്ട്, റോസ് വടകര, പ്രിൻസ് ഈപ്പൻ, ബിജു മുണ്ടയ്ക്കൽ, കിഷോർ കണ്ണാല, ജോഷി പൂവത്തുങ്കൽ, മാത്യു ജെയ്സൺ, സജി മാലിത്തുരത്തേൽ, എക്സ് ഒഫീഷ്യൽസായ ജോഷി വള്ളിക്കളം, ലീല ജോസഫ് എന്നിവർ അറിയിച്ചു.

*ആൽവിൻ ഷിക്കോർ*




# 'ഗ്ലോറിയ ഇൻ എക്സിൽസിസ്' പുൽക്കൂട് നിർമാണ മത്സര വിജയികൾ



ഷിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് ഷിക്കാഗോ രൂപത സമിതി സംഘടിപ്പിച്ച 'ഗ്ലോറിയ ഇൻ എക്സിൽസിസ്' പുൽക്കൂട് നിർമാണ ഫാമിലി വീഡിയോ മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു.

അനബെൽ സ്റ്റാർ & ഫാമിലി (സെന്റ് ജൂഡ് സിറോമലബാർ കത്തോലിക്ക പള്ളി, ചാന്റിലി, വിർജീനിയ) ഒന്നാം സ്ഥാനവും, ഏഞ്ചൽ ജോസ് & ഫാമിലി (ഡിവൈൻ മേഴ്സി സിറോമലബാർ കത്തോലിക്ക പള്ളി, എഡിൻബർഗ്, ടെക്സാസ്) രണ്ടാം സ്ഥാനവും, ടെസ്സാ ഈപ്പൻ & ഫാമിലി (സെന്റ് ജൂഡ് സിറോമലബാർ കത്തോലിക്ക പള്ളി, ഹമ്മോൻടോൺ, ന്യൂജേഴ്സി) മൂന്നാം സ്ഥാനവും നേടി.

ക്രിസ്തുവാണ് ക്രിസ്തുമസിന്റെ കേന്ദ്രമെന്നുള്ള വസ്തുത ഏവരേയും ഓർമ്മപ്പെടുത്തുന്നതിനു വേണ്ടിയാണ് ഷിക്കാഗോ രൂപതയിലെ കുടുംബങ്ങൾക്കായി 'ഗ്ലോറിയ ഇൻ എസ്സിൽസിസ്' എന്ന പേരിൽ ചെറുപുഷ്പ മിഷൻ ലീഗ് പുൽക്കൂട് നിർമാണ മത്സരം സംഘടിപ്പിച്ചത്.

സോണിയ ബിനോയ് മത്സരത്തിന്റെ കോർഡിനേറ്ററായി പ്രവർത്തിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ് ദാനവേലിൽ, പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ, ജനറൽ സെക്രട്ടറി ടിൻസൺ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി പരിപാടികൾ ക്രമീകരിച്ചു.

# 2024ൽ യുഎസിനെ നയിക്കുക വനിതാ പ്രസിഡന്റോ!

ജോർജ്ജ് വാഷിംഗ്ടണിന് ശേഷം അമേരിക്കക്കാർ ഒരു സ്വതന്ത്ര പ്രസിഡന്റിനെ തിരഞ്ഞെടുത്തിട്ടില്ല. രണ്ട് മുൻനിര നേതാക്കൾ (എന്നാൽ ഇവർക്ക് പറയത്തക്ക ജനപ്രീതിയില്ലെന്ന് പറയുന്നവരാണ് ഭൂരിപക്ഷം) 2024ലെ തിരഞ്ഞെടുപ്പിനെ നേരിടാൻ തയാറായി നിൽക്കുകയാണ്. ഇത് ഒരു വൈൽഡ്കാർഡ് എൻട്രിയിലേയ്ക്ക് പൊതുസമൂഹത്തെ കൊണ്ടുചെന്ന് എത്തിക്കാനുള്ള എല്ലാ സാധ്യതകളും തുറക്കുന്നു.





വൈറ്റ് ഹൗസിലേക്കുള്ള ഓട്ടം ഇതിനോടകം ഫിനിഷിങ് പോയിന്റിലേയ്ക്ക്അടുത്തുകൊണ്ടിരിക്കുകയാണ്. നിരവധി ഡെമോക്രാറ്റിക്, റിപ്പബ്ലിക്കൻ മത്സരാർത്ഥികൾ ഇതിനകം തങ്ങളുടെ പേരുകൾവെളിപ്പെടുത്തിക്കഴിഞ്ഞു. നിലവിലെ പ്രസിഡന്റ് ജോ ഡൈെൻ ഔദ്യോഗികമായി പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ ഭാഗമാണ്. ബൈഡൻ രണ്ടാം തവണയും മത്സരിക്കാനുള്ള തന്റെ ആഗ്രഹം ഔദ്യോഗികമായി പ്രഖ്യാപിച്ച് കഴിഞ്ഞു. ഒരു വീഡിയോ സന്ദേശത്തിലൂടെയായിരുന്നു 80 കാരനായ ബൈഡൻ തന്റെ 2024 കാമ്പെയ്നിനെ പറ്റി പ്രഖ്യാപിച്ചത്.

സ്വാതന്ത്ര്യം സംരക്ഷിക്കേണ്ടതിന്റെയും വിപുലീകരിക്കുന്നതിന്റെയും പ്രാധാന്യവും അദ്ദേഹം ഊന്നിപ്പറയുന്നു. തൊട്ട് പിന്നാലെ ഒന്നിന് പുറകെ ഒന്നായി വിവാദങ്ങളിൽ അകപ്പെട്ട മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും വൈറ്റ് ഹൗസിലേക്കുള്ള മത്സരത്തിൽ ഔദ്യോഗിക സ്ഥാനാർത്ഥിയായി ഉണ്ട്. 2024ലെ തിരഞ്ഞെടുപ്പാണ് അദ്ദേഹത്തിന്റെ മൂന്നാമത്തെ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള മത്സരം. ഇപ്പോൾ ഇതാ യുഎസിന് ഒരു വനിതാ പ്രസിഡന്റിന് ഉണ്ടാകുമെന്ന് ഉറപ്പ് നൽകിയിരിക്കുകയാണ് റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥിയും ഇന്ത്യൻ അമേരിക്കൻ വംശജയുമായ നിക്കി ഹേലി.

താനോ വൈസ് പ്രസിഡന്റ് കമലാ ഹാരിസോ ആസ്ഥാനം വഹിക്കുമെന്നാണ് നിക്കി തറപ്പിച്ച് പറയുന്നത്. ഡൊണാൾഡ് ട്രംപിനും ജോ ബൈഡനും പ്രസിഡന്റാകാൻ കഴിയുന്ന പ്രായമൊക്കെ കഴിഞ്ഞ് പോയെന്നാണ് നിക്കി തുറന്നടിക്കുന്നത്. ആദ്യഘട്ട വോട്ടെടുപ്പുകളിൽ ട്രംപിന് പിന്നിലായിരുന്നു ഹേലി (52). രണ്ടാമതും വൈറ്റ് ഹൗസിലെത്താൻ ശ്രമിക്കുന്ന 77 കാരനായ ട്രംപിനെ പിന്തുണയ്ക്കാൻ ഹേലി തയാറായിരുന്നില്ല. അഭിപ്രായ വോട്ടെടുപ്പ് ഉദ്ധരിച്ച്, പകുതിയിലധികം അമേരിക്കക്കാരും പ്രായമായതിനാൽ ട്രംപിനെയോ ബൈഡനെയോ യുഎസ് പ്രസിഡന്റായി കാണാൻ ആഗ്രഹിക്കുന്നില്ലെന്ന് ഹേലി പറഞ്ഞു. താൻ അദ്ദേഹത്തിനെതിരെ മത്സരിക്കുമ്പോൾ അത് തനിക്ക് ഒരു തരത്തിലും അസ്വസ്ഥത ഉണ്ടാക്കുന്നില്ല. കാരണം ട്രംപോ ബൈഡനോ പ്രസിഡന്റാകുമെന്ന് താൻ കരുതുന്നില്ല. താൻ മത്സരിക്കുന്നതിന്റെ പ്രധാനകാരണവും അതുതന്നെയാണെന്ന് ഹേലി ഒരു അഭിമുഖത്തിൽ പറയുകയുണ്ടായി. 70 ശതമാനം അമേരിക്കക്കാരും ട്രംപിനെയോ ബൈഡനെയോ കാണാൻ ആഗ്രഹിക്കുന്നില്ല. 59 ശതമാനം അമേരിക്കക്കാരും ബൈഡനും ട്രംപിനും പ്രായമുണ്ടെന്ന് കരുതുന്നുവെന്ന് ഹേലി തുറന്ന് പറഞ്ഞു.

അവിടെയാണ് താൻ പ്രവർത്തിക്കാൻ ശ്രമിക്കുന്നത്. 80 വയസുള്ള ഒരു സ്ഥാനാർത്ഥിയെ ഒഴിവാക്കുന്ന പാർട്ടി ആയിരിക്കും വിജയിക്കുക. അതുകൊണ്ടാണ് താൻ പറയുന്നത് യുഎസിൽ ഒരു വനിതാ പ്രസിഡന്റ് ഉണ്ടാകും എന്ന്. അത് ഞാനോ കമലാ ഹാരിസോ ആയിരിക്കുമെന്നും അവർ കൂട്ടിച്ചേർത്തു. റിപ്പബ്ലിക്കൻ പാർട്ടി ട്രംപിനെ നോമിനേറ്റ് ചെയ്താൽ കമലാ ഹാരിസ് പ്രസിഡന്റാകില്ലെന്നും ഹേലി പറഞ്ഞു. എന്നാൽ ആ സ്ഥാനത്തേയ്ക്ക് വരുന്നത് താനായിരിക്കുമെന്ന് ഉറപ്പിക്കാമെന്നും ഹേലി പറഞ്ഞു.

ഫെബ്രുവരി 24ന് അവളുടെ സ്വന്തം സംസ്ഥാനമായ സൗത്ത് കരോലിനയിൽ ഗവർണറായി സേവനമനുഷ്ഠിച്ച റിപ്പബ്ലിക്കൻ പ്രൈമറിക്ക് മുന്നോടിയായാണ് ഹേലിയുടെ അഭിപ്രായങ്ങൾ എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. തന്റെ പ്രചാരണത്തിലുടനീളം താൻ ഉന്നയിച്ച ട്രംപിന്റെ നിയമപരമായ പ്രശ്നങ്ങളെ പരാമർശിച്ച് 'കോടതി കേസുകളിൽ ഉൾപ്പെടാത്ത ഒരു പുതിയ തലമുറ നേതാവ്' എന്നും ഹാലി തന്നെപ്പറ്റി ഊന്നിപ്പറഞ്ഞതായി ആക്സിയോസ് റിപ്പോർട്ട് ചെയ്തു.

'എല്ലാ വോട്ടെടുപ്പും കാണിക്കുന്നത് ട്രംപ് വീണ്ടും ജയിക്കില്ലെന്ന വ്യക്തമായ സൂചന നൽകുന്നു,' നിക്കി ഹേലി പറഞ്ഞു. 'പക്ഷേ, ഇതുകൊണ്ട് നമ്മുടെ പോരാട്ടം അവസാനിച്ചില്ല. നമുക്ക് ഒരു വനിത പ്രസിഡന്റ് വേണമെന്നാണ് നമ്മുടെ സ്വപ്നം. നമ്മൾ അതിനായി കഠിനാധ്വാനം ചെയ്യും, വിജയിക്കും. ദീർഘകാലമായി നമ്മൾ പരിശ്രമിച്ചുവരുന്ന കാര്യമാണിത്, ഇപ്പോൾ വിജയം നമ്മുടെ കൈകളിലാണ്.'

'ഇനി വിജയം നേടാനുള്ള വഴികളേ കുറിച്ചാണ് ചിന്തിക്കേണ്ടത്. എങ്ങനെ ജയിക്കണം എന്ന ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്തണം. ജനങ്ങളെ നമ്മുടെ കൂടെ നിർത്താനും അവരുടെ വിശ്വാസം നേടാനും നമുക്ക് സാധിച്ചാൽ 2024 ൽ ചരിത്രം സൃഷ്ടിക്കാൻ കഴിയും,' ഹേലി കൂട്ടിച്ചേർത്തു.

'ഇത് സ്വപ്നം കാണാനുള്ള സമയമാണ്. 2024 ൽ വനിതാ പ്രസിഡന്റ് സ്ഥാനമേൽക്കുന്നത് നമ്മൾ സാക്ഷ്യം വഹിക്കും. അതിനുള്ള കഠിനാധ്വാനത്തിന് നമ്മൾ ഒരുമിച്ച് തയ്യാറെടുക്കണം,' ഹേലി ജനങ്ങളോട് ആഹ്വാനം ചെയ്തു.

## മെക്സിക്കോയിലെ ഏറ്റവും ഉയരമുള്ള പർവതത്തിൽ 2 പർവതരോഹകർ മരിച്ചു; ഒരാളെ കാണാതായി

മെക്സിക്കോയിലെ ഏറ്റവും ഉയരം കൂടിയ പർവതമായ പിക്കോ ഡി ഒറിസാബയിൽ കയറിയ പർവതാരോഹരിൽ രണ്ടു പേർ മരിക്കുകയും ഒരാളെ കാണാതാവുകയും ചെയ്തതായി റിപ്പോർട്ട്.



18,619 അടി ഉയരമുള്ള അഗ്നിപർവ്വത കൊടുമുടിയിലേക്ക് കയറിയ ഒരു ഗൈഡിന്റെ മൃതദേഹം രക്ഷാപ്രവർത്തകർ കണ്ടെത്തിയതായി മധ്യ സംസ്ഥാനമായ പ്യൂബ്ലയിലെ അധികാരികൾ ചൊവ്വാഴ്ച അറിയിച്ചു. 12 അംഗ പർവതാരോഹ ഗ്രൂപ്പിലെ മറ്റൊരാൾ നേരത്തെ ഈ കൊടുമുടിയിൽ വച്ച് മരിച്ചു എന്നും അധികൃതർ അറിയിച്ചു.

ഏകദേശം 15,000 അടി ഉയരത്തിലാണ് ഗൈഡിന്റെ മൃതദേഹം കണ്ടെത്തിയത്. ബുധനാഴ്ച മൃതദേഹം മലയിൽനിന്ന് താഴെ കൊണ്ടു വന്നു. കാണാതായ സംഘത്തിലെ മറ്റൊരു പർവതാരോഹകനായി തിരച്ചിൽ തുടരുകയാണെന്ന് സംസ്ഥാന ആഭ്യന്തര വകുപ്പ് അറിയിച്ചു.

ശനിയാഴ്ചയാണ് സംഘം മല കയറാൻ തുടങ്ങിയതെന്ന് സംസ്ഥാന സിവിൽ ഡിഫൻസ് ഓഫീസ് അറിയിച്ചു, എന്നാൽ പ്രതികൂല കാലാവസ്ഥയെ തുടർന്ന് വഴി തെറ്റി. അഞ്ച് പേർ ഞായറാഴ്ച സ്വയം ഇറങ്ങി, മറ്റ് നാല് പേരെ മലയിൽ നിന്ന് രക്ഷപ്പെടുത്തി എന്നും അധികൃതർ അറിയിച്ചു.

അതേസമയം കൊടുമുടിയിലെ ഇത്തരം അപകടങ്ങൾ അസാധാരണമല്ല. 2015 മുതൽ രക്ഷാപ്രവർത്തകരും പർവതാരോഹകരും അവിടെ മഞ്ഞിൽ നിന്ന് കുറഞ്ഞത് മൂന്ന് മൃതദേഹങ്ങൾ എങ്കിലും കണ്ടെത്തിയിട്ടുണ്ട്. സമീപ വർഷങ്ങളിൽ പിക്കോ ഡി ഒറിസാബയിൽ കുറഞ്ഞത് ആറ് പേരെങ്കിലും മരിച്ചു എന്നാണ് കണക്കുകൾ.

2023ൽ നാല് മെക്സിക്കൻ പൗരന്മാർ മലകയറാനുള്ള ശ്രമത്തിനിടെ അപകടത്തിൽ മരിച്ചു. നേരത്തെ, 2018 ൽ, മെക്സിക്കോയിലെ യുഎസ് നയതന്ത്ര ദൗത്യത്തിലെ ഒരു അംഗം മറ്റൊരു മലകയറ്റത്തിനിടയിൽ മരിച്ചിരുന്നു.






# റായ് ബറേലിയിലെ പുതിയ അവകാശി?



തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ രജത ജൂബിലി പിന്നിടുമ്പോൾ കോൺഗ്രസ് നേതാവ് സോണിയാഗാന്ധി ഇരിപ്പിടം ഒന്നു മാറ്റി. പച്ച പരവതാനിയിൽനിന്ന് ചുവപ്പിലേക്ക്. രാജസ്ഥാനിൽനിന്ന് രാജ്യസഭയിലേക്ക് പോകുമ്പോൾ ഒഴിച്ചിടുന്ന റായ്ബറേലിയിൽ അപ്പോൾ പുതിയ അവകാശി വേണ്ടേ?

അത് ഗാന്ധി കുടുംബത്തിൽനിന്ന് തന്നെ ഒരാളായിരിക്കും എന്നതിൽ കോൺഗ്രസ് നേതാവ് ജയറാം രമേശിന് തെല്ലും സംശയമില്ല. മഹാഭൂരിപക്ഷം കോൺഗ്രസ് നേതാക്കളും പ്രവർത്തകരും അതുതന്നെ ആഗ്രഹിക്കുന്നുണ്ടാകും. അത് ആരായിരിക്കും?

സത്യത്തിൽ കോൺഗ്രസിന് മുന്നിൽ മൂന്ന് വഴികളുണ്ട്.

ഓപ്ഷൻ വൺ: പ്രിയങ്ക ഗാന്ധിയെ ഇളം മുറക്കാരിയാക്കി, എക്കാലവും നെഹ്റു കുടുംബത്തെ ചേർത്തു നിർത്തിയ മണ്ഡലം കൈവിടാതെ സൂക്ഷിക്കുക.

ഓപ്ഷൻ ടു: രാഹുൽ ഗാന്ധിയെ റായ്ബറേലി ഏൽപ്പിച്ച് പ്രിയങ്കയെ അമേത്തി തിരിച്ചുപിടിക്കാനുള്ള ദൗത്യമേൽപ്പിക്കുക. ധൈര്യമുണ്ടെങ്കിൽ അമേത്തിയിൽ വീണ്ടും മത്സരിക്കൂ എന്ന സ്മൃതി ഇറാനിയുടെ വെല്ലുവിളിക്ക് മറ്റൊരു മറുപടി. രാഷ്ട്രീയത്തിൽ പരീക്ഷണങ്ങൾ എന്നും ത്രസിപ്പിക്കുന്നതാണല്ലോ.

ഓപ്ഷൻ ത്രി: ജയറാം രമേഷിനെ പോലെയുള്ള എല്ലാ കോൺഗ്രസ് നേതാക്കളുടെയും പ്രതീക്ഷകളെയും ആഗ്രഹങ്ങളെയും തല്ലിക്കെടുത്തി നെഹ്റു കുടുംബത്തിന് പുറത്തുനിന്ന് ഒരാളെ റായ് ബറേലിയിൽ സ്ഥാനാർഥിയാക്കുക. മണ്ഡലം ഒരു കുടുംബത്തിന് തീറെഴുതി കൊടുത്തു എന്ന ബി.ജെ.പിയുടെ നിരന്തര പരിഹാസത്തിനുള്ള മറുപടി.

മൂന്നാം ഓപ്ഷൻ ആർക്കും അത്ര സ്വീകാര്യമാകില്ല. രാഷ്ട്രീയ മത്സരം, പരീക്ഷണങ്ങളിലൂടെ കൈവിടേണ്ട ഒന്നല്ലല്ലോ. ജയം ഉറപ്പാക്കുന്ന ഫോർമുലകൾ ഉണ്ടാക്കുക തന്നെയാണ് പ്രധാനം.

കോൺഗ്രസ്തെരഞ്ഞെടുക്കുന്നഏത് ഓപ്ഷനും മേലെ, കിട്ടിയ അവസരം നഷ്ടപ്പെടാതെ നോക്കുക എന്നതാകും ബി.ജെ.പിയുടെ മുഖ്യലക്ഷ്യം. 'അമേത്തി കേവൽ ഝാക്കി ഹെ, റായ് ബറേലി ബാക്കി ഹെ' എന്ന് വിളിക്കാനുള്ള പണവും തന്ത്രവും ബി.ജെ.പി ഒഴുക്കി തുടങ്ങിയിട്ടുണ്ടാകണം. ഇലക്ടറൽ ബോണ്ട് ഇല്ലാത്തപ്പോഴും നോട്ട് നിരോധിച്ചപ്പോഴുമെല്ലാം കുചേല കഥയുടെ സംഗ്രഹം ഉരുവിട്ടുകൊണ്ട് ഫണ്ട് വരാനും ചെലവഴിക്കാനുമുള്ള തന്ത്രങ്ങൾ നന്നായി മനസ്സിലാക്കിയ പാർട്ടിയാണ് ബി.ജെ.പി.

റായ് ബറേലിയുടെ ചരിത്രം ചികഞ്ഞാൽ കോൺഗ്രസിന് ആശ്വാസവും പൊള്ളലും നൽകിയത് ഓർമ്മയിലെത്തും. 1952ൽ ഫിറോസ് ഗാന്ധി ജയിച്ചതു മുതൽ ഇങ്ങോട്ട് മൂന്ന് തവണ മാത്രമേ പാർട്ടിക്ക് മണ്ഡലം കൈവിട്ടുപോയിട്ടുള്ളൂ എന്നതാണ് ആശ്വാസം. പക്ഷെ 1977ൽ, അടിയന്തരാവസ്ഥ കഴിഞ്ഞയുടൻ, ഇന്ദിരാഗാന്ധിയെ വീഴ്ത്തി ജനതാ പാർട്ടി നേതാവ് രാജ് നാരായൺ ജയിച്ചത് ഒരു ദുഃസ്വപ്നമായി എന്നും കോൺഗ്രസിനെ വേട്ടയാടും. 1996ലും 98ലും ബി.ജെ.പിയുടെ അശോക് സിങ് ജയിച്ചത് മാത്രമാണ് മറ്റൊരു അപവാദം. 1999ൽ അമേത്തിയിൽ തെരഞ്ഞെടുപ്പുപോര് തുടങ്ങിയ സോണിയ ഗാന്ധി, 2004ൽ ആ മണ്ഡലം രാഹുലിന് ഒഴിഞ്ഞുകൊടുത്താണ്, റായ്ബറേലിയിലേക്ക് ചേക്കേറിയത്. പിന്നെ നാല് തെരഞ്ഞെടുപ്പുകളിലും തുടർച്ചയായി അവിടെ ജയിച്ചു. ഇടയ്ക്ക് ഇരട്ടപദവി കുരുക്കിൽ പെട്ട് രാജിവെച്ച് വീണ്ടും ജനവിധി തേടിയപ്പോഴും റായ്ബറേലി സോണിയയെയും കോൺഗ്രസിനെയും കൈവിട്ടില്ല.

സോണിയയ്ക്ക്മുമ്പ്ഇന്ദിരാഗാന്ധി മൂന്ന് തവണ അവിടെ ജയിച്ചു. അതിന് മുമ്പ് രണ്ട് തവണ, 1952ൽ ഇന്ത്യയിലെ ആദ്യ പൊതുതെരഞ്ഞെടുപ്പിലും 57ലും ഇന്ദിരയുടെ ഭർത്താവ് കൂടിയായ കോൺഗ്രസ്നേതാവ്ഫിറോസ്ഗാന്ധിയെ ജയിപ്പിച്ചു. 1980ലും 84ലും നെഹ്റുവിന്റെ ചെറു അനന്തരവൻ അരുൺ നെഹ്റു ജയിച്ചു. 1989ലും 91ലും നെഹ്റു കുടുംബത്തിൽനിന്നുള്ള ഷീല കൗൾ മണ്ഡലം കോൺഗ്രസിനായി ഉറപ്പിച്ചു. 1960ലെ ഉപതെരഞ്ഞെടുപ്പിലും 62ലും 99ലും മാത്രമാണ് നെഹ്റു കുടുംബത്തിന് പുറത്ത് ഒരാൾ ആ മണ്ഡലത്തിൽ കോൺഗ്രസിനായി ജനവിധി തേടിയത്.

സോണിയ ഗാന്ധി ഒരുകാര്യം തിരിച്ചറിഞ്ഞിട്ടുണ്ട്. വയസ്സ് 77 പിന്നിട്ടു. രോഗം കലശലായി. പൊതുതെരഞ്ഞെടുപ്പിന്റെ തിരക്കുകളിലേക്ക് വീണ്ടും ആഴ്ന്നിറങ്ങുന്നതിനേക്കാൾ നല്ലത് പുതു തലമുറയ്ക്ക് വഴിമാറുകയെന്നതാണ്. പ്രിയങ്ക മത്സര രംഗത്തേക്ക് വരുമ്പോൾ അത് കോൺഗ്രസിന് കൂടുതൽ ഉണർവുണ്ടാകും എന്നത് തർക്കമില്ല. മാത്രമല്ല, ദേശീയ തലത്തിൽ റായ്ബറേലി മത്സരത്തിന് ഇത്തവണ ഉശിര് കൂടുകയും ചെയ്യും. 2019ൽ അമേത്തിയിൽ തോറ്റെങ്കിലും രാഹുൽ ഗാന്ധി ഇത്തവണ വീണ്ടും അവിടെകൂടി ജനവിധി തേടാം എന്ന് തീരുമാനിച്ചാൽ, യുപി കോൺഗ്രസിൽ മാത്രമല്ല, ദേശീയ തലത്തിൽ തന്നെ അത് കോൺഗ്രസ് പ്രവർത്തകർക്ക് കൂടുതൽ ആത്മവിശ്വാസമേകുന്നതാകും.

### ബി.ജെ.പിക്ക് ഉണ്ടോ പ്ലാൻ എയും ബിയും?

കോൺഗ്രസ് മുക്തഭാരതം യാഥാർഥ്യമാക്കുക എന്നതാണ് ബി.ജെ.പിയുടെ ലക്ഷ്യം. സോണിയ, രാഹുൽ, പ്രിയങ്ക എന്നിങ്ങനെ നെഹ്റുഗാന്ധി കുടുംബത്തെ നേരിട്ട് എതിർത്തും വരിഞ്ഞുമുറുക്കാനുമുള്ള ശ്രമം രാഷ്ട്രീയമായും ഭരണതലത്തിലും ബി.ജെ.പി നിരന്തരം പ്രയോഗിക്കുന്നു. അമേത്തിയിൽ അതിന്റെ ഫലം കഴിഞ്ഞതവണ കണ്ടു. തോൽവി ആദ്യമേ മുന്നിൽകണ്ടാണ് രാഹുൽ കേരളത്തിൽ വയനാട്ടിലേക്ക് കൂടി കാലുവെച്ചത്. സോണിയ ഇത്തവണ ഉണ്ടായാലും ബി.ജെ.പിയുടെ ലക്ഷ്യം റായ് ബറേലി കൂടി സ്വന്തമാക്കുകയെന്നതാകും. യുപിയിൽ കോൺഗ്രസിന് സീറ്റ് വട്ടപൂജ്യം എന്ന ലക്ഷ്യം. സോണിയ മാറുമ്പോൾ ബി.ജെ.പിക്ക് പ്ലാൻ എ മാത്രം മതിയാകുമോ? പ്രിയങ്ക അണികൾക്കിടയിൽ ഒരുപക്ഷെ സോണിയയേക്കാൾ ആരവവും ആത്മവിശ്വാസവും നൽകുന്ന സ്ഥാനാർഥിയാകും. രാഹുൽ വരുന്നതിന് മുന്നേ ഇന്ദിരയുടെ മുഖച്ഛായയോടെ കോൺഗ്രസിന്റെ പുതുനേതാവായി പ്രിയങ്കയെ സ്വീകരിച്ചവരാണ് ബഹുഭൂരിപക്ഷം വരുന്ന കോൺഗ്രസ് പ്രവർത്തകർ. അവരുടെ ആവേശത്തെ തളർത്താൻ ബി.ജെ.പിക്ക് നന്നായി പ്രയത്നിക്കേണ്ടിവരും.

അമേത്തിയിൽനിന്ന് റായ് ബറേലിയിലേക്ക് കഷ്ടി 60 കിലോമീറ്റർ മാത്രമേയുള്ളൂ. അയോധ്യയിൽനിന്ന് 120 കിലോമീറ്ററും. രാഹുലിനെ വീഴ്ത്തിയ ആവേശവും രാമക്ഷേത്രമെന്ന ബി.ജെ.പിയുടെ ബൂസ്റ്റർ ഡോസും മാത്രം മതിയാകുമോ റായ്ബറേലിയിലെ പ്രിയങ്കയുടെ ഊർജത്തെ പിടിച്ചുകെട്ടാൻ. കോൺഗ്രസ് രാഷ്ട്രീയത്തെ ഏറെക്കുറേ പൂർണമായി കയ്യൊഴിഞ്ഞ യുപിയിൽ ബി.ജെ.പിയുടെ തീവ്രഹിന്ദുത്വവേരുകൾ നല്ലതുപോലെ ആഴ്ന്നിറങ്ങിയിട്ടുണ്ട്. അതിലൂന്നിയാകും ബി.ജെ.പിയുടെ പ്ലാൻ എ. ആ തറയിൽനിന്ന് റായ് ബറേലികൂടി പിടിച്ചെടുക്കാൻ നരേന്ദ്രമോദിക്കും അമിത്ഷായ്ക്കും മറ്റൊരു സ്മൃതി ഇറാനിയെ കണ്ടെത്തേണ്ടിവരും.

ചൗക്കിദാർ

MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED
MEDICARE
Medicare coverage can be confusing and it is important to make the best decision for you and your health.
There are four different parts of Medicare:
Part A Hospital Insurance
Part C $0 Premium Medicare Advantage Plans
Part B Medical Insurance
Part D Prescription Drug Coverage
Medicare Supplement Plans Offered by Various Companies at Competitive Rates
CALL or TEXT RAJ SURENDRAN
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com
There is no obligation,
All consultations are FREE!



## സ്പോർട്സ് ആരാധകരെ ലക്ഷ്യമിട്ട് ആപ്പിളിന്റെ പുതിയ ആപ്പ്

സ്പോർട്സ് ആരാധകരെ ലക്ഷ്യമിട്ട് പുതിയ ആപ്പുമായി ആപ്പിൾ ഫോൺ. തത്സമയം ഒന്നിലധികം ലീഗുകളിൽ മത്സരിക്കുന്ന ടീമുകളുടെ സ്കോറുകളും മറ്റ് ഡാറ്റയും ഉപയോക്താക്കൾക്ക് നൽകാൻ ആപ്പിളിന്റെ പുതിയ സ്പോർട്സ് ആപ്പ് സഹായിക്കുന്നു.

ആപ്പിനുള്ളിൽ പ്ലേബൈപ്ലേ വിവരങ്ങൾ, ടീം സ്ഥിതിവിവരക്കണക്കുകൾ, ലൈനപ്പ് വിശദാംശങ്ങൾ, തത്സമയ വാതുവെപ്പ് സാധ്യതകൾ എന്നിവ പര്യവേക്ഷണം ചെയ്യാമെന്നും ടെക് ഭീമൻ പറയുന്നു.



അമേരിക്ക വാചകം

# ജോ ബൈഡനും എബ്രഹാം ലിങ്കണും തമ്മിലെന്ത്?



അമേരിക്കൻ ആഭ്യന്തര യുദ്ധകാലത്ത് 1864 മാർച്ച് 21ന്, വിർജീനിയയിലെ റാപ്പഹാനോക്ക് നദിക്കരയിലുള്ള യൂണിയൻ ആർമിയുടെ ശീതകാല ക്യാമ്പിന്റെ ഒരു ഭാഗത്ത് ചെറിയ സംഘർഷം ഉടലെടുത്തു. വൈകുന്നേരം നടന്ന ഈ സംഘർഷത്തിന്റെ ബാക്കിയെന്നോണം യൂണിയൻ ആർമിയിലെ രണ്ട് സിവിലിയൻ ജീവനക്കാരായ, മോസസ് ജെ. റോബിനറ്റ്, ജോൺ ജെ. അലക്സാണ്ടർ എന്നിവർ തമ്മിൽ വാക്കേറ്റമുണ്ടായി. സൈനികർ ഭക്ഷണം കഴിക്കുന്ന ഒരു ഡൈനിംഗ് ടെന്റിലായിരുന്നു ഈ സംഘർഷം.

സംഘർഷത്തിൽ അലക്സാണ്ടറിന് കത്തികൊണ്ട് മുറിവേറ്റു, റോബിനറ്റിനെ കൊലപാതക കുറ്റം ചുമത്തി തൽഫലമായി, അറസ്റ്റു ചെയ്യുകയും ഫ്ലോറിഡയ്ക്കടുത്തുള്ള ഒരു ജയിലിൽ തടവിൽ പാർപ്പിക്കുകയും ചെയ്തു. ഒറ്റപ്പെട്ടതായി തോന്നുമെങ്കിലും 160 വർഷം പഴക്കമുള്ള ഈ സംഭവത്തെ രണ്ട് അമേരിക്കൻ പ്രസിഡന്റുമാരുടെ ചരിത്രവുമായി ബന്ധിപ്പിക്കുന്നതാണ്. പതിനാറാമത്തെ അമേരിക്കൻ പ്രസിഡന്റ് എബ്രഹാം ലിങ്കണും നിലവിലെ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനുമാണ് ആ പ്രസിഡന്റുമാർ.

ലിങ്കണിൽ നിന്ന് മാപ്പ് ലഭിച്ച റോബിനറ്റ് ബൈഡന്റെ മുതുമുത്തച്ഛനായിരുന്നു. ജോസഫ് റോബിനറ്റ് ബൈഡന്റെ കുടുംബചരിത്രം പടിഞ്ഞാറൻ മേരിലാൻഡിൽ നിന്നുള്ള അദ്ദേഹത്തിന്റെ പൂർവ്വികരിലൊരാളായ മോസസ് ജെ. റോബിനറ്റിൽ നിന്നാണ്. എന്നിരുന്നാലും, അടുത്ത കാലം വരെ മോസസ് റോബിനെറ്റിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാഷിംഗ്ടണിലെ നാഷണൽ ആർക്കൈവ്സിൽ നിന്ന് കണ്ടെത്തിയ റോബിനറ്റിന്റെ കോർട്ട്മാർഷ്യൽ രേഖകൾ, നിലവിലെ പ്രസിഡന്റിന്റെ കഥ യു.എസ് ചരിത്രത്തിലെ ഏറ്റവും പ്രശസ്തനായ പ്രസിഡന്റുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കുന്നതാണ്.

1861ൽ, മോസസ് റോബിനറ്റിന് 42 വയസ്സായിരുന്നു, വിവാഹിതനായതിന് ശേഷം, വിർജീനിയയിലെ ഗ്രാഫ്റ്റണിലെ ബാൾട്ടിമോർ, ഒഹായോ റെയിൽറോഡ് ജംഗ്ഷനുകൾക്ക് സമീപം ഒരു ഹോട്ടൽ നടത്തിയിരുന്നു. അക്കാലത്ത്, വിർജീനിയയുടെ പടിഞ്ഞാറൻ ഭാഗത്തുള്ള നിരവധി ആളുകൾ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ (യൂണിയൻ) ഭാഗമായി തുടരുന്നതിനെ പിന്തുണച്ചു. മലയോര പ്രദേശങ്ങളിൽ ഈ വികാരം പ്രത്യേകിച്ച് ശക്തമായിരുന്നു. ഒടുവിൽ, ഈ വികാരങ്ങൾ വെസ്റ്റ് വിർജീനിയ എന്ന പുതിയ സംസ്ഥാനം സൃഷ്ടിക്കുന്നതിലേക്ക് നയിച്ചു.

പിരിമുറുക്കങ്ങൾ വർദ്ധിക്കുകയും രാജ്യം യുദ്ധത്തിലേക്ക് അടുക്കുകയും ചെയ്തപ്പോൾ, വിർജീനിയയിലെ ആളുകൾ യൂണിയൻ വേർപിരിയൽ (വിടുന്നത്) അംഗീകരിക്കാത്തവർ കൂടുതൽ ശബ്ദമുയർത്തി. യൂണിയൻ വിടുന്നത് തടയാൻ ശ്രമിച്ചതിന് വെർജീനിയ കൺവെൻഷനിൽ നിന്ന് പടിഞ്ഞാറൻ കൗണ്ടികളിൽ നിന്നുള്ള പ്രതിനിധികളെ പുറത്താക്കിയതിന് ശേഷം ഈ വികാരം കൂടുതൽ ശക്തമായി.

ആഭ്യന്തരയുദ്ധകാലത്ത്, പടിഞ്ഞാറൻ വിർജീനിയയിൽ റെയിൽപാത നിയന്ത്രിക്കുന്നത് ആരാണെന്നതിനെച്ചൊല്ലി ഒരു സംഘർഷം നടന്നു. 1861 ജൂൺ പകുതിയോടെ യൂണിയൻ പട്ടാളക്കാർ ഗ്രാഫ്ടൺ ഏറ്റെടുക്കുകയും ആറുമാസത്തിനുള്ളിൽ കോൺഫെഡറേറ്റ് സൈനികരെ പ്രദേശത്ത് നിന്ന് പുറത്താക്കുകയും ചെയ്തു. റോബിനറ്റിന്റെ കുടുംബത്തെ സംബന്ധിച്ച് ആയാസകരമായ സമയമായിരുന്നു. മോസസ് റോബിനെറ്റിന്റെ ഭാര്യ ജെയ്ൻ മരിച്ചു, അവരുടെ ഹോട്ടൽ നശിപ്പിക്കപ്പെട്ടു. തന്റെ ഇളയ കുട്ടികളെ സുരക്ഷിതമാക്കാൻ, മോസസ് വിർജീനിയ വിട്ട് മേരിലാൻഡിലെ അലെഗാനി കൗണ്ടിയിൽ ഉള്ള തന്റെ കുടുംബത്തിലേക്ക് മടങ്ങി.

1862ന്റെ അവസാനത്തിലോ 1863ന്റെ തുടക്കത്തിലോ, റോബിനറ്റിന് ഒരു സിവിലിയൻ വെറ്ററിനറി സർജനായി യുഎസ് ആർമി കാർട്ടർമാസ്റ്റർ ഡിപ്പാർട്ട്മെന്റിൽ ജോലി ലഭിച്ചു. പോട്ടോമാക്കിന്റെ റിസർവ് ആർട്ടിലറിയുടെ സൈന്യത്തിന് വെടിമരുന്ന് കയറ്റിയ വണ്ടികൾ വലിക്കുന്ന കുതിരകളെയും കോവർ കഴുതകളെയും പരിപാലിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ജോലി. അദ്ദേഹത്തിന് ഔപചാരിക മെഡിക്കൽ പരിശീലനം ഇല്ലെങ്കിലും, ആഭ്യന്തരയുദ്ധകാലത്ത് ഔപചാരിക യോഗ്യതയില്ലാത്ത ആളുകൾ അത്തരം വേഷങ്ങളിൽ പ്രവർത്തിക്കുന്നത് അസാധാരണമായിരുന്നില്ല. പത്തൊൻപതാം നൂറ്റാണ്ടിൽ യൂറോപ്പിന് പുറത്ത് കുറച്ച് വെറ്റിനറി കോളേജുകൾ നിലവിലുണ്ടായിരുന്നു. ഒന്നാം ലോക മഹായുദ്ധം വരെ ഒരു ഔദ്യോഗിക ആർമി വെറ്റിനറി കോർപ്സ് സൃഷ്ടിക്കാൻ കോൺഗ്രസ് വിസമ്മതിച്ചു.

ആ മാർച്ച് വൈകുന്നേരം ബെവർലി ഫോർഡിനടുത്ത്, ഒരു ബ്രിഗേഡ് വാഗൺ മാസ്റ്ററായി ജോലി ചെയ്തിരുന്ന ജോൺ ജെ. അലക്സാണ്ടർ, മോസസ് റോബിനറ്റ് തന്നെക്കുറിച്ച് പാചകക്കാരിയോട് പറയുന്നത് കേട്ടു. അലക്സാണ്ടർ അസ്വസ്ഥനായി, റോബിനറ്റിനോട് എന്താണ് ഉദ്ദേശിച്ചതെന്ന് ചോദിക്കാൻ മെസ് ഷാന്റിലേക്ക് പോയി. അവർ രണ്ടുപേരും ദേഷ്യപ്പെടുകയും, വാക്കേറ്റം ഉണ്ടാവുകയും ചെയ്തു. തുടർന്ന് റോബിനറ്റ് തന്റെ പോക്കറ്റിൽ സൂക്ഷിച്ച കത്തികൊണ്ട് കുത്തി. സംഘർഷത്തെത്തുടർന്ന് ക്യാമ്പ് വാച്ച്മാൻമാർ എത്തി റോബിനറ്റിനെ പിടികൂടി.

മോസസ് റോബിനറ്റിന്റെ സൈനിക വിചാരണ ആരംഭിക്കുന്നതിന് ഏകദേശം ഒരു മാസമെടുത്തു. മദ്യപിച്ച് അപകടകരമായ വാക്ക് തർക്കം ഉണ്ടായി, ഇത് സൈനിക നിയമങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ, തർക്കത്തിനിടെ ആയുധം ഉപയോഗിച്ചതിനാൽ, കൊലപതകശ്രമവും അദ്ദേഹത്തിനെതിരായ കുറ്റത്തിൽ ഉൾപ്പെട്ടിരുന്നു. മോസസ് റോബിനറ്റ് സാധാരണയായി ഉല്ലാസവാനും സജീവനുമായ വ്യക്തിയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറയുന്നു. വിചാരണയ്ക്കിടെ, വഴക്കുണ്ടാകുന്നതിന് മുമ്പ് റോബിനറ്റോ അലക്സാണ്ടറോ മദ്യപിച്ചിരുന്നോ എന്നതിനെക്കുറിച്ച് ആളുകൾക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിരുന്നു.

വിചാരണയ്ക്കിടെ റോബിനറ്റ് തന്റെ അവസാന മൊഴിയിൽ, സ്വയം സംരക്ഷിക്കാനാണ് കത്തി ഉപയോഗിച്ചതെന്ന് പറഞ്ഞു. സംഭവത്തിന് മുമ്പോ ശേഷമോ തനിക്ക് അലക്സാണ്ടറിനോട് മറ്റു ദേഷ്യങ്ങൾ ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം അവകാശപ്പെട്ടു. വഴക്കിനിടയിൽ അലക്സാണ്ടർ തന്നെ പിടികൂടിയതായും സ്വയം പ്രതിരോധിക്കേണ്ടി വന്നതായും അദ്ദേഹം പറയുന്നു.

എന്നാൽ വാദം കേട്ട ജഡ്ജിമാർ റോബിനറ്റിന്റെ വാദങ്ങൾ അംഗീകരിച്ചില്ല. അടുത്ത ദിവസം, ഏകകണ്ഠമായി പുറപ്പെടുവിച്ച വിധിയിൽ ''കൊലപ്പെടുത്താനുള്ള ശ്രമം'' ഒഴികെ മറ്റെല്ലാ കുറ്റങ്ങളും ചുമത്തപ്പെട്ടു. രണ്ടുവർഷത്തെ തടവായിരുന്നു ശിക്ഷ. മോസസ് റോബിനറ്റ് കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിന് ശേഷം, സൈന്യത്തിന്റെ രേഖാചിത്രങ്ങളിലൂടെയും നടപടിക്രമങ്ങളിലൂടെയും കടന്നുപോകാൻ അദ്ദേഹത്തിന് ഏകദേശം മൂന്ന് മാസത്തോളം കാത്തിരിക്കേണ്ടി വന്നു.

ശിക്ഷയുടെ ഭാഗമായി റോബിനറ്റിനെ ഫ്ലോറിഡയിലെ കീ വെസ്റ്റിനടുത്തുള്ള ഡ്രൈ ടോർട്ടുഗാസ് ദ്വീപുകളിലേക്ക് അയച്ചു. മെക്സിക്കോ ഉൾക്കടലിലെ തെക്കൻ തീരത്തെയും കപ്പൽപ്പാതകളെയും പ്രതിരോധിക്കാൻ നിർമ്മിച്ച ഒരു വലിയ ഇഷ്ടിക കോട്ടയായിരുന്നു ഫോർട്ട് ജെഫേഴ്സൺ സ്ഥിതി ചെയ്യുന്ന ഡ്രൈ ടോർട്ടുഗാസ് ദ്വീപുകൾ. മെയിൻലാൻഡ് ജയിലുകളിൽ മതിയായ ഇടമില്ലാതിരുന്നപ്പോൾ ഫോർട്ട് ജെഫേഴ്സൺ ഒരു സൈനിക ജയിലായി ഉപയോഗിച്ചു. പ്രസിഡന്റ് ലിങ്കണുമായി യോജിക്കാത്ത ചിലർ അതിനെ 'അമേരിക്കൻ സൈബീരിയ' എന്ന് വിളിച്ചു. മോസസ് റോബിനറ്റ് അവിടെ എത്തിയപ്പോൾ 700ലധികം ആളുകൾ ജയിലിൽ ഉണ്ടായിരുന്നു.

മോസസ് റോബിനറ്റ് ഡ്രൈ ടോർട്ടുഗാസിൽ എത്തിയതിന് തൊട്ടുപിന്നാലെ, അദ്ദേഹവുമായി പരിചയമുള്ള മൂന്ന് സൈനിക ഉദ്യോഗസ്ഥർ റോബിനറ്റിന്റെ ശിക്ഷാവിധി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പ്രസിഡന്റ് ലിങ്കണിന് കത്തെഴുതി. ജോൺ എസ്. ബർഡെറ്റ്, ഡേവിഡ് എൽ. സ്മിത്ത്, സാമുവൽ ആർ. സ്റ്റീൽ എന്നീ ഉദ്യോഗസ്ഥരാണ് കത്തയച്ചത്. റോബിനറ്റിന്റെ ശിക്ഷ വളരെ കഠിനമാണെന്ന് അവർ വാദിച്ചു, അയാൾ സ്വയം പ്രതിരോധിക്കുക മാത്രമാണ് ചെയ്തത്. തന്നേക്കാൾ ശക്തനും വലുതുമായ ഒരു ടീമംഗത്തിനെതിരെ സ്വയം പ്രതിരോധിക്കാൻ റോബിനറ്റ് ഒരു ചെറിയ പോക്കറ്റ് നൈഫ് ഉപയോഗിച്ചതായി അവർ വിശദീകരിച്ചു. യുദ്ധത്തിന്റെ തുടക്കം മുതൽ സർക്കാരിനെ ഒറ്റിക്കൊടുക്കാനും നശിപ്പിക്കാനും ശ്രമിക്കുന്നവർക്കെതിരെ മോസസ് റോബിനറ്റ് സജീവമായും ശക്തമായും പ്രവർത്തിച്ചിരുന്നുവെന്ന് അവർ വാദിച്ചു.

കത്ത് നേരിട്ട് രാഷ്ട്രപതിയുടെ ഓഫീസിലേക്ക് പോയില്ല. പകരം, പുതിയ സംസ്ഥാനമായ വെസ്റ്റ് വെർജീനിയയിൽ നിന്ന് സെനറ്ററായി മാറിയ വെയ്റ്റ്മാൻ ടി വില്ലിക്കാണ് ഇത് നൽകിയത്. അദ്ദേഹം അഭ്യർത്ഥന അംഗീകരിച്ചു. നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മോസസ് റോബിനറ്റിന്റെ ശിക്ഷ വളരെ കഠിനമാണെന്ന് തോന്നുന്നതായി പ്രസ്താവിച്ചു. തുടർന്ന്, ലിങ്കണിന്റെ പ്രൈവറ്റ് സെക്രട്ടറി ജോൺ ജി. നിക്കോളായ്, സൈന്യത്തിന്റെ നിയമപരമായ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ജോസഫ് ഹോൾട്ടിനോട് ഒരു റിപ്പോർട്ടും വിചാരണയുടെ രേഖകളും അയയ്ക്കാൻ ആവശ്യപ്പെട്ടു, അങ്ങനെ പ്രസിഡന്റ് ലിങ്കന് അവ അവലോകനം ചെയ്യാൻ കഴിയും.

ഓഗസ്റ്റ് അവസാനത്തിൽ, ജോസഫ് ഹാൾട്ട് തന്റെ റിപ്പോർട്ട് പ്രസിഡന്റ് ലിങ്കണിന് അയച്ചു. കേസ് അവലോകനം ചെയ്തതിന് ശേഷം, മോസസ് റോബിനറ്റിന്റെ ശിക്ഷയുടെ ഭാഗത്തിന് മാപ്പ് നൽകാൻ ലിങ്കൺ തീരുമാനിച്ചു. അവിടെ ഒരു മാസത്തിലധികം ചെലവഴിച്ച ശേഷം, മോസസ് റോബിനറ്റ് മേരിലാൻഡിലെ തന്റെ കുടുംബത്തിലേക്ക് മടങ്ങി. 1903ൽ തന്റെ മകളുടെ വീട്ടിൽ വച്ചാണ് അദ്ദേഹം അന്തരിക്കുന്നത്.



# ഇന്ത്യൻ ആർമിക്ക് കരുത്തായി അമേരിക്കൻ ഭീമൻ



യുദ്ധമുഖത്ത് അമേരിക്കയുടെ പടുകൂറ്റൻ പ്രതിരോധ സംവിധാനങ്ങളെക്കുറിച്ച് നല്ല ബോധ്യമുള്ളവരാണ് ഇന്ത്യ ഉൾപ്പടെയുള്ള രാജ്യങ്ങൾ. ശത്രു സൈന്യം എത്ര വലുതായാലും നേരിടാൻ പോന്ന സായുധ ബലം അമേരിക്കയ്ക്കുണ്ട്. ഈ കരുത്ത് ഇന്ത്യയ്ക്കും പകർന്ന് നൽകാമെന്ന് അറിയിച്ചിരിക്കുകയാണ് അമേരിക്ക.

### ഇന്ത്യ പരിഗണനയിൽ

ഏതാനും മാസങ്ങൾക്ക് മുമ്പാണ് അമേരിക്ക തങ്ങളുടെ ഏറ്റവും മികച്ച വ്യോമ പ്രതിരോധ സംവിധാനം ഇന്ത്യക്ക് വാഗ്ദാനം ചെയ്തത്. ഇപ്പോൾ ഇന്ത്യൻ സർക്കാരിന്റെ പരിഗണനയിലാണ് ഇത്. വിദഗ്ധ സംഘം ഈ എട്ട് വീലർ വാഹനം ഇന്ത്യയുടെ ഭൂമിശാസ്ത്രമനുസരിച്ച് അനുയോജ്യമാണോ അല്ലയോ എന്ന് പരിശോധിക്കുകയാണ്. പ്രത്യേക തരം വ്യോമ പ്രതിരോധ സംവിധാനമുള്ള ഒരു കോംബാറ്റ് വാഹനമാണിത്.

### സ്ട്രൈക്കർ

സ്ട്രൈക്കർ എംഷൊറാഡ് എയർ ഡിഫൻസ് വെഹിക്കിൾ എന്നാണ് വാഹനത്തിന്റെ പേര്. വ്യോമാക്രമണത്തിൽ നിന്നുവരെ രക്ഷനേടാൻ സാധിക്കുന്ന സജ്ജീകരണങ്ങളാണ് വണ്ടിയ്ക്കുള്ളിൽ ഒരുക്കിയിരിക്കുന്നത്. കൂടാതെ മറ്റ് ടാങ്കുകൾ, ഹെലികോപ്റ്ററുകൾ, വിമാനങ്ങൾ, യുദ്ധ വിമാനങ്ങൾ അല്ലെങ്കിൽ സൈനികർ എന്നിവയെ ലക്ഷ്യം വയ്ക്കാൻ കഴിയുന്ന നിരവധി ആയുധങ്ങളും ഇതിൽ സജ്ജീകരിച്ചിട്ടുണ്ട്.

### പ്രത്യേകതകൾ

സ്ട്രൈക്കർ യഥാർത്ഥത്തിൽ ഒരു കവചിത കാരിയർ യുദ്ധ വാഹനമാണ്. ഇത് രണ്ട് വേരിയന്റുകളിലാണ് വരുന്നത്.

ആദ്യത്തേത് 16.47 ടണ്ണാണ്. രണ്ടാമത്തേത് 18.77 ടണ്ണാണ്. 40 കോടിയിലധികം രൂപയാണ് ഒരു വാഹനത്തിന്റെ വില.

### വലിപ്പം

സ്ട്രൈക്കർ ഫൈറ്റിംഗ് വാഹനത്തിന് 22.10 അടി നീളമുണ്ട്. വീതി 8.11 അടിയും ഉയരം 8.8 അടിയുമാണ്. ഇത് പ്രവർത്തിപ്പിക്കാൻ രണ്ട് സൈനികർ ആവശ്യമാണ്. പരമാവധി 9 പേർക്ക് സഞ്ചരിക്കാം.

### ഹെവി മെഷീൻ ഗൺ

30 എംഎം എംകെ 44 ബുഷ്മാസ്റ്റർ അല്ലെങ്കിൽ 105 എംഎം എം68എ2 തോക്കാണ് ഇതിൽ ഘടിപ്പിച്ചിരിക്കുന്നത്.

ഈ തോക്കുകളെല്ലാം ഹെവി മെഷീൻ ഗണ്ണിന്റെയോ ചെറിയ ഓട്ടോകാനണിന്റെയോ ഫോർമാറ്റിലാണുള്ളത്. 12.7 എംഎം എം2, 7.62 എംഎം എം240 മെഷീൻ ഗണ്ണുകളും സ്ഥാപിച്ചിട്ടുണ്ട്.

### എൻജിൻ

350 ഹെഡ്സാണ് ഇതിന്റെ എൻജിൻ. 8 ഃ 8 സസ്പെൻഷൻ വീലുകളാണ് ഇതിനുള്ളത്. മണിക്കൂറിൽ 97 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാൻ സാധിക്കും എന്നതും വാഹനത്തിന്റെ പ്രത്യേകതയാണ്.

# സ്ത്രീകളുടെ ആരോഗ്യം; ഗവേഷണത്തിനായി 100 മില്യൺ ഡോളർ പ്രഖ്യാപിച്ച് ജിൽ ബൈഡൻ

വാഷിംഗ്ടൺ: സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ചുള്ള ഗവേഷണത്തിനും പര്യവേഷണത്തിനുമായി 100 മില്യൺ ഡോളർ ഫെഡറൽ ഫണ്ട് പ്രഖ്യാപിച്ച് യുഎസ് പ്രഥമ വനിത ജിൽ ബൈഡൻ. കഴിഞ്ഞ വർഷം അവസാനം പ്രഖ്യാപിച്ച വൈറ്റ് ഹൗസ് ഇനിഷ്യേറ്റീവ് ഓൺ വിമൻസ് ഹെൽത്ത് റിസർച്ചിന്റെ ആദ്യത്തെ ചുവട് വയ്പ്പാണിത്. ഫെഡറൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് ആന്റ് ഹ്യൂമൻ സർവീസസിന് കീഴിലുള്ള അഡ്വാൻസ്ഡ് റിസർച്ച് പ്രോജക്ട് ഏജൻസി ഫോർ ഹെൽത്ത് (ARPAH) നിന്നാണ് ഫണ്ട് നൽകുന്നത്.

സ്ത്രീകൾക്ക് അവരുടെ ആരോഗ്യത്തെക്കുറിച്ച് വേണ്ടത്ര അറിവില്ല, കാരണം ഇത്തരം ഗവേഷണങ്ങൾക്ക് പൊതുവെ ആരും ഫണ്ട് നൽകിയ ചരിത്രമില്ല. സ്ത്രീകളുടെ ആരോഗ്യ ഗവേഷണത്തോടുള്ള സമീപനത്തിൽ മാറ്റം വരുത്താനും ധനസഹായം വർദ്ധിപ്പിക്കാനുമാണ് വൈറ്റ് ഹൗസ് ലക്ഷ്യമിടുന്നതെന്ന് ജിൽ ബൈഡൻ പറഞ്ഞു.

വനിതാ ആരോഗ്യ അഭിഭാഷകയും മുൻ കാലിഫോർണിയ പ്രഥമ വനിതയുമായ മരിയ ഷ്റിവറുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിന്നാണ് ഈ ആശയം ലഭിച്ചതെന്ന് കഴിഞ്ഞ വർഷം നവംബറിൽ വൈറ്റ് ഹൗസ് സംരംഭം പ്രഖ്യാപിപ്പോൾ ജിൽ ബൈഡൻ പറഞ്ഞിരുന്നു.

ജിൽ ബൈഡന്റെയും വൈറ്റ് ഹൗസ് ജെൻഡർ പോളിസി കൗൺസിലിന്റെയും നേതൃത്വത്തിലാണ് വൈറ്റ് ഹൗസ് ഇനിഷ്യേറ്റീവ് ഓൺ വിമൻസ് ഹെൽത്ത് റിസർച്ച്.







## കടക്കെണിയിൽ നിന്ന് മോചനം:

# ഒന്നര ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് 1.2 ബില്യൺ ഡോളറിന്റെ വായ്പാ ഇളവ്

(ഒന്നാം പേജ് തുടർച്ച)

- **150,000ത്തിലധികം വായ്പക്കാർക്ക് 1.2 ബില്യൺ ഡോളർ വായ്പ റദ്ദാക്കി.**
- **വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള വായ്പാ തിരിച്ചടവ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഇളവ് ലഭിക്കും.**
- **ഏകദേശം 4 ദശലക്ഷം അമേരിക്കക്കാർക്ക് 138 ബില്യൺ ഡോളറിന്റെ വായ്പ റദ്ദാക്കാൻ ലക്ഷ്യമിടുന്നു.**

നുള്ള പദ്ധതിയുടെ പ്രാരംഭ ഘട്ടമായാണ് ഈ 1.2 ബില്യൺ ഡോളർ ഇളവിനെ കാണുന്നത്. വിദ്യാഭ്യാസ വകുപ്പ് നൽകിയ വിവരങ്ങൾ പ്രകാരം, യോഗ്യരായ വായ്പക്കാർക്ക് വരും ദിവസങ്ങളിൽ തന്നെ വായ്പ റദ്ദാക്കുന്നത് കാണാൻ തുടങ്ങും. പ്രസിഡന്റ് ഒപ്പിട്ട നോട്ടീസ് ഈ വായ്പക്കാർക്ക് ഇമെയിൽ വഴി അയയ്ക്കാൻ ആരംഭിച്ചിട്ടുണ്ട്. ലോൺ കമ്പനികൾ ഈ റിലീഫ് പ്രോസസ്സ് നടപ്പാക്കും.

എന്നാൽ, ഈ നീക്കം എല്ലാ വിദ്യാർത്ഥികളെയും സംതൃപ്തരാക്കിയിട്ടില്ല. വൻതോതിലുള്ള വായ്പാ റദ്ദാക്കലിനാണ് വിദ്യാർത്ഥി സംഘടനകൾ ആവശ്യപ്പെടുന്നത്. മാത്രമല്ല, വായ്പാ റദ്ദാക്കൽ പദ്ധതിയുടെ ചെലവ് ടാക്സ്പെയർമാർ വഹിക്കേണ്ടി വരുമെന്ന വിമർശനവും ഉയർന്നിട്ടുണ്ട്. പുതിയ നീക്കത്തോടെ, ബൈഡൻ ഭരണകൂടം ഇതുവരെയായി 9.2 ബില്യൺ ഡോളറിന്റെ വിദ്യാർത്ഥി വായ്പകൾ റദ്ദാക്കിയിട്ടുണ്ട്. എന്നിരുന്നാലും, 300 ബില്യൺ ഡോളറിലധികം വിദ്യാർത്ഥി വായ്പ കടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് കൂടുതല വിദ്യാർത്ഥികൾക്ക് ആശ്വാസം നൽകുന്നതിനായി വിപുലമായ പദ്ധതിയുടെ ചർച്ചകൾ നടക്കുന്നത്. ഫെഡറൽ നെഗോഷ്യേറ്റർമാർ വിവിധ തരത്തിലുള്ള വായ്പാ ഇളവ് ഓപ്ഷനുകൾ പരിഗണിക്കുന്നുണ്ട്.

# കുടിയേറ്റക്കാർക്കെതിരെ നിയമം

(ഒന്നാം പേജ് തുടർച്ച)

ക്കൻ അതിർത്തി കടക്കുന്ന കുടിയേറ്റക്കാരുടെ എണ്ണം കുറയ്ക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പുതിയ നയങ്ങൾ പ്രകാരം, നിയമവിരുദ്ധമായി അതിർത്തി കടന്ന് എത്തുന്ന അഭയാർത്ഥികൾക്ക് നാടുകടത്തുന്നതിൽ ഒഴിവാക്കാനായി നടത്തുന്ന ആദ്യ സ്ക്രീനിംഗിന്റെ നിലവാരം ഉയർത്താനാണ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിരിക്കുന്നത്. ''ആദ്യം പുറത്തേക്ക്'' എന്ന നയത്തിൽ, നാടുകടത്തുന്നതിന് അടുത്തിടെ എത്തിയ കുടിയേറ്റക്കാർക്ക് മുൻഗണന നൽകാൻ ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റിനോട് നിർദേശം നൽകുമെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നു.

**പ്രധാന നടപടികൾ:**

**കർശനമായ സ്ക്രീനിംഗ്:** അതിർത്തിയിൽ അഭയം തേടുന്നവർക്ക് നടത്തുന്ന പ്രാരംഭ സ്ക്രീനിംഗ് കൂടുതൽ കഠിനമാക്കും. സാധുതയില്ലാത്ത അവകാശവാദങ്ങൾ ഉന്നയിക്കുന്നവരെ വേഗത്തിൽ തിരിച്ചറിയാനും നീക്കം ചെയ്യാനും ഇത് സഹായിക്കും.

**വേഗത്തിലുള്ള നാടുകടത്തൽ:** മാനദണ്ഡങ്ങൾ പാലിക്കാത്ത അടുത്തിടെ എത്തിയ കുടിയേറ്റക്കാരെ വേഗത്തിൽ നാടുകടത്തും. 'ആദ്യം പുറത്തേക്ക്' എന്ന നയം ശക്തമാക്കി നടപ്പാക്കിക്കൊണ്ട് നീണ്ട കോടതി നടപടികൾ ഒഴിവാക്കാനാണ് ശ്രമം.

**ഇമിഗ്രേഷൻ ആൻഡ് നാഷണാലിറ്റി ആക്ട്:** യുഎസ്. തുറമുഖങ്ങൾക്കിടയിൽ അഭയം തേടുന്നത് തടയാൻ ഇമിഗ്രേഷൻ ആൻഡ് നാഷണാലിറ്റി ആക്ടിന്റെ ഒരു വിഭാഗം ഉപയോഗിക്കുക എന്നതും ഭരണകൂടം പരിഗണിക്കുന്നു.

**അഭയാർത്ഥികൾക്കുള്ള പരിശോധനകൾ:** അഭയാർത്ഥികൾക്കുള്ള പ്രാഥമിക സ്ക്രീനിംഗ് കൂടുതൽ കടുപ്പമേറിയ രീതിയിൽ നടപ്പാക്കാനുള്ള വഴികൾ ഭരണകൂടം അന്വേഷിക്കുന്നു.

**കരാർ ഒപ്പുവെക്കൽ:** മറ്റ് രാജ്യങ്ങളുമായി കരാറുകൾ ഒപ്പുവെച്ച് അതിർത്തി കടക്കുന്നവരെ തടയാനും തിരിച്ചയക്കാനും ശ്രമിക്കും.

**കാരണങ്ങൾ:** 2024 ലെ തിരഞ്ഞെടുപ്പിൽ കുടിയേറ്റം പ്രധാന വിഷയമായി മാറാനുള്ള സാധ്യത കണക്കിലെടുത്ത് വോട്ടർമാരെ ആകർഷിക്കാൻ.

തെക്കൻ അതിർത്തിയിലൂടെയുള്ള അനധികൃത കുടിയേറ്റം ഗണ്യമായി വർദ്ധിച്ചുവരുന്നതിനെ നേരിടാൻ. അതിർത്തി സുരക്ഷ കർശനമാക്കണമെന്ന ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കാൻ.

കുടിയേറ്റ പ്രതിസന്ധി പരിഹരിക്കാൻ ബൈഡൻ ഭരണകൂടം പുതിയ എക്സിക്യൂട്ടീവ്നടപടികളുടെയുംഫെഡറൽ നിയന്ത്രണങ്ങളുടെയും ഒരു പുതിയ ശൃഖലയാണ് ഇക്കാര്യത്തിൽ പരിഗണിക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുമായി അടുത്ത വൃത്തങ്ങൾ പറയുന്നത് അനുസരിച്ച് യുഎസിന്റെ തെക്കൻ അതിർത്തിയിലെ കുടിയേറ്റം തടയുന്നതിനായുള്ള ശ്രമത്തിന്റെ ഭാഗമായാണ് പുതിയ പദ്ധതികൾ കൊണ്ടുവന്നിരിക്കുന്നത് എന്നാണ്.

അതേസമയം പുതിയതായി പരിഗണനയിലുള്ള നിർദ്ദേശങ്ങൾ അധികാരത്തിലേറിയ ആദ്യ ദിനങ്ങൾ മുതൽ വൈറ്റ് ഹൗസിനെ തടസ്സപ്പെടുത്തിയതും പ്രസിഡന്റ് ഇത്രയും കാലം വിയോജിച്ചിരുന്ന ഒരു പ്രശ്നത്തിലേക്കുള്ള ഒരു പുതിയ സമീപനവുമായിരിക്കും എന്നാണ് വിലയിരുത്തപ്പെടുന്നത്.

മാർച്ച് 7 ന് നടക്കാനിരിക്കുന്ന പ്രസിഡന്റ് ജോ ബൈഡന്റെ സ്റ്റേറ്റ് ഓഫ് യൂണിയൻ പ്രസംഗത്തിന് മുന്നോടിയായി പുതിയ നയപ്രഖ്യാപനങ്ങൾ ഉണ്ടാകുമെന്നും ഒരു പക്ഷെ അടുത്ത ആഴ്ച തന്നെ പുതിയ നയപ്രഖ്യാപനങ്ങൾ ഉണ്ടായേക്കുമെന്നുമാണ് അടുത്ത വൃത്തങ്ങൾ നൽകുന്ന സൂചന.

എന്നാൽ എന്തെല്ലാം എക്സിക്യൂട്ടീവ് നടപടികൾ സ്വീകരിക്കാമെന്നതിനെ കുറിച്ച് അന്തിമ തീരുമാനങ്ങളൊന്നും ഇതുവരെ എടുത്തിട്ടില്ലെന്നാണ് വിവരം. അതിർത്തി കരാർ പ്രസിഡന്റിന്റെ രാഷ്ട്രീയ നേട്ടമായി മാറ്റാൻ വൈറ്റ് ഹൗസ് ശ്രമിക്കുന്ന സാഹചര്യത്തിലാണ് പുതിയ എക്സിക്യൂട്ടീവ് നടപടി എന്നതാണ് ശ്രദ്ധേയമായ കാര്യം. തെക്കൻ അതിർത്തി തിരഞ്ഞെടുപ്പിൽ പാർട്ടിയെ എങ്ങനെ സ്വീകരിക്കും എന്ന് ഡെമോക്രാറ്റുകൾക്കിടയിൽ വർദ്ധിച്ചുവരുന്ന ആശങ്കയ്ക്കിടയിലാണ് ഇത് എന്നതും ആശങ്ക ഉളവാക്കുന്നു. പുതിയ നയപ്രഖ്യാപനങ്ങൾ അതിർത്തിയിലേക്ക് വരുന്ന കുടിയേറ്റക്കാരുടെ എണ്ണം കുറയ്ക്കുമെന്നും പീക്ക് മൈഗ്രേഷൻ സീസൺ അടുത്തുവരുന്നതിനാൽ പ്രശ്നം പരിഹരിക്കാനുള്ള എല്ലാ ഓപ്ഷനുകളും ഉണ്ടെന്ന് വോട്ടർമാർക്ക് ബോധ്യമാകുമെന്നുമാണ് ഉദ്യോഗസ്ഥരുടെ പ്രതീക്ഷ.

ദശാബ്ദങ്ങളിലെ ഏറ്റവും കടുപ്പമേറിയതും നീതിയുക്തവുമായ ഉഭയകക്ഷി അതിർത്തി സുരക്ഷാ ബിൽ നൽകുന്നതിന് ഭരണകൂടം മാസങ്ങളോളം ചർച്ചകൾ നടത്തി എന്ന് വൈറ്റ് ഹൗസ് വക്താവ് ആഞ്ചലോ ഫെർണാണ്ടസ് വ്യക്തമാക്കുന്നു.

# ഇവിയിലേയ്ക്ക് മാറൂ; ശിശുക്കളുടെ ജീവൻ രക്ഷിക്കൂ...

(ഒന്നാം പേജ് തുടർച്ച)

യാണെങ്കിൽ കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുമെന്നാണ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. 2020 മുതൽ 2050 വരെ ശുദ്ധമായ ഊർജ്ജ നിക്ഷേപങ്ങൾക്ക് 2.79 ദശലക്ഷം പീഡിയാട്രിക് ആസ്ത്മ രോഗൾ, 147,000 പീഡിയാട്രിക് അക്യൂട്ട് ബ്രോങ്കൈറ്റിസ് കേസുകൾ, 4 ദശലക്ഷത്തിലധികം ശ്വാസകോശ ലക്ഷണങ്ങൾ, 500ലധികം ശിശുമരണ കേസുകൾ എന്നിവ തടയാൻ കഴിയുമെന്ന് റിപ്പോർട്ട് കെണ്ടത്തി.വായു മലിനീകരണം ഇന്ന് കുട്ടികളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ഹാനികരമാണ്. ഗതാഗത മേഖലയാണ് വായു മലിനീകരണത്തിന്റെ ഒരു പ്രധാന ഉറവിടമെന്ന് അമേരിക്കൻ ലംഗ് അസോസിയേഷൻ പ്രസിഡന്റും സിഇഒയുമായ ഹരോൾഡ് വിമ്മർ പ്രസ്താവനയിൽ പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിനും അനുബന്ധ പൊതുജനാരോഗ്യ ദോഷങ്ങൾക്കും കാരണമാകുന്ന കാർബൺ മലിനീകരണത്തിന്റെ രാജ്യത്തെ ഏറ്റവും വലിയ ഉറവിടം കൂടിയാണ് വാഹന ഉദ്വമനം എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. രണ്ട് വർഷം മുമ്പ് കാലിഫോർണിയ 2035ൽ ആരംഭിക്കുന്ന ഗ്യാസ്പവർ കാറുകളുടെ വിൽപ്പന നിരോധിക്കുന്ന ആദ്യത്തെ സംസ്ഥാനമായി മാറി.

വാഷിംഗ്ടൺ, ഒറിഗോൺ, വിർജീനിയ, മസാച്യുസെറ്റ്സ്, ന്യൂയോർക്ക് തുടങ്ങിയ മറ്റ് സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർ സമാനമായ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. റോഡിൽ സീറോ എമിഷൻ വാഹനങ്ങൾ. കാലാവസ്ഥാ വ്യതിയാനത്തിലേക്കുള്ള സംഭാവനകൾ പരിമിതപ്പെടുത്തുന്നതിനും മലിനീകരണ തോത് കുറയ്ക്കുന്നതിലൂടെപൊതുജനാരോഗ്യംസംരക്ഷിക്കുന്നതിനും വേണ്ടിയാണ് നടപടികൾ. മാത്രമല്ല 27 ദശലക്ഷത്തിലധികം കുട്ടികൾ, വായു മലിനീകരണത്തിന്റെ അനാരോഗ്യകരമായ തോതിലുള്ള ഗ്രേഡ് ലഭിച്ച കൗണ്ടികളിൽ താമസിക്കുന്നുവെന്ന് പഠനം പറയുന്നു.



# ഭൂമി മടുത്തോ? ചൊവ്വയിലേയ്ക്ക് പോരുന്നോ!

ഭൂമിയിൽ ജീവിച്ച് മടുത്തവരാണോ നിങ്ങൾ. എങ്കിൽ പുറത്ത് കടക്കാൻ ഒരു സുവർണാവസരം വന്നിരിക്കുകയാണ്. ഇപ്പോൾ ഒരു വർഷം ചൊവ്വയിൽ താമസിക്കാൻ താൽപ്പര്യമുള്ളവരെ തിരയുകയാണ് നാസ. ചൊവ്വയിലേക്ക് മനുഷ്യരെ അയക്കുന്നതിനായുള്ള സ്റ്റാർഷിപ്പ് സൂപ്പർ ഹെവി റോക്കറ്റ് നിർമ്മിക്കുകയാണ് ഇലോൺ മസ്കിന്റെ നേതൃത്വത്തിലുള്ള സ്പേസ് എക്സ്.

ലോകമെമ്പാടുമുള്ള ബഹിരാകാശ ഏജൻസികൾ ചന്ദ്രന് ശേഷം കോളനികൾ പണിയാൻ ലക്ഷ്യമിടുന്ന സ്ഥലമായി ചൊവ്വ തുടരുകയാണ്. ചുവന്ന ഗ്രഹത്തിലേക്ക് പോകാൻ താൽപ്പര്യമുള്ളവർക്കായി അവിടുത്തെ ജീവിതം എങ്ങനെയായിരിക്കുമെന്ന് നേരിട്ടുള്ള അനുഭവം നൽകുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന സിമുലേഷൻ പരിപാടിയുമായി തയ്യാറെടുക്കുകയാണ് നാസ. കൂടാതെ ചൊവ്വയിൽ സാങ്കേതിക വിദ്യകൾ വിന്യസിക്കുന്നതിന് മുമ്പ് ബഹിരാകാശ ഏജൻസിയുടെ തന്ത്രങ്ങൾ മൂർച്ച കൂട്ടാൻ സഹായിക്കുകയും ചെയ്യുന്നു.

12 മാസം നീണ്ടുനിൽക്കുന്ന മാർസ് സിമുലേഷൻസ് ഇൻ ദി ക്രൂ ഹെൽത്ത് ആന്റ് പെർഫോമൻസ് എക്സ്പ്ലോറേഷൻ അനലോഗ് (CHAPEA), മാർസ് ഡ്യൂൺ ആൽഫ എന്നറിയപ്പെടുന്ന ത്രിഡി പ്രിന്റഡ് ചൊവ്വയുടെ ഉപരിതല ആവാസ വ്യവസ്ഥയിൽ താമസിക്കുന്നവരെ നീരിക്ഷിക്കും. ദീർഘകാലത്തേക്കുള്ള, പര്യവേക്ഷണക്ലാസ് ബഹിരാകാശ ദൗത്യങ്ങളെ പിന്തുണയ്ക്കുന്നതിനായി ചൊവ്വയുടെ ആവാസവ്യവസ്ഥയെ ഈ ദൗത്യം അനുകരിക്കും.

കൂടാതെ ചൊവ്വയുടെ ഉപരിതല ആവാസവ്യവസ്ഥയിൽ ജീവിക്കുന്ന പോലെയാകും മാർസ് ആൽഫയിലെ ജീവിതം. ജീവിക്കാനും ജോലി ചെയ്യാനും പ്രത്യേക പ്രദേശങ്ങൾ നൽകിയാണ് 3ഡി പ്രിന്റഡ് ആവാസവ്യവസ്ഥ രൂപകൽപന ചെയ്തിരിക്കുന്നത്.

'ഒരു വർഷത്തെ ദൗത്യത്തിനായി മാർസ് ഡ്യൂൺ ആൽഫയിൽ താമസിക്കാൻ മൂന്നു വ്യത്യസ്ത ക്രൂവിനെ തിരഞ്ഞെടുക്കും. ഓരോ ക്രൂവിലും നാല് വ്യക്തികളും രണ്ട് ബദലുകളും ഉൾപ്പെടും. നാസയുടെ ബഹിരാകാശ ഭക്ഷണ സമ്പ്രദായത്തെയും ശാരീരികവും പെരുമാറ്റപരവുമായ ആരോഗ്യത്തെക്കുറിച്ചും ഭാവി ബഹിരാകാശ ദൗത്യങ്ങളുടെ പ്രകടന ഫലങ്ങളും വിലയിരുത്തുന്നതിനും അനലോഗ് ദൗത്യം വിലപ്പെട്ട ഉൾക്കാഴ്ചകളും വിവരങ്ങളും നൽകും,' നാസ പ്രസ്താവനയിൽ പറഞ്ഞു.

അമേരിക്കൻ ബഹിരാകാശ ഏജൻസി നടത്തുന്ന രണ്ടാമത്തെ ദൗത്യമാണിത്. 1,700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആവാസവ്യവസ്ഥയിൽ നാല് സ്വകാര്യ ക്രൂ ക്വാർട്ടേഴ്സുകൾ, സമർപ്പിത വർക്ക് സ്റ്റേഷനുകൾ, സമർപ്പിത മെഡിക്കൽ സ്റ്റേഷനുകൾ, കോമൺ ലോഞ്ച് ഏരിയകൾ, ഗാലി, ഫുഡ് ഗ്രോ സ്റ്റേഷനുകൾ എന്നിവ ഉൾപ്പെടുന്നു.

'ചൊവ്വയിലേക്കുള്ള ആദ്യ മനുഷ്യ യാത്രയ്ക്ക് തയ്യാറെടുക്കുന്നതിനുള്ള നാസയുടെ പ്രവർത്തനങ്ങളിൽ സംഭാവന നൽകാനുള്ള അതുല്യവും പ്രതിഫലദായകവുമായ സാഹസികതകൾക്കായുള്ള ശക്തമായ ആഗ്രഹം അപേക്ഷകർക്കുണ്ടായിരിക്കണം'. അപേക്ഷിക്കാനുള്ള അവസാന ദിവസം 2024 ഏപ്രിൽ 2 ആണെന്ന് നാസ അറിയിച്ചിട്ടുണ്ട്.

ആദ്യത്തെ ക്രൂ അവരുടെ ദൗത്യത്തിന്റെ പകുതിയിലേറെയായി. സിമുലേറ്റഡ് ദൗത്യങ്ങളിലൂടെ നേടിയ ഗവേഷണം, ചൊവ്വ പര്യവേഷണ വേളയിൽ ക്രൂവിന്റെ ആരോഗ്യവും പ്രകടന പിന്തുണയ്ക്കുമായി ഉപയോഗിക്കുന്നുവെന്നാണ് നാസ വ്യക്തമാക്കിയിരിക്കുന്നത്.



# തലച്ചോർ കമ്പ്യൂട്ടറിന് അടിയറവ് വയ്ക്കുമ്പോൾ...

ന്യൂറലിങ്കിന്റെ ക്ലിനിക്കൽ പരീക്ഷണത്തിന്റെ ആദ്യ ഘട്ടം വിജയമെന്ന് അവകാശപ്പെട്ട് രംഗത്തെത്തിയിരിക്കുകയാണ് ഇലോൺ മസ്ക്. തലയോട്ടിക്ക് ഉള്ളിൽ ചെറിയ ചിപ്പ് സ്ഥാപിച്ച് തലച്ചോർ തരംഗങ്ങളെ പിടിച്ചെടുത്ത് കമ്പ്യൂട്ടറിന് കൈമാറുന്നതാണ് പരീക്ഷണം. തലയോട്ടിക്കുള്ളിൽ ന്യൂറലിങ്ക് ചിപ്പ് സ്ഥാപിക്കപ്പെട്ട വ്യക്തി ചിന്തകളിലൂടെ മൗസിനെ ചലിപ്പിച്ചെന്നാണ് ന്യൂറോലിങ്ക് സ്ഥാപകൻ ഇലോൺ മസ്കിന്റെ അവകാശ വാദം.

എന്നാൽ പരീക്ഷണത്തിന്റെ ഭാഗമായ വ്യക്തിയുടെ പേര് ന്യൂറലിങ്ക് പുറത്തുവിട്ടിട്ടില്ല. ശരീരം തളർന്നവർക്ക് ഈ സാങ്കേതിക വിദ്യ അനുഗ്രഹമാകുമെന്നാണ് മസ്ക് അവകാശപ്പെടുന്നത്. കഴിഞ്ഞ വർഷം മെയിലാണ് ചിപ്പ് മനുഷ്യരിൽ പരീക്ഷിക്കാൻ യു.എസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്.ഡി.എ.) ന്യൂറലിങ്കിന് അനുമതി നൽകിയത്. റോബോട്ടുകളുടെ സഹായത്തോടെയാണ് ന്യൂറലിങ്കിന്റെ ചിപ്പുകൾ തലയോട്ടിക്കുള്ളിൽ സ്ഥാപിച്ചത്.

തലയോട്ടി തുരന്ന ശേഷം കൃത്യമായി ചിപ്പ് സ്ഥാപിക്കാൻ 25 മിനിറ്റ് വേണ്ടിവന്നുവെന്നാണ് റിപ്പോർട്ട്. രോഗിയെ ബോധരഹിതനാക്കാതെയാണ് ചിപ്പ് സ്ഥാപിക്കുന്നതെന്ന് ഇലോൺ മസ്ക് പറയുന്നു. ശസ്ത്രക്രിയയുടെ അന്നുതന്നെ രോഗിക്ക് വീട്ടിലേക്ക് മടങ്ങാമത്രേ. കൈകൾ, കണം കൈ, കൈത്തണ്ടകൾ എന്നിവ നിയന്ത്രിക്കുന്ന തലച്ചോറിന്റെ ഭാഗത്താണ് ന്യൂറലിങ്ക് ചിപ്പ് സ്ഥാപിക്കുന്നത്. ചിന്തകളെ കമ്പ്യൂട്ടറിന് മനസിലാക്കാൻ കഴിയുന്ന കമാൻഡുകളുടെ ശ്രേണിയിലേക്ക് പരിവർത്തനം ചെയ്യാനുള്ള ന്യൂറലിങ്കിന്റെ ശ്രമമാണ് വിജയിച്ചതെന്നാണ് മസ്ക് അറിയിച്ചത്.

പന്നികളിലും കുരങ്ങുകളിലും പരീക്ഷിച്ച ശേഷമാണ് ന്യൂറലിങ്ക് ചിപ്പ് മനുഷ്യരിൽ പരീക്ഷിക്കാൻ അനുമതി ലഭിച്ചത്. മൈക്രോ ചിപ്പുകളുടെ സഹായത്തോടെ തലച്ചോറിനെ കമ്പ്യൂട്ടറുകളുമായി ബന്ധിപ്പിച്ച് പക്ഷാഘാതം, അന്ധത തുടങ്ങിയവ ചികിത്സിക്കാൻ കഴിയുമെന്നാണ് മസ്കിന്റെ അവകാശവാദം. ആ പ്രതീക്ഷയാണ് പരീക്ഷണത്തിന്റെ ഭാഗമാകാൻ ആളുകളെ പ്രേരിപ്പിക്കുന്നത്. അടുത്ത വർഷം 11 ആളുകളിൽ മൈക്രോചിപ് സ്ഥാപിക്കും. 2030 ആകുമ്പോൾ ചിപ്പ് ഉപയോഗിക്കുന്നവരുടെ എണ്ണം 22,000 ആകുമെന്നാണ് ന്യൂറലിങ്ക് ഗവേഷകർ പ്രഖ്യാപിച്ചിരിക്കുന്നത്.

മനുഷ്യ തലച്ചോറിനെ അമ്മാനം ആട്ടാൻ കരുത്തുള്ള ഈ കണ്ടുപിടുത്തത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ഈ സാഹചര്യത്തിൽ ഒരു വിലയിരുത്തൽ അത്യാവശമാണ്.

### ന്യൂറ ലിങ്കിന്റെ ഭാവി പ്രതീക്ഷ

മനുഷ്യമസ്തിഷ്കത്തിലേക്കുള്ളപ്രധാനപ്പെട്ടൊരു താക്കോൽ കയ്യരികിലെത്തിയെന്ന് ശാസ്ത്രലോകം അവകാശപ്പെടുമ്പോൾ അതു തരുന്ന പ്രതീക്ഷ ചെറുതല്ല. ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ ന്യൂറലിങ്ക് കമ്പനി മനുഷ്യമസ്തിഷ്കത്തിലാദ്യമായി വയർലെസ് ചിപ് (ഇംപ്ലാന്റ്) സ്ഥാപിച്ചുവെന്നതിലും ആ പ്രതീക്ഷയാണ് നിഴലിച്ച് നിൽക്കുന്നത്. മനുഷ്യ ജീവിതത്തിന് കൂടുതൽ ബലവും ആത്മ



വിശ്വാസവും പകരാൻ ഈ ശാസ്ത്രനേട്ടത്തിന് സാധിച്ചേക്കാമെന്ന പ്രത്യാശ. അത് മനുഷ്യന് നൽകുന്ന മാനസിക ഉല്ലാസം ചെറുതല്ല.

ആരോഗ്യ മേഖല: പക്ഷാഘാതം, പാർക്കിൻസൺസ് രോഗം, അപസ്മാരം തുടങ്ങിയ ന്യൂറോളജിക്കൽ ഡിസോർഡേഴ്സ് ഉള്ളവരുടെ നഷ്ടപ്പെട്ട ശാരീരിക പ്രവർത്തനം പുനഃസ്ഥാപിക്കുന്നതിലൂടെയോ രോഗലക്ഷണങ്ങൾ ലഘൂകരിക്കുന്നതിലൂടെയോ ആ വ്യക്തിയെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ ന്യൂറലിങ്ക് സഹായിക്കുന്നു.

വൈജ്ഞാനിക മെച്ചപ്പെടുത്തൽ: വൈകല്യമില്ലാത്ത വ്യക്തികളുടെ മെമ്മറി, ഫോക്കസ്, പഠന കഴിവുകൾ എന്നിവ കൂടുതൽ മെച്ചപ്പെടുത്താനും ഇത് സഹായിക്കും.

ആശയവിനിമയവും ആവിഷ്കാരവും: ആശയവിനിമയത്തിനും ക്രിയാത്മകമായ ആവിഷ്കാരത്തിനും പ്രത്യേകിച്ച് പരിമിതമായ ശാരീരിക കഴിവുകളുള്ള ആളുകൾക്ക് സാങ്കേതിക വിദ്യയ്ക്ക് പുതിയ വഴികൾ തുറക്കാൻ ഇതുമൂലം സാധിക്കും.

### അപകട സാധ്യതകൾ:

**സുരക്ഷയും സ്വകാര്യതയും:** ഒരു ന്യൂറലിങ്ക് ഇംപ്ലാന്റിലേക്ക് ഹാക്ക് ചെയ്യുന്നത് ഒരാൾക്ക് ഒരു വ്യക്തിയുടെ ചിന്തകളിലേക്കും ഓർമ്മകളിലേക്കും വികാരങ്ങളിലേക്കും എങ്ങനെയും എപ്പോൾ വേണമെങ്കിലും പ്രവേശനം നൽകുന്ന തരത്തിലാണ്.

**സാമൂഹിക അസമത്വം:** വിപുലമായ വൈജ്ഞാനിക മെച്ചപ്പെടുത്തലിലേക്കുള്ള പ്രവേശനം നിലവിലുള്ള സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളെ വർധിപ്പിക്കും.

**ഐഡന്റിറ്റിയും സ്വയംഭരണാവകാശവും നഷ്ടപ്പെടുന്നു:** വ്യക്തിത്വവും സ്വതന്ത്ര ഇച്ഛാശക്തിയും നഷ്ടപ്പെടാൻ സാധ്യതയുള്ള, മനുഷ്യർക്കും യന്ത്രങ്ങൾക്കും ഇടയിലുള്ള ലൈനുകൾ മങ്ങിക്കാൻ BCI സാങ്കേതിക വിദ്യകൾക്ക് കഴിയുമോ എന്നതിനെക്കുറിച്ചുള്ള ആശങ്കകൾ നിലനിൽക്കുന്നു.

**ഉദ്ദേശിക്കാത്ത അനന്തരഫലങ്ങൾ:** ഏതൊരു പുതിയ സാങ്കേതിക വിദ്യയും പോലെ ഇനിയും പരിഗണിക്കപ്പെടാത്ത അപ്രതീക്ഷിത അപകടങ്ങളും വെല്ലുവിളികളും ഉയർന്നു വന്നേക്കാം. സുരക്ഷാ പ്രോട്ടോക്കോളുകളുടെ പേരിൽ ഇപ്പോഴും സൂക്ഷ്മ പരിശോധനകൾ നേരിട്ട് കൊണ്ടിരിക്കുകയാണ് ന്യൂറാലിങ്ക്.

# ഒന്നാം ലോകമഹായുദ്ധസമയത്ത് മുങ്ങിയ കപ്പലിൽ നിന്നും ചരിത്രപ്രധാനമായ മണി കണ്ടെടുത്ത് മുങ്ങൽ വിദഗ്ധർ



ഒന്നാം ലോകമഹായുദ്ധസമയത്ത് മുങ്ങിപ്പോയ ചരിത്രപ്രധാനമായ ഒരു യുദ്ധക്കപ്പലിൽ ഘടിപ്പിച്ചിരുന്ന ഭീമാകാരമായ മണി കണ്ടെത്തി മുങ്ങൽ വിദഗ്ധർ. ഇംഗ്ലണ്ടിന്റെ തെക്കുപടിഞ്ഞാറൻ തീരത്ത് കടലിൽ നഷ്ടപ്പെട്ട കപ്പൽ മണി ആണ് മുങ്ങൽ വിദഗ്ധർ കണ്ടെത്തിയത്.

1917 ഡിസംബർ 6ന് ഒരു ജർമ്മൻ അന്തർവാഹിനിയുടെ ടോർപ്പിഡോയിൽ ഇടിച്ചതിനെത്തുടർന്ന് ആണ് ഇംഗ്ലീഷ് ചാനലിൽ കപ്പൽ തകർന്നത്. യുണൈറ്റഡ് സ്റ്റേറ്റ്സ് നേവി ഡിസ്ട്രോയറായ യുഎസ്എസ് ജേക്കബ് ജോൺസിന്റെ അവശിഷ്ട പ്രദേശം സർവേ ചെയ്യാൻ നിയോഗിക്കപ്പെട്ട ഒരു പ്രത്യേക സാൽവേജ് യൂണിറ്റാണ് മണി വീണ്ടെടുത്തത്. നേവൽ ഹിസ്റ്ററി ആൻഡ് ഹെറിറ്റേജ് കമാൻഡ് പ്രകാരം ശത്രുക്കളുടെ ആക്രമണത്തിൽ മുങ്ങിയ ആദ്യത്തെ യുഎസ് നേവി ഡിസ്ട്രോയറാണിത്.

2022 ഓഗസ്റ്റിൽ തകർന്ന കപ്പൽ കണ്ടെത്തിയതിന് ശേഷം, ചഒഒഇ യുകെ പ്രതിരോധ മന്ത്രാലയവുമായി സഹകരിച്ച് ഈ സ്ഥലം പഠിക്കാൻ തുടങ്ങി, വിദഗ്ധരായ മുങ്ങൽ വിദഗ്ധർ സമുദ്രത്തിന്റെ ഉപരിതലത്തിന് 400 അടി താഴെയായി കോൺവാളിൽ നിന്ന് 60 മൈൽ തെക്ക് ആണ് ഈ മണി കണ്ടെത്തിയത്.

വാഷിംഗ്ടൺ പോസ്റ്റ് റിപ്പോർട്ട് അനുസരിച്ച്, താമ്രം കൊണ്ട് നിർമ്മിച്ചതും 80 പൗണ്ട് ഭാരമുള്ളതും, ആണ് കണ്ടെത്തിയ മണി. മണിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി എൻഎച്ച്എച്ച്സിയെ ബന്ധപ്പെട്ടെങ്കിലും ഉടനടി പ്രതികരണം ലഭിച്ചില്ല എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്.




## ജന്മദിവസം അമ്മയെ ഓർക്കുമ്പോൾ

(ആത്മഗതം)



മലയാളമാസ കലണ്ടറിൽ കുംഭമാസം 13-ാം തീയതി എന്റെ അമ്മ ചെത്തിപ്പുഴ തിരുഹൃദയ ദേവാലയ പ്രതിഷ്ഠയായ തിരുഹൃദയ പ്രതിമയ്ക്കു മുന്നിൽ കൈ കൂപ്പി മുട്ടിന്മേൽനിന്ന് പ്രാർത്ഥിക്കുന്നതിന് ഞാൻ നിനക്കു മാത്രമായി സമർപ്പിക്കുന്നു. എനിക്ക് ഒന്നും വേണ്ട. എല്ലാം നിനക്കുമാത്രമായി നിന്റേതുമാത്രമായി എനിയ്ക്കുള്ള സമ്മാനം. അന്നുരാത്രി പത്തായപ്പുരയിൽ സ്ത്രീകൾക്കു മാത്രമായുള്ള മുറിയിൽ അമ്മ വേദനപൂണ്ടു കരഞ്ഞു. അമ്മയുടെ ഇളയ സഹോദരൻ തങ്കച്ചൻ അന്നു പന്ത്രണ്ടുവയസുകാരൻ ഓടിപ്പോയി അയലത്തെ വീട്ടിലെ തർത്യാചേടത്തിയെവിളിച്ചുകൊണ്ടുവന്നു.ചേട്ടത്തിയ്ക്കുകാര്യംപിടികിട്ടി. അവർ എല്ലാ ക്രമീകരണങ്ങളും ചെയ്തു. വേദനകൊണ്ടു അമ്മ പുളഞ്ഞു. തിരുഹൃദയ ദൈവത്തിൽ ആശ്രയിച്ചു കരഞ്ഞു. താമസംവിനാ ഒരു ശിശുപുറത്തേക്കുവന്നു അതു ഞാനായിരുന്നു; ജോസഫ് മറ്റപ്പറമ്പൻ.

# ഇന്ത്യക്കാരെല്ലാം അമേരിക്കയിലേക്കോ! കണക്കുകൾ പറയുന്നതെന്താണ്?



മറ്റു രാജ്യങ്ങളിൽ സ്ഥിര താമസമാക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യക്കാരിൽ ഭൂരിഭാഗവും ആദ്യം തിരഞ്ഞെടുക്കുന്ന രാജ്യം അമേരിക്കയാണ്. 2023 ൽ 59,000 ത്തോളം ഇന്ത്യക്കാരാണ് അമേരിക്കൻ പൗരത്വം നേടിയിട്ടുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അമേരിക്കൻ പൗരത്വം സ്വന്തമാക്കുന്നവരിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നതും ഇന്ത്യക്കാരാണ്.

അമേരിക്കയുടെ സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസിന്റെ (യുഎസ്സിഐഎസ്) റിപ്പോർട്ട് പ്രകാരം കഴിഞ്ഞ വർഷം 8.7 ലക്ഷം വിദേശികൾ അമേരിക്കൻ പൗരന്മാരായി. ഇവരിൽ 1.1 ലക്ഷത്തിലധികം പേർ മെക്സിക്കൻ പൗരന്മാരാണ്. അവർ ഇപ്പോൾ അമേരിക്കക്കാരായി മാറിയിരിക്കുന്നു. അതിന് പിന്നിൽ ഇന്ത്യക്കാരാണ്. 59,100 ഇന്ത്യക്കാരാണ് അമേരിക്കൻ പൗരത്വം സ്വീകരിച്ചത്. ഇവരെക്കൂടാതെ ഫിലിപ്പീൻസിൽ നിന്ന് 44,800 പേരും ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ നിന്ന് 35,200 പേരും അമേരിക്കൻ പൗരന്മാരായി മാറിയിട്ടുണ്ട്.

### അമേരിക്കൻ പൗരത്വം ലഭിക്കാൻ എന്ത് ചെയ്യണം

അമേരിക്കൻ പൗരത്വം ലഭിക്കാൻ വളരെ ബുദ്ധിമുട്ടാണ്. അമേരിക്കൻ പൗരത്വം സ്വന്തമാക്കുവാൻ ആഗ്രഹിക്കുന്നവർ ഇമിഗ്രേഷൻ ആന്റ് നാഷണാലിറ്റി ആക്ടിൽ (ഐഎൻഎ) നൽകിയിരിക്കുന്ന യോഗ്യതകൾ പാലിക്കേണ്ടതുണ്ട്.

അമേരിക്കൻ പൗരത്വം നേടുന്നതിന് ഒരു വിദേശ പൗരൻ കുറഞ്ഞത് അഞ്ച് വർഷമെങ്കിലും യുണൈറ്റഡ് സ്റ്റേറ്റ്സിൽ നിയമപരമായ സ്ഥിര താമസക്കാരനായിരിക്കണം. ഒരു വിദേശി ഒരു അമേരിക്കക്കാരനെ/അമേരിക്കക്കാരിയെ വിവാഹം കഴിക്കുകയാണെങ്കിൽ അതിനുശേഷം മൂന്നു വർഷം നിയമപരമായ സ്ഥിരതാമസക്കാരനായിരുന്നാൽ മാത്രമേ അമേരിക്കൻ പൗരത്വത്തിന് അപേക്ഷിക്കാൻ കഴിയൂ. 2023 ൽ യു.എസ് പൗരത്വം ലഭിച്ച വിദേശികളിൽ ഭൂരിഭാഗവും അഞ്ചു വർഷമായി അവിടെ നിയമപരമായി സ്ഥിരതാമസിക്കുന്നവരായിരുന്നു. സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്നവർക്കും അമേരിക്കൻ ഭരണഘടന കുറച്ച് ഇളവുകൾ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഒരു വിദേശി അമേരിക്കൻ പൗരത്വം നേടുന്നതിന് മുമ്പ് ഗ്രീൻ കാർഡ് നേടിയിരിക്കണം. ഗ്രീൻ കാർഡിനെ പെർമനന്റ് റസിഡന്റ് കാർഡ് എന്നും വിളിക്കുന്നു. ഓരോ രാജ്യത്തിനും ഗ്രീൻ കാർഡിന് വ്യത്യസ്ത ക്വാട്ടയുണ്ട്. കഴിഞ്ഞ വർഷം ഒക്ടോബറിൽ പുറത്തുനിന്ന് റിപ്പോർട്ടുകൾ പ്രകാരം 11 ലക്ഷം ഇന്ത്യക്കാരാണ് ഗ്രീൻ കാർഡിനായി കാത്തിരിക്കുന്നത്.

അമേരിക്കയിലെ 2.35 കോടി ജനങ്ങൾ ഏഷ്യൻ വംശജരാണെന്നാണ് കണക്ക്. 52 ലക്ഷം പൗരന്മാർ ചൈനീസ് വംശജരാണ്. ഇന്ത്യക്കാർ രണ്ടാം സ്ഥാനത്താണ്. അമേരിക്കയിലെ ഇന്ത്യക്കാരുടെ ജനസംഖ്യ ഏകദേശം 48 ലക്ഷമാണ്. ഇവരിൽ 16 ലക്ഷത്തിലധികം വിസ ഉടമകളും ഉണ്ട്. അമേരിക്കയിൽ ജനിച്ചവരുടെ എണ്ണം 10 ലക്ഷത്തിലേറെയാണ്.

# ബോംബ് ഭീഷണി; യുണൈറ്റഡ് എയർലൈൻസ് വിമാനം ഷിക്കാഗോയിലേക്ക് വഴി തിരിച്ചു വിട്ടു

ലോസ് ഏഞ്ചൽസിലേക്ക് പോകുകയായിരുന്ന യുണൈറ്റഡ് എയർലൈൻസ് വിമാനം ബോംബ് ഭീഷണിയെ തുടർന്ന് ഷിക്കാഗോയിലേക്ക് വഴി തിരിച്ചു വിട്ടതായി റിപ്പോർട്ട്. ഫെഡറൽ ഏവിയേഷൻ അതോറിറ്റി (എഫ്എഎ) അറിയിച്ചതനുസരിച്ച് വിമാനം ബുധനാഴ്ച രാവിലെ 7.40 ഓടെ ഷിക്കാഗോ ഓഹെയർ ഇന്റർനാഷണൽ എയർപോർട്ടിൽ സുരക്ഷിതമായി ഇറക്കി. തുടർന്ന് എല്ലാ യാത്രക്കാരെയും ഒഴിപ്പിച്ചു.

നെവാർക്ക് ലിബർട്ടി ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് ലോസ് ഏഞ്ചൽസ് ഇന്റർനാഷണൽഎയർപോർട്ടിലേക്ക്പുറപ്പെട്ടബോയിംഗ്787 വിമാനമാണ് വഴി തിരിച്ചു വിട്ടത്. യാത്രക്കാരെ ഒഴിപ്പിച്ച ശേഷം വിമാനത്തിൽ തിരച്ചിൽ നടത്തി.

പ്രാഥമിക പോലീസ് റിപ്പോർട്ട് അനുസരിച്ച്, വിമാനം പൊട്ടിത്തെറിക്കുമെന്ന് സൂചിപ്പിക്കുന്ന ഒരു കുറിപ്പ് വിമാനത്തിന്റെ ബാത്റൂമിൽ നിന്ന് കണ്ടെത്തുകയായിരുന്നു. ബോംബ് സ്നിഫിംഗ് കെ9 യൂണിറ്റ് സംശയാസ്പദമായ ഒരു ബാഗ് കണ്ടെത്തിയതായും അത് നീക്കം ചെയ്യാൻ ഒരു റോബോട്ടിനെ വിന്യസിച്ചതായും ആണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

അതേസമയം ആ ബാഗ് പരിശോധിച്ച ശേഷം ഉടമ എന്ന് കരുതുന്ന യാത്രക്കാരനെ പോലീസ് ചോദ്യം ചെയ്യുകയാണ്. എന്നാൽ എഫ്ബിഐ ഷിക്കാഗോയിൽ നിന്നുള്ള വക്താവ് പങ്കിട്ട പ്രസ്താവന അനുസരിച്ചു പൊതുജനങ്ങൾ പേടിക്കേണ്ട സാഹചര്യം ഇല്ലെന്ന് വ്യക്തമാക്കി.

## പ്രതിരോധ ബന്ധം ശക്തമാക്കും:

# ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ്, യുഎസ് ഇൻഡോ–പസഫിക് കമാൻഡുമായി കൂടിക്കാഴ്ച നടത്തി



ന്യൂഡൽഹി: ഇന്ത്യയുടെ ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ അനിൽ ചൗഹാൻ, യുണൈറ്റഡ് സ്റ്റേറ്റ്സ് ഇൻഡോപസഫിക് കമാൻഡിന്റെ (യുഎസ് ഇൻഡോപാകോം) അഡ്മിറൽ ജോൺ ക്രിസ്റ്റഫർ അക്വിലിനോയുമായി കൂടിക്കാഴ്ച നടത്തി. ബുധനാഴ്ച നടന്ന കൂടിക്കാഴ്ചയിൽ സമകാലിക സുരക്ഷാ വെല്ലുവിളികൾ ചർച്ച ചെയ്യുകയും ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തമായ ബന്ധം ഉറപ്പിക്കുകയും ചെയ്തു.

സമകാലിക സുരക്ഷാ വെല്ലുവിളികളെക്കുറിച്ചും പരസ്പര തന്ത്രപരമായ താൽപ്പര്യങ്ങളെക്കുറിച്ചും ഉഭയകക്ഷി പ്രതിരോധ സഹകരണത്തെക്കുറിച്ചും ഇരുവരും ചർച്ച ചെയ്തതായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ പങ്കുവെച്ചുകൊണ്ട് ഹെഡ്ക്വാർട്ടേഴ്സ് ഇന്റഗ്രേറ്റഡ് ഡിഫൻസ് സ്റ്റാഫ് (എച്ച്ക്യു ഐഡിഎസ്) പറഞ്ഞു.

നേരത്തെ സിഡിഎസ് ജനറൽ അനിൽ ചൗഹാൻ ലോക്ഹീഡ് മാർട്ടിന്റെ പ്രതിനിധി സംഘവുമായി ആശയവിനിമയം നടത്തിയിരുന്നു. 'മേക്ക് ഇൻ ഇന്ത്യ' സംരംഭത്തിന് അനുസൃതമായി ഉൽപ്പന്നങ്ങൾക്കും സാങ്കേതികവിദ്യകൾക്കുമായി ഇന്ത്യൻ പ്രതിരോധ വ്യവസായവുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ചായിരുന്നു ചർച്ച. ഇന്റർനാഷണൽ ബിസിനസിന്റെ വൈസ് പ്രസിഡന്റ് റെയ്മണ്ട് പി പിസെല്ലിയാണ് പ്രതിനിധി സംഘത്തെ നയിച്ചതെന്ന് എച്ച്ക്യു ഐഡിഎസ് എക്സിലെ മറ്റൊരു പോസ്റ്റിൽ വ്യക്തമാക്കിയിരുന്നു.

മേരിലാൻഡിലെ ബെഥെസ്ഡ ആസ്ഥാനമായി പ്രവർത്തിക്കുന്ന യുഎസ് എയ്റോസ്പേസ് മേജർ ലോക്ക്ഹീഡ് മാർട്ടിൻ, നൂതന സാങ്കേതിക സംവിധാനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗവേഷണം, രൂപകൽപ്പന, വികസനം, നിർമ്മാണം, സംയോജനം, സുസ്ഥിരത എന്നിവയിൽ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു ആഗോള സുരക്ഷാ, എയ്റോസ്പേസ് കമ്പനിയാണ്.









## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#020724

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan alliancefrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#013124

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**
**Mail: sibymathayi@icloud.com**

#020724

## NANNY WANTED IN CHICAGO AREA

**Looking for a** Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.
If interested, please TEXT

**630-465-1059**
We offer competitive pay.

#013124

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224-382-3669**
ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#020724

## BABYSITTER WANTED

**ഫിലാഡൽഫിയയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് 2 വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**ഷീബ (516-209-8800),**
**സിറിയക് (718-869-4626)**

#020724

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**നിജോ തോമസ്**

#022124

### സെന്റ് ആന്റണീസ് നൊവേന



ഓ ധന്യനായ വിശുദ്ധ അന്തോനീസേ നന്മയുടെ നിറകുടവും എളിമയുടെ ദർപ്പണവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മദ്ധ്യസ്ഥതയാൽ രോഗവും മരണവും അബദ്ധവും അനർത്ഥങ്ങളും തിന്മകളും നഷ്ടങ്ങളും ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദുഃഖിതർക്ക് ആശ്വാസവും പാപികൾക്ക് അനുതാപവും നൽകുന്നതിനും കഴിവുള്ള അങ്ങേയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല. ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ വിശുദ്ധ അന്തോനീസേ അങ്ങ് ഞങ്ങൾക്ക് എന്നും തുണയും മദ്ധ്യസ്ഥനും ഉപകാരിയും ആയിരിക്കേണമേ. ഞങ്ങളുടെ ആത്മീകവും ഭൗതീകവുമായ സകല ആവശ്യങ്ങളും പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ പരമപിതാവായ ദൈവത്തിന്റെ പക്കൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോണീസ് അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സകലതും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ എല്ലാവിധ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കണമേ. ജീവിത ക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടുവാനും പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ ഞങ്ങൾക്ക് അങ്ങ് ശക്തമായ തുണയായിരികണം. ഉദാരതയും സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞാൻ അപേഷിക്കുന്നു.

ആമേൻ

**ജോർജ് ജോസഫ്**

#022124

വാചകം VACHAKAM vachakam.com
മാട്രിമോണിയൽ, ക്ലാസിഫൈഡ് പരസ്യങ്ങൾക്ക്
ബന്ധപ്പെടുക: 773-888-2242
E-mail: vachakamonline@gmail.com
news@vachakam.com

# സംശയാസ്പദമായി പാർക്ക് ചെയ്ത വാഹനത്തിനുള്ളിൽ റോക്കറ്റ് ലോഞ്ചർ കണ്ടെത്തി പോലീസ്

സട്ടൺ ഹോട്ടൽ പാർക്കിംഗ് ലോട്ടിൽ നിർത്തിയിട്ട ഒരു വാഹനത്തിനുള്ളിൽ ഉണ്ടായിരുന്ന ക്രാക്ക് കൊക്കെയ്നും യുഎസ് ആർമി റോക്കറ്റ് ലോഞ്ചറും പോലീസ് കണ്ടെത്തിയതായി റിപ്പോർട്ട്. ഈ വസ്തുക്കൾ കൈവശം വച്ചതിന് ഒരാളെ പോലീസ് അറസ്റ്റ് ചെയ്തതായും റിപ്പോർട്ടുകൾ ഉണ്ട്. സട്ടൺ പോലീസ് ഡിപ്പാർട്ട്മെന്റ് ബുധനാഴ്ച ഒരു ഫേസ്ബുക്ക് പോസ്റ്റിൽ ആണ് ഇക്കാര്യം അറിയിച്ചത്.

പോലീസ് പറയുന്നതനുസരിച്ച്, ഡിപ്പാർട്ട്മെന്റിലെ ഡിറ്റക്ടീവുകളിലൊരാൾ റൂട്ട് 146ൽ നിന്ന് റെഡ് റൂഫ് ഹോട്ടലിന്റെ സൈഡ് ലോട്ടിൽ പാർക്ക് ചെയ്തിരുന്ന സംശയാസ്പദമായ വാഹനത്തിൽ നിരീക്ഷണം നടത്തുകയായിരുന്നു. കുറച്ച് സമയത്തിന് ശേഷം, ഡിറ്റക്ടീവ് വാഹനത്തെ സമീപിച്ച് ഡ്രൈവർ സീറ്റിൽ ഇരിക്കുന്ന ഏക യാത്രക്കാരനോട് സംസാരിച്ചു. ഹാർവി ജോൺസൺ എന്നാണ് ഇയാളുടെ പേര് എന്നാണ് പുറത്തു വരുന്ന




വിവരം.

ഇരുവരും സംസാരിക്കുന്നതിനിടയിൽ മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് സാധാരണയായി ഉപയോഗിക്കുന്ന വസ്തുക്കൾ ഡിറ്റക്ടീവ് കണ്ടു. അതേസമയം ഏത് തരത്തിലുള്ള വസ്തുക്കളാണ് കണ്ടെത്തിയതെന്ന് പോലീസ് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഡിറ്റക്ടീവ് തന്റെ അന്വേഷണം തുടരുകയും ജോൺസന്റെ വാഹനത്തിനുള്ളിൽ ഞ190 യുഎസ് ആർമി റോക്കറ്റ് ലോഞ്ചർ കണ്ടെത്തുകയും ചെയ്തതായി പോലീസ് കൂട്ടച്ചേർത്തു.

സാധനങ്ങൾ പിടിച്ചെടുത്ത പോലീസ് ജോൺസണെതിരെ കൊക്കെയ്ൻ കൈവശം വച്ചതിനും തീപിടുത്തമുണ്ടാക്കുന്ന ഉപകരണം കൈവശം വച്ചതിനും കേസെടുത്തു. അതേസമയം റോക്കറ്റ് ലോഞ്ചർ പ്രവർത്തന ക്ഷമമാണോ, വാഹനത്തിനുള്ളിൽ റോക്കറ്റുകൾ ഉണ്ടോ എന്ന ചോദ്യങ്ങളോട് സട്ടൺ പോലീസ് പ്രതികരിച്ചില്ല.

# രാജ്യം തിരഞ്ഞെടുപ്പ് ചൂടിലേയ്ക്ക്; അറിയാം രാജ്യസഭയെ



അമ്പത്താറ് രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 27ന് നടക്കുകയാണ്. പതിനഞ്ച് സംസ്ഥാനങ്ങളിൽ നിന്ന് ഒഴിവ് വരുന്ന സീറ്റിലേയ്ക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ആറു വർഷമാണ് രാജ്യസഭാംഗങ്ങളുടെ കാലാവധി.

ഭരണഘടനയുടെ എൺപത്തി മൂന്നാം വകുപ്പ് പ്രകാരം രാജ്യസഭയുടെ കാലാവധി ഒരിക്കലും കഴിയില്ല. അതായത് രാജ്യസഭ പൂർണമായും പിരിച്ചു വിടപ്പെടുന്നില്ല. രണ്ടു വർഷ ഇടവേളയിൽ രാജ്യ സഭയിൽ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് പേർ കാലാവധി പൂർത്തിയാക്കി വിരമിക്കും. എന്നാൽ പലപ്പോഴായി വന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ആറു വർഷത്തിൽ മൂന്നു തവണ മാത്രം നടക്കേണ്ട രാജ്യ സഭാ തിരഞ്ഞെടുപ്പ് ഇപ്പോൾ മൂന്നിലേറെ തവണയാണ് നടക്കുന്നത്.

ചില സംസ്ഥാനങ്ങളിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയത് കാരണവും സംസ്ഥാന നിയമസഭകൾ കാലാവധി എത്തുന്നതിന് മുമ്പ് പിരിച്ചു വിടപ്പെട്ടതുകൊണ്ടുമൊക്കെയാണ് ഇങ്ങിനെ തിരഞ്ഞെടുപ്പ് സമയക്രമം മാറ്റിമറിക്കപ്പെട്ടത്. രാജ്യ സഭാ തിരഞ്ഞെടുപ്പ് വേളയിൽ സംസ്ഥാനങ്ങളിൽ നിയമസഭ മരവിപ്പിച്ചു നിർത്തിയ സാഹചര്യങ്ങളിലും തിരഞ്ഞെടുപ്പ് മാറ്റി വെക്കപ്പെട്ടിട്ടുണ്ട്. രണ്ട് വർഷം തോറുമുള്ള രാജ്യസഭാ തിരഞ്ഞെടുപ്പെന്ന പതിവ് അതോടെ അട്ടിമറിക്കപ്പെട്ടു.

ഭരണഘടനയുടെ എൺപതാം വകുപ്പ് പ്രകാരം വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിലും നിന്നും രാജ്യസഭയിലെത്താവുന്ന പരമാവധി അംഗങ്ങൾ 238 ആയി നിജപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ രാഷ്ട്രപതിക്ക് പരമാവധി 12 അംഗങ്ങളെ നാമനിർദേശം ചെയ്യാം. ഇതുകൂടി ചേരുമ്പോൾ സഭയുടെ ആകെ അംഗബലം 250 ആകും. എന്നാൽ രാജ്യസഭയിൽ ഇപ്പോഴുള്ളത് 245 അംഗങ്ങളാണ്. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ എണ്ണം ഭരണഘടനയുടെ നാലാം ഷെഡ്യൂൾ പ്രകാരം 233 ആയി പുന ക്രമീകരിച്ചിരിക്കുന്നു. ജനസംഖ്യാ അനുപാതത്തിലാണ് വിവിധ സംസ്ഥാനങ്ങൾക്ക് രാജ്യസഭാ സീറ്റുകളുടെ എണ്ണം നിശ്ചയിച്ചു നൽകിയിരിക്കുന്നത്.

### രാജ്യസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ

എൺപതാം വകുപ്പ് നാലാം ഉപവകുപ്പ് പ്രകാരം നിയമസഭാംഗങ്ങളാണ് രാജ്യസഭയിലേക്ക് അതതു സംസ്ഥാനത്തു നിന്നുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുക. ആനുപാതിക പ്രാതിനിധ്യ രീതിയിൽ സിംഗിൾ ട്രാൻസ്ഫറബിൾ വോട്ട് അടിസ്ഥാനമാക്കിയാണ് തിരഞ്ഞെടുപ്പ് നടക്കുക. ഓരോ പാർട്ടികൾക്കും നിയസഭയിൽ അവർക്കുള്ള അംഗബലത്തിന്റെ അടിസ്ഥാനത്തിൽ ഒന്നോ അതിലേറെയോ അംഗങ്ങളെ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കാം എന്നതാണ് ആനുപാതിക പ്രാതിനിധ്യം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്.

ഓരോ നിയമസഭാംഗത്തിനും ഒരു വോട്ടാണ് ഉണ്ടാവുക. നിയമസഭാംഗങ്ങൾക്ക് നൽകുന്ന ബാലറ്റ് പേപ്പറിൽ മുഴുവൻ സ്ഥാനാർത്ഥികളുടേയും പേര് രേഖപ്പെടുത്തിയിരിക്കണം. ഇവരിൽ നിന്ന് ഇഷ്ടാനുസരണം മുൻഗണനാ ക്രമം നിശ്ചയിച്ച് ഒന്ന് രണ്ട് മൂന്ന് ക്രമത്തിൽ വോട്ട് രേഖപ്പെടുത്താം. ഏതെങ്കിലും ഒരു സ്ഥാനാർത്ഥിക്ക് എം.എൽ.എ ഒന്നാം വോട്ട് നൽകിയിരിക്കണം. നിലവിലുള്ള ഒഴിവുകളേക്കാളേറെ സ്ഥാനാർത്ഥികൾ മൽസരരംഗത്തുള്ള സാഹചര്യത്തിൽ ഏതെങ്കിലും സാഥാനാർത്ഥിക്ക് അല്ലെങ്കിൽ സ്ഥാനാർത്ഥിമാർക്ക് ഒന്നാം വോട്ടുകൾ വെച്ച് ജയിക്കാൻ വേണ്ട വോട്ട് നേടിയെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ മാത്രമാണ് തൊട്ടു താഴെയുള്ള രണ്ടാം പ്രിഫറൻസ് വോട്ടും എണ്ണാൻ തുടങ്ങുകയുള്ളു.

### വോട്ടുകൾ എങ്ങനെ കണക്കാക്കുന്നു

ഉദാഹരണത്തിന് കേരളത്തിൽ മൂന്ന് രാജ്യ സഭാ സീറ്റുകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നുവെന്നിരിക്കട്ടെ. ഒരു സ്ഥാനാർത്ഥിക്ക് തിരഞ്ഞെടുക്കപ്പെടാൻ വേണ്ട വോട്ടുകൾ എങ്ങിനെ കണക്കാക്കാമെന്ന് പരിശോധിക്കാം. കേരളത്തിലെ ആകെ എംഎൽഎമാർ 140. അതിനെ ഒഴിവുവരുന്ന 3 സീറ്റുകളുടെ എണ്ണത്തോട് ഒന്ന് ചേർത്തു കിട്ടുന്ന സംഖ്യ അതായത് നാലു കൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യയോട് ഒന്ന് ചേർത്താൽ കിട്ടുന്നത് 36 ആണ്. അതായത് കേരളത്തിൽ മൂന്ന് രാജ്യ സഭാ സീറ്റിലേക്ക് തിരഞ്ഞെടുപ്പ് നടന്നാൽ ജയിക്കാൻ ഒരു സ്ഥാനാർത്ഥിക്ക് ചുരുങ്ങിയത് 36 വോട്ട് വേണ്ടി വരുമെന്ന് ചുരുക്കം.

### ഉപരി സഭയുടെ മൂല്യം ഇടിയുന്നു

നിലവാരവും മൂല്യങ്ങളും ഉയർത്തിപ്പിടിച്ച് അർത്ഥവത്തായ ചർച്ചകളും വിലയിരുത്തലുകളും നടക്കുന്ന വേദിയായാണ് ഉപരിസഭയായ രാജ്യസഭയെ കോൺസ്റ്റിറ്റിയുവന്റ് അസംബ്ലിയിൽ ലോകനാഥ് മിശ്ര വിഭാവന ചെയ്തത്. ജനപ്രിയ വോട്ടുകൾ സമാഹരിച്ച് തെരഞ്ഞെടുപ്പിൽ ജയിച്ചുവരാനാകാത്ത യഥാർത്ഥ പ്രതിഭാധനന്മാർക്ക് അവരുടെ പ്രതിഭയും ബുദ്ധിയും സകല കഴിവുകളും പുറത്തെടുക്കാനും നിയമനിർമാണത്തിൽ പങ്കാളികളാകാനും ഉള്ള വേദിയാണ് രാജ്യസഭയെന്ന് എം അനന്തശയനം അയ്യങ്കാറും കോൺസ്റ്റിറ്റിയുവന്റ് അസംബ്ലിയിൽ അഭിപ്രായപ്പെട്ടു.

എന്നാൽ കാലം കടന്നു പോയതോടെ രാജ്യസഭയുടെ ഗൗരവത്തിലും സ്വഭാവത്തിലുമൊക്കെ മാറ്റം വന്നു. ഭരണഘടനാ ശിൽപ്പികൾ ഉദ്ദേശിച്ച രീതിയിൽ ഗൗരവ തരമായ ചർച്ചകൾ നടക്കുന്ന പ്രതിഭകളുടേയും ചിന്തകരുടേയും പണ്ഡിതന്മാരുടേയും ഒരു സഭയെന്ന നിലയിൽ നിന്ന് രാജ്യ സഭ ഏറെ മാറി. രാജ്യ സഭാ തിരഞ്ഞെടുപ്പിൽ ആർക്കും മൽസരിക്കാമെന്ന് ജന പ്രാതിനിധ്യ നിയമത്തിൽ വ്യവസ്ഥ ചെയ്തതോടെ രാജ്യ സഭയും ലോക്സഭ പോലെ മറ്റൊരു സഭ മാത്രമായി മാറി. കൗൺസിൽ ഓഫ് സ്റ്റേറ്റ് എന്ന സങ്കൽപ്പം പതിയെ അപ്രത്യക്ഷമായി. പകരം രാഷ്ട്രീയക്കാരുടേയും നോമിനികളുടേയും കൗൺസിലായി മാറി. രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരെല്ലാം പാർലമെന്ററി പ്രക്രിയയിൽ മികച്ച സംഭാവനകളർപ്പിക്കാൻ ശേഷിയുള്ള പരിണ്ഡിത പ്രജ്ഞരായ നേതാക്കളല്ല എന്നതും വസ്തുതയാണ്.

തുടർച്ചയുള്ള സഭയായ രാജ്യസഭയും ഓരോ അഞ്ച് വർഷത്തിലും മാറിക്കൊണ്ടിരിക്കുന്ന സഭയായ ലോക്സഭയും ചേർന്ന ഇന്ത്യൻ പാർലമെന്റ് സംവിധാനം അതിമഹത്തായ ഒരു സംവിധാനമാണ്.

രണ്ട് തട്ടുള്ള പാർലമെന്ററി സംവിധാനത്തിന്റേയും ഉപരിസഭയുടേയും ചരിത്രത്തിന് പതിനെട്ടാം നൂറ്റാണ്ടോളം പഴക്കമുണ്ട്. അമേരിക്കൻ ഭരണഘടന രൂപപ്പെടുത്തുന്ന വേളയിൽ തോമസ് ജെഫേഴ്സൺ ജോർജ് വാഷിങ്ടണുമായി വലിയ തർക്കത്തിലേർപ്പെടുകയുണ്ടായി. വിഷയം മറ്റൊന്നുമായിരുന്നില്ല,ദ്വിതലനിയമനിർമാണ സഭ സ്ഥാപിക്കുന്നത് എന്തിനെന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. ഒരുക്കൽ ജോർജ് വാഷിങ്ടണൊപ്പമിരുന്ന് പ്രാതൽ കഴിക്കുന്നതിനിടെ ജെഫേഴ്സണോട് വാഷിങ്ടൺ ചോദിച്ചു.

'നിങ്ങൾ എന്തിനാണ് കാപ്പി സോസറിലൊഴിച്ച് കുടിക്കുന്നത്'. ജെഫേഴ്സന്റെ മറുപടി വന്നു. 'തണുപ്പിക്കാൻ' അതു കേട്ട ജോർജ് വാഷിങ്ടൺ ഉടൻ മറുപടി കൊടുത്തു. നിയമ നിർമാണത്തെ നമ്മൾ സെനറ്റെന്ന സോസറിലോഴിച്ച് തണുപ്പിക്കും.

രാജ്യസഭാ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ രാജ്യസഭയെയും തിരഞ്ഞെടുപ്പ് രീതിയെയും വിശകലനം ചെയ്തുകൊണ്ട് മുൻ രാജ്യസഭാ സെക്രട്ടറിയും ഐഎഎസ് ഉദ്യോഗസ്ഥനുമായ വിവേക് അഗ്നിഹോത്രി ഒരു ദേശീയ മാധ്യമത്തിൽ വിശദമാക്കിയതാണ് ഇക്കാര്യങ്ങൾ.





# കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതിയെ മാറ്റിമറിക്കുമോ?



ഭൂമിയുടെ ഉപരിതല താപനില ഒരു ഡിഗ്രി സെൽഷ്യസ് ഉയരുന്ന പ്രവണത ആഗോള തലത്തിൽ തന്നെ പ്രകടമായിത്തുടങ്ങിയിരുന്നു. ഈ ആഗോള താപനം ക്രമാനുഗതമായി കൂടിക്കൂടി വന്ന് 2016, 2017, 2019, 2023 വർഷങ്ങളിലേക്കെത്തുമ്പോൾ താപനിലയിലെ ശരാശരി വർധന 1.5 ഡിഗ്രി സെൽഷ്യസിലെത്തി. അതും പോരാഞ്ഞ് 2024 ൽ എപ്പോൾ വേണമെങ്കിലും രാജ്യാന്തര തലത്തിൽ അനുവദിക്കപ്പെട്ടിരിക്കുന്ന പരമാവധി പരിധി മറി കടന്നേക്കുമെന്ന റിപ്പോർട്ടുകളും പുറത്ത് വരുന്നുണ്ട്.

2050 ഓടെ ഇന്ത്യയടക്കം ലോകത്തിന്റെ പല ഭാഗങ്ങളിലും അന്തരീക്ഷ ഊഷ്മാവ് താങ്ങാവുന്നതിനുമപ്പുറം പോകാനിടയുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. അതുകൊണ്ടു തന്നെ സ്വാഭാവികമായും ഭൂമി തണുപ്പിക്കുന്നതിനുള്ള മാർഗങ്ങൾ തേടേണ്ടി വരും. താപനിലയിലെ വർധന അത്യുഷ്ണത്തിന് വഴി വെക്കും. അതുമാത്രമല്ല ധ്രുവങ്ങളിലെയും ഹിമാലയത്തിലേയും ഹിമാവരണവും വൻതോതിൽ ഉരുകുന്നതിന് കാരണമാകും. ഇത് പേമാരിക്കും സമുദ്ര നിരപ്പ് ഉയരുന്നതിനും വഴിവെക്കുകയും മനുഷ്യന്റേയും ജീവികളുടെയും ആവാസ വ്യവസ്ഥയ്ക്ക് വെല്ലുവിളി ഉയർത്തുകയും ചെയ്യുമെന്നാണ് പഠനങ്ങൾ പറയുന്നത്.

കൂടാതെ വലിയ തോതിലുള്ള മണ്ണിടിച്ചിലുകളും കാട്ടു തീയും മിന്നൽ പ്രളയങ്ങളും ചുഴലിക്കാറ്റുമൊക്കെ ഇന്ത്യയടക്കം ലോകത്തിന്റെ പല ഭാഗങ്ങളിലായി നേരിടേണ്ടിയും വരും. ഇത് വൻതോതിൽ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തിവയ്ക്കും. ആഗോള താപനം വരുത്തി വെക്കുന്ന മാറ്റങ്ങൾ നൂറ്റാണ്ടുകൾ കൊണ്ടും സഹസ്രാബ്ദങ്ങൾ കൊണ്ടും പരിഹരിക്കാനാവാത്തതാണെന്നാണ് ഏറ്റവും ഒടുവിലത്തെ യുഎൻ റിപ്പോർട്ട് വ്യക്തമാക്കുന്നത്.

പ്രത്യേകിച്ചും സമുദ്രനിരപ്പ് ഉയരുന്നതും മഞ്ഞുപാളികളുടെ ശോഷണവും സമുദ്ര താപനിലയിലെ മാറ്റങ്ങളുമൊക്കെ തടുക്കാനാവാതെ തുടരും. ശാസ്ത്രീയ പഠനങ്ങൾ തരുന്ന മുന്നറിയിപ്പിൽ നിന്നും അത് വ്യക്തമാണ്. ഹരിത ഗൃഹവാതകങ്ങളുടെ പുറന്തള്ളൽ നാം എത്ര തന്നെ കുറയ്ക്കാൻ ശ്രമിച്ചാലും കാലാവസ്ഥാ വ്യതിയാനം സംഭവിച്ചു കൊണ്ടു തന്നെയിരിക്കും. അതിന്റെ പ്രത്യാഘാതം ലഘൂകരിക്കാം എന്നത് മാത്രമാണ് നമുക്ക് ആകെ ചെയ്യാവുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കാൻ ശ്രമിക്കുന്നതോടൊപ്പം അതിനോട് ഇണങ്ങിപ്പോകാനും കൂടി സമൂഹത്തിന് കഴിയണം.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ എല്ലായ്പ്പോഴും കാർബൺ ബഹിർഗമനം കുറക്കുന്നതുമായി ചുറ്റിപ്പറ്റിയാണ് പുരോഗമിക്കുക. അന്തരീക്ഷ ഊഷാമാവ് ഉയർത്തുന്നതിൽ പ്രധാനവില്ലനായ കാർബൺഡൈ ഓക്സൈഡിന്റെ അളവ് അന്തരീക്ഷത്തിൽ 417 പാർട്സ് പെർ മില്യൺ ആണെന്ന് 2022ലെ കണക്കുകൾ വ്യക്തമാക്കുന്നു. അന്തരീക്ഷ താപനില നിലവിലുള്ളതിനേക്കാൾ 1.5 ഡിഗ്രി സെൽഷ്യസ് കൂടാതിരിക്കാനുള്ള പോംവഴികളും ഇതിനായി കാർബൺ ബഹിർഗമനത്തോത് എത്രകണ്ട് കുറക്കേണ്ടി വരുമെന്നുമൊക്കെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച യുഎൻ കോൺഫറൻസായ സിഒപി പോലുള്ള വേദികളിൽ ലോക രാഷ്ട്രങ്ങൾ ഗൗരവ തരമായ ചർച്ചകൾ നടത്താറുണ്ട്. ഓരോ രാജ്യവും കാർബൺ ബഹിർഗമന തോത് കുറച്ചു കൊണ്ടു വരുന്നതിനുള്ള സമയക്രമവും നിശ്ചയിക്കാറുണ്ട്.

ആഗോള താപനം ലഘൂകരിക്കാനുള്ള ദീർഘ കാല പദ്ധതികളെക്കുറിച്ച് നമ്മളൊക്കെ ഏറെ കേട്ടിട്ടുണ്ട് ഇതും അതിന്റെ ഭാഗമാണ്.എന്നാൽ അടുത്തെത്തിയ യാഥാർത്ഥ്യവുമായി എങ്ങിനെ ഇണങ്ങിപ്പോകാനാവും എന്നത് കൂടുതലായി ചർച്ച ചെയ്യപ്പെടണം. കാലാവസ്ഥാ മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സമൂഹം സൃഷ്ടിക്കപ്പെടണം. കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടാകുന്ന ഏറ്റവും വലിയ പ്രശ്നം ആവാസ വ്യവസ്ഥയിലേൽപ്പിക്കുന്ന ആഘാതമാണെന്ന് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട രാജ്യാന്തര പാനൽ തന്നെ വ്യക്തമാക്കുന്നു.

ആഗോളതാപനംകാരണംപരിസ്ഥിതിയിലും സമൂഹത്തിലും പൊതുജനാരോഗ്യത്തിലും സാമ്പത്തിക രംഗത്തും ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങളെ ലഘൂകരിക്കാനുള്ള ശ്രമങ്ങളെയാണ് അഡാപ്റ്റേഷൻസ് ടു ക്ലൈമറ്റ് ചേഞ്ച് എന്ന് പൊതുവേ ഉദ്ദേശിക്കുന്നത്. ഇത് സാധ്യമാക്കാൻ ഓരോ രാജ്യത്തിനും അവരുടേതായ സാഹചര്യങ്ങളിൽ അവരുടേതായ പ്രായോഗിക പരിഹാരം ആവശ്യമാണ്. ഓരോ മേഖലയിലുമുള്ളവരുടെ സാഹചര്യം കണക്കിലെടുത്ത് കാലാവസ്ഥാ മാറ്റം അവരുടെ സമൂഹത്തിൽ എന്തുമാറ്റം ഉണ്ടാക്കുമെന്ന് കണക്കാക്കി വേണം പരിഹാരത്തിനു മുതിരേണ്ടത്.



## അലക്സി നവാൽനിയുടെ മരണത്തെക്കുറിച്ച് പൂർണ്ണമായ അന്വേഷണം വേണം; റഷ്യൻ അംബാസഡറെ വിളിച്ചു വരുത്തി കാനഡ

റഷ്യൻ കസ്റ്റഡിയിൽ മരിച്ച അലക്സി നവാൽനിയുടെ മരണത്തിൽ റഷ്യൻ അംബാസഡറെ വിളിച്ചു വരുത്തി കാനഡ. ബുധനാഴ്ച ആണ് കാനഡ റഷ്യൻ അംബാസിഡറെ വിളിച്ചു വരുത്തിയത്. അലക്സി നവാൽനിയുടെ മരണത്തെക്കുറിച്ച് പൂർണ്ണവും സുതാര്യവുമായ അന്വേഷണം നടത്താനും അദ്ദേഹത്തിന്റെ മൃതദേഹം കുടുംബത്തിന് ഉടൻ വിട്ടുനൽകാനും ക്രെംലിനിനോട് ആവശ്യപ്പെട്ടു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.

സർക്കാർ വക്താവ് ആണ് ഇക്കാര്യം അറിയിച്ചത്. നവൽനിയുടെ മരണത്തിൽ കാനഡ അപലപിക്കുന്നതായി ഒരു മുതിർന്ന സർക്കാർ ഉദ്യോഗസ്ഥൻ റഷ്യൻ അംബാസഡർ ഒലെഗ് സ്റ്റെപനോവിനെ അറിയിച്ചു, അദ്ദേഹത്തിന്റെ മരണത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിൽ കാനഡ പങ്കാളികളാകുമെന്നും വക്താവ് പ്രസ്താവനയിൽ വ്യക്തമാക്കി.

## റഷ്യയ്ക്കെതിരെ പുതിയ ഉപരോധം പ്രഖ്യാപിച്ച് യു.എസ്

വാഷിംഗ്ടൺ: റഷ്യക്കെതിരെ പുതിയ ഉപരോധം തീർക്കുമെന്ന് പ്രഖ്യാപിച്ച് യു.എസ്. പ്രതിപക്ഷ നേതാവ് അലക്സി നവാൽനി സൈബീരിയയിലെ തടവറയിൽ കൊല്ലപ്പെട്ട സംഭവത്തിലാണ് പുതിയ പ്രതിരോധം. രണ്ട് വർഷം മുമ്പ് ഉക്രെയ്ൻ അധിനിവേശത്തെ തുടർന്ന് ഉടൻ പ്രാബല്യത്തിൽ വന്ന ഉപരോധങ്ങൾ കടുപ്പിക്കുന്നതാകും വൈറ്റ് ഹൗസ് വ്യക്തമാക്കി.

റഷ്യൻ സമ്പദ്വ്യവസ്ഥയെ തളർത്താൻ ലക്ഷ്യമിട്ടുള്ളതാണ് ഇവയെന്നും വിശദാംശങ്ങൾ വെള്ളിയാഴ്ച പ്രഖ്യാപിക്കുമെന്നും യു.എസ് പ്രസിഡന്റ് ജോ ബൈഡൻ അറിയിച്ചു. നാവൽനിയുടെ മരണത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന മുതിർന്ന സൈബീരിയൻ ജയിൽ ഉദ്യോഗസ്ഥർക്കെതിരെ ബ്രിട്ടൻ നേരത്തെ തന്നെ ഉപരോധം പ്രഖ്യാപിച്ചിരുന്നു.

## 355 മില്യൺ ഡോളർ വിധി, അലക്സി നവാൽനിയുടെ മരണത്തോട് ഉപമിച്ച് ട്രംപ്

ന്യൂയോർക്ക്: സിവിൽ വിചാരണയിൽ തനിക്കെതിരായ 355 മില്യൺ ഡോളർ വിധിയെ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ചൊവ്വാഴ്ച വൈകുന്നേരം ഫോക്സ് ന്യൂസ് ടൗൺ ഹാളിൽ റഷ്യൻ പ്രതിപക്ഷ നേതാവ് അലക്സി നവാൽനിയുടെ മരണത്തോട് ഉപമിച്ചു. 'ഇത് നവാൽനിയുടെ ഒരു രൂപമാണ്. ഇത് കമ്മ്യൂണിസത്തിന്റെയോ ഫാസിസത്തിന്റെയോ ഒരു രൂപമാണ്,' അദ്ദേഹം പറഞ്ഞു. കേസിലെ ജഡ്ജിയായ ആർതർ എൻഗോറോണിനെ അദ്ദേഹം 'നട്ട് ജോബ്' എന്ന് വിളിച്ചു. വെള്ളിയാഴ്ച ജയിലിൽ മരിച്ച റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ തുറന്ന വിമർശകനായ നവാൽനിയുമായി ട്രംപ് സ്വയം പല അവസരങ്ങളിലും ഈ പരിപാടിക്കിടെ താരതമ്യം ചെയ്തു. നേരത്തെ ടൗൺഹാളിൽ വെച്ച് ട്രംപ് നവാൽനിയെ 'വളരെ ധീരനായ വ്യക്തി' എന്ന് പുകഴ്ത്തി, കാരണം 2021 മുതൽ ജയിലിൽ കിടന്നിരുന്ന റഷ്യയിലേക്ക് മടങ്ങാൻ അദ്ദേഹം തിരഞ്ഞെടുത്തു. നവാൽനിയുടെ മരണത്തെതുടർന്നുണ്ടായ രോഷത്തെക്കുറിച്ചുള്ള ചോദ്യത്തിന്, 'അത് ഇവിടെ സംഭവിക്കുന്നു' എന്ന് ട്രംപ് പറഞ്ഞു. തന്റെ കുറ്റാരോപണങ്ങളെല്ലാം 'ഞാൻ രാഷ്ട്രീയത്തിൽ ഉള്ളതുകൊണ്ടാണ്' എന്ന് പറഞ്ഞു. പ്രസിഡന്റ് ജോ ബൈഡനും നിക്കി ഹേലിയും ചെയ്തതുപോലെ, മരണത്തിൽ പുടിനെ കുറ്റപ്പെടുത്തുന്നതിൽ നിന്ന് ട്രംപ് വിട്ടുനിന്നു.







# മന്ത്രി ബിന്ദുവിനെതിരെ കേരള യൂണിവേഴ്സിറ്റി വി.സിയുടെ റിപ്പോർട്ട്





തിരുവനന്തപുരം: കഴിഞ്ഞ ദിവസം സെനറ്റ് യോഗത്തിലേക്ക് ഇടിച്ചുകയറി വന്ന (ഗേറ്റ് ക്രാഷ്) ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ.ബിന്ദു സ്വമേധയാ യോഗത്തിന്റെ അദ്ധ്യക്ഷപദമേറ്റെടുത്തത് നിയമവിരുദ്ധമെന്ന് വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മേൽ ഗവർണർക്ക് റപ്പോർട്ട് നൽകി.

വി.സി പലതും പറയുമെന്നും പ്രോട്ടോക്കോൾ പ്രകാരം വി.സിക്ക് മുകളിലുള്ള പ്രോചാൻസലറായ മന്ത്രിക്ക് അദ്ധ്യക്ഷയാവാതെ മാറിയിരിക്കാനൊക്കുമോയെന്ന് മന്ത്രി ബിന്ദു പ്രതികരിച്ചു.

ഫെബ്രുവരി 16നായിരുന്നു സെനറ്റ് യോഗം. അതേസമയം, 13ന് നടന്ന കാർഷിക വാഴ്സിറ്റി സെനറ്റ് യോഗത്തിൽ കൃഷി മന്ത്രി പി. പ്രസാദ് സാധാരണ അംഗത്തെപ്പോലെയാണ് പങ്കെടുത്തത്. അദ്ധ്യക്ഷനാവാൻ താല്പര്യം കാട്ടിയെങ്കിലും വൈസ് ചാൻസലർ ഡോ.ബി.അശോക് നിയമപ്രശ്നം ചൂണ്ടിക്കാട്ടിയതോടെ പിൻമാറുകയായിരുന്നു.

കേരള യൂണിവേഴ്സിറ്റിയുടെ സെനറ്റ് യോഗങ്ങളിൽ ഇതുവരെ പങ്കെടുത്തിട്ടില്ലാത്ത മന്ത്രി ബിന്ദു, വൈസ് ചാൻസലർ വരുന്നതിനുമുമ്പേ യോഗത്തിനെത്തി നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്തുവെന്ന് റപ്പോർട്ടിൽ പറയുന്നു.

വാഴ്സിറ്റി നിയമപ്രകാരം സെനറ്റ്, സിൻഡിക്കേറ്റടക്കം സമിതികളുടെയെല്ലാം അദ്ധ്യക്ഷൻ വി.സിയായതിനാൽ മന്ത്രി കാട്ടിയത് അധികാരദുർവിനയോഗമാണ്. വി.സിയാണ് അദ്ധ്യക്ഷനാവേണ്ടതെന്ന് ചൂണ്ടിക്കാട്ടിയെങ്കിലും അതിനും മുകളിലാണ് താനെന്ന് പറഞ്ഞ് അദ്ധ്യക്ഷപദം പിടിച്ചെടുത്തു. സെർച്ച്കമ്മിറ്റി പ്രതിനിധിയെ നിശ്ചയിക്കുകയെന്ന ഒറ്റ അജൻഡ മാത്രമാണുണ്ടായിരുന്നത്.

പക്ഷേ, പ്രതിനിധിയെ നൽകേണ്ടെന്ന പ്രമേയം അവതരിപ്പിക്കാൻ മന്ത്രി അനുവദിച്ചു. പ്രമേയത്തിന് അനുമതി നൽകാനും അംഗീകരിക്കാനും തള്ളാനും വി.സിക്കാണ് അധികാരം. മന്ത്രി ഇല്ലാത്ത അധികാരം പ്രയോഗിച്ചുവെന്ന് രാജ്ഭവനിലെത്തി ഗവർണർക്ക് നൽകിയ അഞ്ചു പേജുള്ള റിപ്പോർട്ടിൽ പറയുന്നു.

### യോഗം റദ്ദാക്കും, മന്ത്രിയെ അപ്രീതി അറിയിക്കും

1. പ്രോ ചാൻസലറുടെ ഇല്ലാത്ത അധികാരമുപയോഗിച്ച് മന്ത്രി ആർ.ബിന്ദു അദ്ധ്യക്ഷയായതിനാൽ രജിസ്ട്രാർക്ക് കാരണംകാണിക്കൽ നോട്ടീസയച്ചശേഷം യോഗം ഗവർണർ റദ്ദാക്കും.

2. നിയമവിരുദ്ധമായ നടപടികളെടുത്തതിൽ പ്രോചാൻസലറായ മന്ത്രിയെ ഗവർണർ അപ്രീതിയറിയിക്കും. ആവർത്തിക്കരുതെന്ന് താക്കീതും നൽകാം.

3. സെർച്ച്കമ്മിറ്റിയംഗത്തെ തിരഞ്ഞെടുക്കാൻ വീണ്ടും സെനറ്റ് ചേരാൻ വി.സയോട് നിർദ്ദേശിക്കും.

ഗവർണറുടെ നോമിനികളും യു.ഡി.എഫ് അംഗങ്ങളും നൽകിയ രണ്ടു പേരുകളും നിരസിക്കും.

### ആരും സർവ്വാധികാരിയല്ല: മന്ത്രി

സർവകലാശാലാ കാര്യത്തിൽ ആരും സർവ്വാധികാരിയല്ലെന്ന് മന്ത്രി ആർ.ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഗവർണറുടെ അസാന്നിദ്ധ്യത്തിൽ പ്രോ ചാൻസലർക്ക് അദ്ധ്യക്ഷയാവാം. അതിന് ഗവർണർ ചുമതലപ്പെടുത്തേണ്ട ആവശ്യമില്ല.

യോഗം വിളിച്ചതു തന്നെ നിയമവിരുദ്ധമായിട്ടാണെങ്കിലും പങ്കെടുത്ത് നിലപാട് അറിയിക്കാനായിരുന്നു ഇടത് അംഗങ്ങളുടെ തീരുമാനം. മുൻപ് പല വി.സിമാരെയും പുറത്താക്കാനിടയാക്കിയ അതേ ആക്ട് പ്രകാരമാണ് വീണ്ടും നിയമനത്തിന് യോഗം ചേർന്നത്.

വി.സി രണ്ടു പേരുകൾ ഉയർന്നു വന്നിട്ടുണ്ട് എന്നു പറഞ്ഞു. ആരും നിർദ്ദേശിക്കുകയോ പിന്താങ്ങുകയോ ചെയ്തില്ല. സർവകലാശാലാ ചട്ടങ്ങളും യു.ജി.സി ആക്ടും തമ്മിൽ വൈരുദ്ധ്യമുള്ളതിനാൽ വ്യക്തത തേടി കോടതിയെ സമീപിക്കുമെന്നും മന്ത്രി പറഞ്ഞു.

### മന്ത്രിക്ക് സ്വയം ചുമതല ഏറ്റെടുക്കാനാവില്ല

സെനറ്റ് യോഗങ്ങളിൽ ഗവർണർ പങ്കെടുക്കുന്നത് ഓണററി ബിരുദം അംഗീകരിക്കാൻ മാത്രമാണ്. വി.സിയാണ് സ്ഥിരംഅദ്ധ്യക്ഷൻ. പ്രോചാൻസലർക്ക് ചാൻസലറുടെ ചുമതലകൾ വഹിക്കാൻ ചാൻസലറുടെ രേഖാമൂലമുള്ള നിർദ്ദേശം വേണം.

സെനറ്റിൽ അദ്ധ്യക്ഷയാവണമെന്ന് രാജ്ഭവനോ ചാൻസലറോ ആവശ്യപ്പെട്ടിട്ടില്ല. മന്ത്രിക്ക് യോഗത്തിൽ പങ്കെടുക്കാമെങ്കിലും അദ്ധ്യക്ഷയാകാനാവില്ല.

## ലോക്സഭാ തിരഞ്ഞെടുപ്പ്: അന്തിമ പട്ടികയുമായി സി.പി.എം

തിരുവനന്തപുരം: പൊളിറ്റ് ബ്യൂറോ അംഗം, മന്ത്രിയടക്കം നാല് എം.എൽ.എമാർ, മൂന്ന് ജില്ലാ സെക്രട്ടറിമാർ എന്നിവരടക്കം ലോക്സഭാ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി പട്ടികയ്ക്ക് സി.പി.എം അന്തിമ രൂപം നൽകി. 15 സീറ്റുകളിലാണ് പാർട്ടി മത്സരിക്കുന്നത്. പട്ടികയിൽ ഏറെയും ജന സ്വാധീനമുള്ള മുതിർന്ന നേതാക്കളാണ്. പരമാവധി സീറ്റുകളിൽ ജയിക്കുകയാണ് ലക്ഷ്യം. നാല് കേന്ദ്ര കമ്മിറ്റിയംഗങ്ങളുണ്ട്.

മലപ്പുറം, പൊന്നാനി, എറണാകുളം എന്നിവിടങ്ങളിൽ പുതുമുഖങ്ങളാണ്. എറണാകുളത്തും വടകരയിലും വനിതകൾ. പൊന്നാനിയിൽ മുസ്ലിംലീഗ് മുൻ നേതാവ് കെ.എസ്. ഹംസയാണ് സ്ഥാനാർത്ഥി. ഇന്നലെ ചേർന്ന പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ്, കമ്മിറ്റി യോഗങ്ങൾ പട്ടിക അംഗീകരിച്ചു. കേന്ദ്ര നേതൃത്വം ചർച്ചചെയ്തശേഷം പി.ബി അനുമതിയോടെ 27ന് ഔദ്യോഗികമായി പ്രഖ്യാപിക്കും.

സ്ഥാനാർത്ഥി പട്ടിക: ആറ്റിങ്ങൽ: വി.ജോയ് എം.എൽ.എ (തിരു. ജില്ലാ സെക്രട്ടറി), കൊല്ലം: എം.മുകേഷ് എം.എൽ.എ, പത്തനംതിട്ട: ടി.എം.തോമസ് ഐസക് (മുൻമന്ത്രി, കേന്ദ്രകമ്മിറ്റിയംഗം), ആലപ്പുഴ: എ.എം.ആരിഫ് (സിറ്റിംഗ് എം.പി), എറണാകുളം: കെ.ജെ. ഷൈൻ (പുതുമുഖം, പറവൂർ നഗരസഭാ കൗൺസിലർ, കെ.എസ്.ടി.എ നേതാവ്), ചാലക്കുടി: സി.രവീന്ദ്രനാഥ് (മുൻമന്ത്രി), ആലത്തൂർ: കെ.രാധാകൃഷ്ണൻ (മന്ത്രി, കേന്ദ്രകമ്മിറ്റിയംഗം), മലപ്പുറം: വി.വസീഫ് (പുതുമുഖം, ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ്), പൊന്നാനി:കെ.എസ്.ഹംസ (പുതുമുഖം, ലീഗ് മുൻ നേതാവ്), കോഴിക്കോട്: എളമരം കരീം (മുൻമന്ത്രി, രാജ്യസഭാംഗം, കേന്ദ്രകമ്മിറ്റിയംഗം), വടകര: കെ.കെ.ശൈലജ എം.എൽ.എ (മുൻമന്ത്രി, കേന്ദ്രകമ്മിറ്റിയംഗം), പാലക്കാട്: എ.വിജയരാഘവൻ (പൊളിറ്റ് ബ്യൂറോ അംഗം), കണ്ണൂർ: എം.വി.ജയരാജൻ (ജില്ലാ സെക്രട്ടറി), കാസർകോട്: എം.വി.ബാലകൃഷ്ണൻ (ജില്ലാസെക്രട്ടറി), ഇടുക്കി: ജോയ്സ് ജോർജ് (മുൻ എം.പി)







# ടി.പി. വധക്കേസ്: രണ്ട് പ്രതികൾ കോടതിയിൽ കീഴടങ്ങി



കോഴിക്കോട്: ആർ.എം.പി നേതാവ് ടി.പി ചന്ദ്രശേഖരൻവധക്കേസിൽഹൈക്കോടതികുറ്റക്കാരെന്ന് കണ്ടെത്തിയ രണ്ട് പ്രതികൾ മാറാട് പ്രത്യേക കോടതിയിൽ കീഴടങ്ങി. പത്താം പ്രതിയും സി.പി.എം ഒഞ്ചിയം ഏരിയ കമ്മിറ്റി മുൻ അംഗവുമായ കെ.കെ.കൃഷ്ണൻ, പന്ത്രണ്ടാം പ്രതിയും സി.പി.എം കുന്നുമ്മക്കര ലോക്കൽ കമ്മിറ്റി മുൻ അംഗവുമായ ജ്യോതി ബാബുമാണ് ഇന്നലെ എരഞ്ഞിപ്പാലത്തെ മാറാട് പ്രത്യേക അഡീഷണൽ സെഷൻസ് ജഡ്ജ് എസ്.ആർ. ശ്യാംലാൽ മുമ്പാകെ കീഴടങ്ങിയത്.

കോടതി റിമാൻഡ് ചെയ്ത പ്രതികളെ ബീച്ച് ജനറൽ ആശുപത്രിയിലെ വൈദ്യ പരിശോധനയ്ക്കുശേഷം ജില്ലാ ജയിലിലേക്ക് മാറ്റി. കിഡ്നികൾ തകരാറിലായതിനെ തുടർന്ന് തലശേരി സഹകരണ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ജ്യോതി ബാബുവിനെ ആംബുലൻസിലാണ് കോടതിയിൽ എത്തിച്ചത്. ജ്യോതി ബാബുവിന്റെ രോഗ വിവരവും കെ.കെ.കൃഷ്ണൻ ബൈപ്പാസ് സർജറികഴിഞ്ഞ് തുടർചികിത്സയിലാണെന്ന കാര്യവും അഭിഭാഷകർ കോടതിയെ അറിയിച്ചു.

തുടർന്ന് പ്രതികൾക്ക് ആവശ്യമെങ്കിൽ വൈദ്യസഹായം നൽകാൻ വിചാരണ കോടതി നിർദ്ദേശിച്ചു. കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികളും പ്രോസിക്യൂഷനും നൽകിയ അപ്പീലും, കെ.കെ. രമ എം.എൽ.എ നൽകിയ അപ്പീലും പരിഗണിച്ചാണ് ഹൈക്കോടതി രണ്ടുപേർ കൂടി കുറ്റക്കാരെന്ന് വിധിച്ചത്. ഇരു പ്രതികൾക്കും ജാമ്യമില്ലാ വാറണ്ടും ഹൈക്കോടതി പുറപ്പെടുവിച്ചിരുന്നു. ഹൈക്കോടതി നിർദ്ദേശ പ്രകാരം ഈമാസം 26ന് ഇരുവരെയും ഹൈക്കോടതിയിൽ ഹാജരാക്കും. കെ.കെ. കൃഷ്ണൻ അഡ്വ. കെ.എം. രാംദാസ് മുഖേനയും ജ്യോതി ബാബു അഡ്വ. കെ. വിശ്വൻ മുഖേനയുമാണ് കോടതിയിൽ ഹാജരായത്. സി.പി.എം ഒഞ്ചിയം, പാനൂർ ഏരിയ സെക്രട്ടറിമാർ ഉൾപ്പെടെ നിരവധിപേർ പ്രതികൾക്കൊപ്പം കോഴിക്കോട്ടെ കോടതിയിലെത്തിയിരുന്നു.

### 2 പ്രതികളുടെ ശിക്ഷ കൂടി ശരിവച്ചു

ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ 18-ാം പ്രതി പി.വി. റഫീക്ക്, 31-ാം പ്രതി ലംബു പ്രദീപ് എന്നിവർക്ക് വിചാരണക്കോടതി വിധിച്ച ശിക്ഷയും ഹൈക്കോടതി ശരിവച്ചു. കഴിഞ്ഞ ദിവസം ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിൽ ഇവരുടെ ശിക്ഷ ശരിവയ്ക്കുന്നതായി എടുത്തു പറഞ്ഞിരുന്നില്ല. തുടർന്നാണ് അപ്പീലുകൾ വീണ്ടും പരിഗണിച്ച് ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാരും ജസ്റ്റിസ് കൗസർ എടപ്പഗത്തും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഇക്കാര്യത്തിൽ വ്യക്തത വരുത്തിയത്.

റഫീക്കിന് ജീവപര്യന്തം കഠിനതടവും പിഴയും, ലംബു പ്രദീപിന് മൂന്ന് വർഷത്തെ തടവുമാണ് വിചാരണക്കോടതി വിധിച്ചത്. ശിക്ഷ വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൽ പ്രതികളുടെ ഭാഗം കേൾക്കാൻ റഫീക്കിനെയും 26 ന് മറ്റ് പ്രതികൾക്കൊപ്പം ഹൈക്കോടതിയിൽ ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

# മോഷണ സംഘത്തെ പിടികൂടുന്നതിനിടെ രാജസ്ഥാനിൽ കേരള പോലീസിനു നേരെ വെടിവയ്പ്പ്



ആലുവ: 24 മണിക്കൂറിനിടെ ആലുവയിൽ രണ്ട് വീടുകളിൽ നിന്ന് 48 പവന്റെ ആഭരണങ്ങളും പണവും കവർന്ന കേസിലെ പ്രതികളെ രാജസ്ഥാനിലെ അജ്മീറിൽ നിന്ന് പിടികൂടാൻ ശ്രമിക്കുന്നതിനിടെ കേരള പോലീസ് സംഘത്തിനുനേരെ പ്രതികളിലൊരാൾ വെടിയുതിർത്തു. കേരള പോലീസിനെ സഹായിക്കാൻ ഒപ്പമുണ്ടായിരുന്ന അജ്മീർ ജില്ലാ പോലീസ് ട്രെയിനി ശരൺ കമലെ ഗോപിനാഥിന് നിസാര പരിക്കേറ്റു. കേരള പോലീസ് സംഘം അത്ഭുതകരമായി രക്ഷപ്പെട്ടു. തുടർന്ന് രക്ഷപ്പെടാൻ ശ്രമിച്ച പ്രതികളെ അജ്മീർ പോലീസിന്റെ സാഹായത്തോടെ സാഹസികമായി പിടികൂടി. രണ്ട് നാടൻ തോക്കുകളും പിടിച്ചെടുത്തു.

ഉത്തരാഖണ്ഡ് റാപൂർറൂർക്കി സ്വദേശികളായ ഷെഹജാദ് (33), ഡാനിഷ് (23) എന്നിവരാണ് പിടിയിലായത്. ആലുവ എസ്.ഐ എസ്.എസ്. ശ്രീലാൽ, സി.പി.ഒമാരായ എൻ.എ. മുഹമ്മദ് അമീർ, വി.എ.അഫ്സൽ, മാഹിൻഷാ അബൂബക്കർ, കെ.എം. മനോജ് എന്നിവരാണ് കേരള പോലീസ് സംഘത്തിലുണ്ടായിരുന്നത്.

അജ്മീർ ദർഗ ശെരീഫിന് സമീപത്തെ ജനത്തിരക്കേറിയ മാർക്കറ്റിൽ ചൊവ്വാഴ്ച രാത്രി 9.30നായിരുന്നു സംഭവം. പ്രതികൾ ഇവിടെയുണ്ടെന്ന് മനസിലാക്കി അജ്മീർ പോലീസിനൊപ്പം കേരള സംഘം ഇവിടെ എത്തുകയായിരുന്നു. ഷെഹജാദിനെ പിടികൂടാൻ ശ്രമിക്കുന്നതിനിടെ ഡാനിഷ് തോക്കെടുത്ത് നിറയൊഴിച്ചു. തുടർന്ന് പ്രതികൾ ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും വളഞ്ഞിട്ട് പിടികൂടി.

പ്രതികളെ അജ്മീർ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. കോടതിയിൽ അപേക്ഷ നൽകി പ്രതികളെ കസ്റ്റഡിയിൽ വാങ്ങി ആലുവയിലെത്തിക്കും. പോലീസിനുനേരെ വെടിവച്ചതിനും അക്രമിച്ചതിനും അജ്മീർ പോലീസ് പ്രതികൾക്കെതിരെ കേസെടുത്തു.

ആലുവ റൂറൽ എസ്.പി ഡോ.വൈഭവ് സക്സേന രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘം ഞായറാഴ്ചയാണ് അജ്മീറിലേക്ക് പോയത്. പ്രതികൾ അവിടെയുണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. ഫെബ്രുവരി ഒമ്പതിന് രാത്രി കുട്ടമശേരി സ്വദേശി മുഹമ്മദാലിയുടെ വീട്ടിൽ നിന്ന് 18 പവനും 12500 രൂപയും പത്തിന് രാത്രി ആലുവ ട്രാഫിക് പോലീസ് സ്റ്റേഷന് എതിർവശത്തെ മൂഴിയിൽ ബാബുവിന്റെ വീട്ടിൽ നിന്ന് 30 പവനും 20,000 രൂപയുമാണ് കവർന്നത്. സി.സി ടിവി ദൃശ്യങ്ങളിൽ നിന്നാണ് പ്രതികൾ അന്യസംസ്ഥാനക്കാരാണെന്ന് മനസിലാക്കിയത്.

# നടിയെ ആക്രമിച്ച കേസ്: ഹൈക്കോടതിയുടെ നിർണായക ഉത്തരവ് പുറത്ത്

## ദിലീപിന്റെ എതിർപ്പ് ഹൈക്കോടതി തള്ളി

കൊച്ചി: നടിയെ ആക്രമിച്ച് ദൃശ്യങ്ങൾ പകർത്തിയ കേസിൽ മെമ്മറികാർഡ് അനധികൃതമായി ആരെങ്കിലും പരിശോധിച്ചോ എന്ന കാര്യത്തിൽ ജില്ലാ സെഷൻസ് ജഡ്ജിയുടെ വസ്തുതാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അതിജീവിതയ്ക്ക് നൽകണമെന്ന് ഹൈക്കോടതി. റിപ്പോർട്ട് രഹസ്യരേഖയാണെന്നും പകർപ്പ് ഹർജിക്കാരിക്ക് നൽകരുതെന്നുമുള്ള നടൻ ദിലീപിന്റെ വാദം തള്ളി.

അന്വേഷണറിപ്പോർട്ടിന്റെ പകർപ്പ് കൈമാറാൻ ജില്ലാ ജഡ്ജിയോട് നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ട് നടി നൽകിയ ഉപഹർജിയിലാണ് ജസ്റ്റിസ് കെ. ബാബുവിന്റെ ഉത്തരവ്. ആക്രമണ ദൃശ്യങ്ങളടങ്ങിയ മെമ്മറികാർഡിൽ തിരിമറി ആരോപിച്ച് അതിജീവിത നൽകിയ ഹർജിയിൽ കഴിഞ്ഞ ഡിസംബർ 7നാണ് ജില്ലാ ജഡ്ജിയുടെ അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടത്.

വിചാരണക്കോടതിയുടെ കസ്റ്റഡിയിലായിരുന്ന മെമ്മറികാർഡിന്റെ ഹാഷ് വാല്യു മാറിയത് ആരോ അത് അനധികൃതമായി പരിശോധിച്ചതുകൊണ്ടാണെന്നാണ് അതിജീവിതയുടെ വാദം.

വസ്തുതാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പിനായി അതിജീവിത നേരത്തെ ജില്ലാ സെഷൻസ് കോടതിയിൽ അപേക്ഷ നൽകിയെങ്കിലും കൊടുത്തിരുന്നില്ല. അത്തരമൊരു നിർദ്ദേശം ഹൈക്കോടതി നൽകിയിട്ടില്ലെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് അന്ന് ആവശ്യം നിരാകരിച്ചത്.










# പെൺകുട്ടി പുഴയിൽ മുങ്ങിമരിച്ച നിലയിൽ; കരാട്ടെ പരിശീലകൻ പീഡന ഗുരുവായി



കൊണ്ടോട്ടി: എടവണ്ണപ്പാറയിൽ പ്ലസ് വൺ വിദ്യാർത്ഥിനിയെ ചാലിയാർ പുഴയിൽ മുങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ കരാട്ടെ പരിശീലകനെതിരെ പീഡനമാരോപിച്ച് പെൺകുട്ടിയുടെ കുടുംബം പരാതി നൽകി. പരിശീലകനെതിരെ പോക്സോ കേസ് നൽകാനിരിക്കെയാണ് 17കാരിയെ മുങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

ചൊവ്വാഴ്ച വൈകിട്ട് ആറോടെയാണ് പെൺകുട്ടിയെ കാണാതായത്. രാത്രി എട്ടോടെ ചാലിയാർ പുഴയിൽ അധികം വെള്ളമില്ലാത്ത ഭാഗത്ത് കമിഴ്ന്നു കിടക്കുന്ന നിലയിലായിരുന്നു മൃതദേഹം. മേൽവസ്ത്രം ഉണ്ടായിരുന്നില്ല. ഒരു ചെരുപ്പും മൃതദേഹത്തിനൊപ്പം കണ്ടെത്തി. ആത്മഹത്യ ചെയ്യില്ലെന്നും പരിശീലകനെതിരെ കേസ് നൽകാൻ പെൺകുട്ടി തീരുമാനിച്ചിരുന്നതായും കുടുംബം പറഞ്ഞു.

കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപത്തെ സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിനിയാണ് പെൺകുട്ടി. സ്കൂളിലെ കൗൺസലിംഗിലാണ് പീഡനവിവരം വെളിപ്പെടുത്തിയത്. സ്കൂൾ അധികൃതർ കോഴിക്കോട് ശിശുക്ഷേമ അധികൃതരെ വിവരമറിയിച്ചു. തുടർന്ന് പരാതി വാഴക്കാട് പോലീസിന് കൈമാറി. പെൺകുട്ടി അപ്പോൾ സംസാരിക്കാൻ കഴിയുന്ന സ്ഥിതിയിലല്ലാഞ്ഞതിനാൽ മൊഴിയെടുക്കൽ മാറ്റി. ആരോപണ വിധേയനായ കരാട്ടെ പരിശീലകനെതിരെ നിലവിൽ രണ്ടു പോക്സോ കേസുകളുണ്ട്.

ഊർക്കടവിലെ ഇയാളുടെ വീട്ടിൽ വച്ചുള്ള കരാട്ടെ പരിശീലനത്തിൽ വിവിധ ബാച്ചുകളിലായി മുപ്പതോളം കുട്ടികളുണ്ട്. പത്താം ക്ലാസിൽ മികച്ച മാർക്കോടെ വിജയിച്ച പെൺകുട്ടി മാനസിക പ്രയാസത്തെ തുടർന്ന് രണ്ടാഴ്ചയോളമായി സ്കൂളിൽ പോയിട്ടില്ല. പീഡനത്തെക്കുറിച്ച് ചോദിച്ചപ്പോൾ പരിശീലകൻ ആദ്യം ഒഴിഞ്ഞുമാറിയെങ്കിലും പിന്നീട് തെറ്റുപറ്റിപ്പോയെന്ന് ഏറ്റുപറഞ്ഞതായി പെൺകുട്ടിയുടെ സഹോദരിമാർ പറഞ്ഞു. പെൺകുട്ടിയുടെ പിതാവ് അദ്ധ്യാപകനാണ്. സാമ്പത്തികമായി ഉയർന്ന കുടുംബവുമാണ്.

മൂന്ന് പെൺകുട്ടികളിൽ ഇളയവളാണ് മരിച്ചത്. പോസ്റ്റുമോർട്ടം റിപ്പോർട്ടിലെ പ്രാഥമിക വിവരമനുസരിച്ച് മരിക്കുമ്പോൾ ലൈംഗിക അതിക്രമം നടന്നതിന്റെ തെളിവുകൾ കണ്ടെത്താനായിട്ടില്ലെന്നും പരാതിയിൽ അന്വേഷണം നടത്തുകയാണെന്നും വാഴക്കാട് സ്റ്റേഷൻ ഹൗസ് ഓഫീസർ രാജൻ ബാബു പറഞ്ഞു.

## എല്ലാം ഗുരുവിന് സമർപ്പിക്കണം!

എട്ടാം ക്ലാസിൽവച്ചാണ് പെൺകുട്ടി കരാട്ടേക്ക് ചേർന്നത്. മൂന്ന് വർഷത്തോളമായി പരിശീലകൻ ലൈംഗികമായി പീഡിപ്പിച്ചിരുന്നെന്നും ഇക്കാര്യം തങ്ങൾ വൈകിയാണ് അറിഞ്ഞതെന്നും പെൺകുട്ടിയുടെ സഹോദരി പറഞ്ഞു. സെപ്തംബർ 15ന് വീണ്ടും പീഡിപ്പിച്ചതോടെ പെൺകുട്ടി കടുത്ത മാനസിക പ്രയാസത്തിലായി. കരാട്ടെ ക്ലാസിലെ മറ്റു പെൺകുട്ടികളെയും കരാട്ടെയുടെ പാഠങ്ങളാണെന്ന് വിശ്വസിപ്പിച്ച്പീഡിപ്പിച്ചിരുന്നു. ഇയാൾഗുരുവും ദൈവവുമാണെന്നും ശരീരവും മനസുംഗുരുവിന്റെതൃപ്തിക്കായിസമർപ്പിക്കണമെന്നും കുട്ടികളെ വിശ്വസിപ്പിക്കും. നെഞ്ചത്ത് കൈവച്ചാലെ ഗുരുവിന് നിങ്ങളെ അറിയാൻ കഴിയൂ. ഗുരുവിലൂടെമാത്രമേവിജയിക്കാനാവൂ എന്നും വിശ്വസിപ്പിക്കും. ക്ലാസിൽ ചേരുന്നവർ ചെറിയ കുട്ടികളാണ്. റിലാക്സേഷൻ വർക്കെന്ന് പറഞ്ഞ് ശരീര വളർച്ചയെത്തിയ പെൺകുട്ടികളുടെ ദേഹത്ത് കയറിയിരിക്കും. തലോടുകയും ചുണ്ടുകളിൽ പരസ്യമായി ഉമ്മ വയ്ക്കുകയും ചെയ്യും. ഇതെല്ലാം സാധാരണ കാര്യങ്ങളാണെന്ന് തെറ്റിദ്ധരിപ്പിക്കുകയായിരുന്നു ലക്ഷ്യമെന്നും സഹോദരിമാർ.










# മാലിന്യപ്പുക പരത്തി പ്രതിഷേധ നാടകങ്ങൾ



സംസ്ഥാനത്തിന്റെ ഭരണത്തലവനും സർക്കാരിനും ഇടയിൽ തുടർന്നുവരുന്ന ഒളിപ്പോര് അടിക്കടി വളരുകയാണ്. മാന്യതയുടെ സീമകൾ ലംഘിച്ചുള്ള പ്രതിഷേധ നാടകം ആവർത്തിച്ചരങ്ങേറുന്നു. 'എന്തൊരു നാണം കെട്ട അവസ്ഥ'യാണിതെന്ന് സാധാരണ ജനങ്ങൾ ചോദിക്കത്തക്കവിധം ദുരൂഹതയും സംസ്കാര ച്യുതിയും കെട്ടിമറിയുന്നു ഇതോടൊപ്പം.

പോകുന്ന വഴിയിലെല്ലാം ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ ആക്ഷേപകരമായ മുദ്രാവാക്യം വിളികളോടെ കരിങ്കൊടി കാണിക്കുന്നു എസ്.എഫ്.ഐ പ്രവർത്തകർ. ഗവർണറെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന മുദ്രാവാക്യങ്ങൾ നിർമ്മിക്കാൻ അപ്രഖ്യാപിത മൽസരവും നടക്കുന്നു. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതു മുന്നണി സർക്കാർ സി.പി.എമ്മിന്റെ വിദ്യാർത്ഥി സംഘടനയായ എസ്.എഫ്.ഐയെയും, നിരോധിത ഭീകരസംഘടനയായ പി.എഫ്.ഐയെയും ഉപയോഗിച്ചാണ് തന്നെ തെരുവിൽ നേരിടുന്നതെന്നു വരെ ഗവർണർ ആരോപിച്ചു കഴിഞ്ഞു.

ഗവർണറുടെ ഭാഗത്തുനിന്നു വരുന്നുവെന്നതിനാൽ തന്നെ ഇത്തരത്തിലുള്ളൊരു ആരോപണം വളരെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. എന്തായാലും പ്രതിഷേധക്കാരെ വളരെ തന്ത്രപരമായാണ് പോലീസ് കൈകാര്യം ചെയ്യുന്നത്. അല്ലെങ്കിൽ പോലീസ് കൈകാര്യം ചെയ്യപ്പെടുമെന്നതാണു കാരണം. തന്ത്രങ്ങൾ കണ്ടെത്താൻ നിർബന്ധിതമാകുകയാണു പോലീസ്. ചില നേതാക്കൾ പോലീസിനെ ഭീഷണിപ്പെടുത്തുന്നതും പോലീസ് അതെല്ലാം കേട്ട് പഞ്ചപുച്ഛമടക്കിനിൽക്കുന്നതുമൊക്കെ ദൃശ്യമാധ്യമങ്ങളിലൂടെ ജനം കണ്ടു.

തൃശൂർ ലോ കോളജിൽ എസ്.എഫ്.ഐ-കെ.എസ്.യു പ്രവർത്തർ തമ്മിലുണ്ടായ ഏറ്റുമുട്ടലിനെത്തുടർന്ന് പോലീസിനെതിരേ പരസ്യവെല്ലുവിളിയുമായി ഒരു കെ.എസ്.യു നേതാവ് പ്രസംഗിച്ചതിന്റെ വീഡിയോ പുറത്തുവന്നു. ഏതു പക്ഷത്തെ രാഷ്ട്രീയക്കാരും ഒന്നിനൊന്നു മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്.

നവകേരളയാത്രയ്ക്കിടെ കെ.എസ്.യു-യൂത്ത് കോൺഗ്രസ് പ്രവർത്തകരെ കൈകാര്യം ചെയ്ത കർമകുശലത ഗവർണറെ എസ്.എഫ്.ഐ തടയുമ്പോൾ കാണാത്തതെന്തെന്ന ചോദ്യം പോലീസ് കേട്ടതായി ഭാവിക്കുന്നില്ല. പ്രതിഷേധക്കാർക്കു പിന്നിലുള്ളത് ബലം കുറഞ്ഞ ആൾക്കാരൊന്നുമല്ലെന്ന കാര്യം ഗവർണറും തുറന്നു പറഞ്ഞിട്ടുണ്ട്. കൊച്ചിയിലും കോഴിക്കോട്ടുമൊക്കെ പ്രതിഷേധക്കാരെ മറികടക്കുന്ന പ്രകടനം ഗവർണറും കാഴ്ച വച്ചു. വഴിയോരത്തെ ചായക്കടയ്ക്കു മുന്നിൽ ഇരുന്നു പ്രതിഷേധിച്ച ഗവർണർ വ്യത്യസ്തമായൊരു പ്രതിഷേധ ശൈലി പ്രകടമാക്കുകയും ചെയ്തു. ഇതിനിടെ പ്രതിഷേധനാടകവും ഗവർണറുടെ പ്രതിരോധവും ചേർന്ന് ഖജനാവു ചോർത്തുന്നതും ജനങ്ങൾ തിരിച്ചറിയുന്നുണ്ട്.

കണ്ണൂർ മട്ടന്നൂരിൽ മറ്റൊരു നാടകം അരങ്ങേറി. മട്ടന്നൂർ ജംഗ്ഷനിൽ തന്റെ കാറിനു നേരെ കരിങ്കൊടി കാണിച്ച എസ്.എഫ്.ഐ പ്രവർത്തകരുടെ ഇടയിലേക്ക് ഒട്ടും കൂസലില്ലാതെയാണ് ഗവർണർ ഇറങ്ങിച്ചെന്നത്. വയനാട്ടിൽനിന്നു തിരുവനന്തപുരത്തേക്കു പോകാൻ കണ്ണൂർ വിമാനത്താവളത്തിലേക്കു പോകും വഴിയായിരുന്നു ഗവർണർക്കെതിരെ പ്രതിഷേധം ആളിയത്. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പടമല അജീഷിന്റെയും പുൽപ്പള്ളി പാക്കം വെള്ളച്ചാലിൽ പോളിന്റെയും വകേരിമൂടക്കൊല്ലിയിൽ കടുവആക്രമണത്തിൽ കൊല്ലപ്പെട്ട പ്രജീഷിന്റെയും വീടുകളിലെത്തി കുടുംബാഗങ്ങളെ സന്ദർശിച്ചശേഷം മടങ്ങുകയായിരുന്നു ഗവർണർ. കാട്ടാനയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പാക്കം കരേരിക്കുന്ന് കോളനിയിലെ ശരത്തിനെയും അദ്ദേഹം കണ്ടിരുന്നു. സർവകലാശാലാഭരണം നിയന്ത്രിക്കാൻ ഇടപെടുന്നതു പോലുള്ള അതിക്രമമല്ലേ ഇതെന്ന ചിന്ത ചിലരിൽ തീവ്രമായെന്നു വ്യക്തം. ഭരണാധികാരികൾ ഇരകളെ അവഗണിക്കുമ്പോൾ ഗവർണർ നടത്തുന്ന ഇടപെടലുകൾ എല്ലാവർക്കും സഹിക്കാനാകണമെന്നില്ല.

സർവകലാശാലാ ചാൻസലർ എന്ന നിലയിൽ സെനറ്റ് അംഗങ്ങളുടെ നാമനിർദേശത്തിലും മറ്റും ഗവർണർ നടത്തുന്ന ഇടപെടലുകളാണ് എസ്.എഫ്.ഐ പ്രതിഷേധത്തിനുള്ള പ്രധാന കാരണമത്രേ. എന്നാൽ, വയനാട്ടിൽ അത്തരം പരിപാടികൾക്കൊന്നുമല്ല ഗവർണർ വന്നത്. വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടമായവരുടെ വീടുകളിലെത്തി അവരുടെ കുടുംബാംഗങ്ങളെ സന്ദർശിച്ച് അവരോടുള്ള സഹതാപവും കരുതലും ബോധ്യപ്പെടുത്തുകയായിരുന്നു ഗവർണറുടെ യാത്രാലക്ഷ്യം. അതിലും രാഷ്ട്രീയം ഇല്ലേയെന്ന ചോദ്യം ഉയരുന്നുണ്ട്. ഭരണാധികാരികൾ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുമ്പോൾ ആരെങ്കിലുമൊക്കെ ഈ പാവങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നത് എന്തിനാണ് തടസപ്പെടുത്തുന്നതെന്ന മറു ചോദ്യവുമുണ്ട്.

വയനാട് ജില്ലയിലെ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് മാനന്തവാടി ബിഷപ്സ് ഹൗസിൽ നടന്ന അവലോകന യോഗത്തിൽ ഗവർണർ പറഞ്ഞത് എന്തായാലും നാട്ടുകാരെ ഇത്തിരിയെങ്കിലും ആശ്വസിപ്പിച്ചിട്ടുണ്ടാകും. നൂറു കണക്കിനു നാട്ടുകാർ ഒപ്പിട്ട നിവേദനവും ഗവർണർ അവലോകന യോഗത്തിൽ സ്വീകരിച്ചു. ഗവർണർമാർ ഇങ്ങനെയൊക്കെ ചെയ്യാറുണ്ടോയെന്നു ചോദിച്ചാൽ അസാധാരണ സന്ദർഭങ്ങളിൽ അങ്ങനെയുമാകാം എന്നാണു വിശദീകരണം.

## വീറോടെ ഗവർണർ

മട്ടന്നൂർ ടൗണിലെ ട്രാഫിക് സിഗ്നലിനടുത്തേക്കു പ്രകടനമായെത്തിയ എസ്.എഫ്.ഐയിലെ പ്രതിഷേധക്കാരെ പോലീസിനു തടയാതെ പറ്റുമായിരുന്നില്ല. പോലീസ് തടഞ്ഞെങ്കിലും ഗവർണറുടെ പൈലറ്റ് ജീപ്പുകൾ കടന്നു പോയശേഷം അദ്ദേഹത്തിന്റെ കാർ എത്തിയപ്പോൾ എസ്.എഫ്.ഐ പ്രവർത്തകർ റോഡിലേക്കു ചാടി. കാറിന്റെ ഗ്ലാസ് താഴ്ത്തി പ്രതിഷേധക്കരോട് 'ഗോ ബാക്ക്' എന്നാജ്ഞാപിച്ച ഗവർണർ അവർ മാറാതെ നിന്നതോടെ കാറിൽ നിന്നു പുറത്തിറങ്ങി. ഏതാനും മിനിറ്റ് അദ്ദേഹം വീറടക്കാതെ പുറത്തു നിന്നു. പ്രതിഷേധക്കാരെ റോഡിൽനിന്നു മാറ്റാത്തതിന് പോലീസിനെ ശകാരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

ഇത്തരം രംഗങ്ങൾ ഇതിനുമുമ്പും അരങ്ങേറിയിട്ടുണ്ടെന്നതിനാൽ സംഭവത്തിന്റെ ഗൗരവം കുറയുന്നില്ല. തെരുവിൽ നടക്കുന്ന ഇത്തരം ഏറ്റുമുട്ടലുകൾ രണ്ടു വിദ്യാർഥി സംഘടനകൾ തമ്മിലോ രാഷ്ട്രീയ പാർട്ടികൾ തമ്മിലോ അല്ലെന്നതു ജനങ്ങൾ കാണുന്നു. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദ്യാർഥി സംഘടനകൾ ഇടപെടുന്നതും പ്രക്ഷോഭം നടത്തുന്നതും അത്യപൂർവ സംഭവമല്ല രാജ്യത്ത്. എന്നാലിപ്പോൾ മിക്ക വിദ്യാർഥി യുവജന സംഘടനകളും തികച്ചും രാഷ്ട്രീയ താത്പര്യങ്ങളോടെ മാത്രമുള്ള പ്രവർത്തനങ്ങളിലാണു മുഴുകുന്നത്. ഗവർണർക്കെതിരേയുള്ള പ്രതിഷേധവും അങ്ങനെ തന്നെ.

സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ വിദ്യാർഥി സംഘടനയാണ് ഗവർണറെ ഒരു കലാലയത്തിലും കയറ്റില്ലെന്നു പ്രതിജ്ഞയെടുത്തിരിക്കുന്നത്. എങ്കിൽ അതു നേരിട്ടിട്ടുതന്നെ കാര്യം എന്ന വാശിയിൽ ഗവർണറും വാശി കാണിക്കുമ്പോൾ ജനങ്ങൾക്കു മുന്നിൽ അരങ്ങേറുന്ന ചക്കളത്തപ്പോരാട്ടം അതിരുകൾ വിടുന്നു.

ഗവർണറെ സർവകലാശകളുടെ ചാൻസലർ സ്ഥാനത്തുനിന്ന് ഒഴിവാക്കാനുള്ള ബിൽ നിയമസഭ പാസാക്കി. ആ ബിൽ ഗവർണറുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. അനുബന്ധമായി ഗവർണർ സർക്കാർ പോര് സുപ്രീം കോടതി വരെ എത്തിയിരിക്കുന്നു. നിയമപരമായ സാധ്യതകളും പരിമിതികളും മനസിലാക്കാതെ ഇരുകൂട്ടരും നടത്തുന്ന ഈ പരസ്യ പോരാട്ടം ഇഴഞ്ഞും തിരിഞ്ഞും നീങ്ങുന്നു. പ്രതിപക്ഷമാകട്ടെ നിസംഗതയോടെയാണിതു കാണുന്നത്. ഇതൊരു 'അഡ്ജസ്റ്റ്മെന്റ് രാഷ്ട്രീയ'ത്തിന്റെ ഭാഗമായി ചിത്രികരിക്കപ്പെടുന്നുമുണ്ട്. ഇനിയുമേറെ വിഴുപ്പുകൾ അലക്കപ്പെടുമെന്നതാണ് സ്ഥിതി.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാർട്ടി താൽപ്പര്യം സംരക്ഷിക്കാൻ സർക്കാർ ഒന്നിനു പുറകെ ഒന്നായി നടത്തുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളെ കോടതിയിലും പുറത്തും ചോദ്യം ചെയ്യുകയും നടപടികളെടുക്കുകയും ചെയ്യുന്നു ഗവർണർ എന്ന നിരീക്ഷണത്തിനിടെയാണ് കുറെക്കാലമായി എസ്.എഫ്.ഐയുടെ സമരം മുറുകുന്നത്. പക്ഷേ സർവകലാശാലാ ക്യാമ്പസുകളിൽ തന്നെ കാലുകുത്താൻ അനുവദിക്കില്ലെന്ന എസ്.എഫ്.ഐയുടെ ഭീഷണിയെ ഗവർണർ അവഗണിക്കുന്നു. ചാൻസലർ എന്ന നിലയ്ക്ക് സർവകലാശാലകളുടെ പ്രവർത്തനങ്ങളിൽ ഗവർണർക്ക് ഇടപെടാമെന്നും, വിവേചനാധികാരം ഉപയോഗിക്കാമെന്നും സുപ്രീം കോടതി വിധി വന്നു. എന്നാൽ ഇതിന് അനുവദിക്കില്ലെന്ന നിലപാടാണ് സർക്കാർ തുടർന്നുവരുന്നത്. ഇതിന്റെ ഭാഗമായായിരുന്നു കേരള സർവകലാശാലയുടെ സെനറ്റ് യോഗത്തിൽ വി.സിയെ മറികടന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി അധ്യക്ഷത വഹിച്ചതും, ഗവർണറുടെ സെർച്ച് കമ്മിറ്റിയിലേക്ക് പ്രതിനിധിയെ നൽകാനുള്ള തീരുമാനത്തെ അട്ടിമറിച്ചതും. ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു തന്നെ ഇതിന് നേതൃത്വം നൽകിയെന്നത് തികഞ്ഞ അധികാര ദുരുപയോഗവും, സർവകലാശാലയ്ക്കുതന്നെ അപമാനകരവുമാണെന്ന അഭിപ്രായമുയരുന്നു. പരമോന്നത നീതിപീഠം അംഗീകരിച്ച ചാൻസലറുടെ അധികാരത്തെ ധിക്കരിക്കുകയാണ് മന്ത്രി ചെയ്തതെന്ന ആക്ഷേപമുയരുന്നു.

സർക്കാരിന്റെ ദുഷ്ചെയ്തികളെ ചോദ്യംചെയ്യാൻ ഭരണഘടന നൽകുന്ന അധികാരം ഗവർണർ ഉപയോഗിക്കുന്നുവെന്ന വാദമുണ്ട്. അധികാരം അഴിമതി നടത്താനും സ്വജനപക്ഷപാതം കാണിക്കാനുമുള്ളതാണെന്ന് സി.പി.എമ്മും സർക്കാരും കരുതുന്നതായി ചൂണ്ടിക്കാണിക്കുന്നത് പ്രതിപക്ഷം മാത്രമല്ല. ഗവർണറും ഇതു തന്നെ പറയുന്നു. നിയമ ലംഘനങ്ങളുടെ പരമ്പര തന്നെ പിണറായി സർക്കാരിന്റെ ഏഴ് വർഷത്തെ ഭരണത്തിലുണ്ടായത് ഗവർണറും ചൂണ്ടിക്കാട്ടിയത് ഗൗരവതരം തന്നെ. ഇത് ഏതെങ്കിലും വിധത്തിൽ ചോദ്യംചെയ്യുന്നവരെ പാർട്ടിക്കാരെയും പോലീസിനെയും ഉപയോഗിച്ച് ഭീഷണിപ്പെടുത്തുകയും അടിച്ചമർത്തുകയുമാണ് മുഖ്യമന്ത്രി ചെയ്യുന്നതെന്ന ആക്ഷേപവും ശക്തം.

ഇതിന്റെ ഭാഗമായാണ് തന്നെ തെരുവിൽ നേരിടുന്നതെന്നും എസ്.എഫ്.ഐക്കാരെയും പോലീസിനെയും ഇതിന് ഉപയോഗിക്കുകയാണെന്നും ഗവർണർ പറയുന്നു. തന്റെ വാഹനം തടയാനും അക്രമാസക്ത സമരം നടത്താനും എസ്.എഫ്.ഐക്കാരെ ഒരോയിടങ്ങളിൽ എത്തിക്കുന്നത് പോലീസ് വാഹനങ്ങളിലാണെന്ന് വരെ ഗവർണർ നേരത്തെ ആരോപിച്ചിരുന്നു. അക്രമികളെ തടയുകയും പിടിച്ചുകൊണ്ടുപോവുകയും ചെയ്യുന്ന പോലീസിന്റെ രീതിയിൽനിന്നുതന്നെ ഒത്തുകളി ദൃശ്യമാണെന്നും നിരീക്ഷണമുണ്ട്. എന്തായാലും, മുഖ്യമന്ത്രിയാണ് തനിക്കെതിരായ അക്രമത്തിനു പിന്നിലെന്ന് ഗവർണർ ആവർത്തിച്ചിട്ടും പിണറായി വിജയൻ പ്രതികരിച്ചിട്ടില്ല. ആരോപണം ശരിവയ്ക്കുന്നതിന് തുല്യമാണിതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ആഭ്യന്തരവകുപ്പ് ഭരിക്കുന്നയാൾ തന്നെ അക്രമത്തിന് പ്രേരിപ്പിക്കുന്ന രീതി വ്യാപകമായി വിമർശിക്കപ്പെടുന്നുണ്ട്. നവകേരള സദസ്സിന്റെ പേരിൽ പ്രതിഷേധക്കാരെ ക്രൂരമായി അടിച്ചമർത്തിയതിനെ പൂർണമായി ന്യായീകരിച്ചു മുഖ്യമന്ത്രി. മുഖ്യമന്ത്രിയുടെ ഗൺമാൻതന്നെ പ്രതിഷേധക്കാരെ മർദ്ദിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. കടുത്ത പ്രതിഷേധം ഉയർന്നിട്ടും ഇത് തന്റെ ശ്രദ്ധയിൽപ്പെട്ടില്ലെന്നാണ് മുഖ്യമന്ത്രി നിയമസഭയ്ക്ക് അകത്തും പുറത്തും പറഞ്ഞത്. പിന്നീട് ഇതേ ഗൺമാനെതിരെ പോലീസിന് കേസെടുത്തതു വേറെ കാര്യം.

തന്റെ അധികാര ദുരുപയോഗത്തിനും ദുർഭരണത്തിനുമെതിരെ പ്രതികരിക്കുന്നവരെ ഏതു വിധേനയും നേരിടുകയെന്നതാണ് മുഖ്യമന്ത്രി പിണറായി വിജയന്റെ രീതിയെന്ന് പ്രതിപക്ഷം നിസ്സഹായതയോടെ ആവർത്തിച്ചാക്ഷേപിക്കുന്നത് സംഭവങ്ങൾ നിരത്തിക്കാട്ടിയാണ്.

ഭരണഘടനയും നിയമവുമൊന്നും മുഖ്യമന്ത്രിക്ക് ഇക്കാര്യത്തിൽ തടസമായി മാറുന്നില്ല. ഇതിന്റെ ആപൽക്കരമായ മുഖം ഭരണത്തലവനായ ഗവർണർ തന്നെ തുറന്നുകാട്ടുന്നു. നിലമേലിൽ തന്നെ തടയാൻ ശ്രമിച്ചത് എസ്.എഫ്.ഐയും പി.എഫ് ഐ തീവ്രവാദികളും ചേർന്നാണെന്ന് ഗവർണർ പറയുന്നതിന് തെളിവുകളുണ്ടത്രേ. അറസ്റ്റിലായവരിൽ ഏഴുപേർ പി.എഫ്.ഐക്കാരാണെന്ന റിപ്പോർട്ട് ഗവർണർക്ക് ലഭിച്ചിരുന്നു.

സി.പി.എമ്മും പോപ്പുലർ ഫ്രണ്ടും തമ്മിലുള്ള ബന്ധം ഇടയ്ക്കിടെ മറനീക്കാറുണ്ടെന്ന് സംഘപരിവാർ വക്താക്കൾ ചൂണ്ടിക്കാണിക്കുന്നു. തെരഞ്ഞെടുപ്പുകളിൽ ഇരുകൂട്ടരും ഒളിഞ്ഞും തെളിഞ്ഞും സഖ്യത്തിലേർപ്പെടുകയും ഒരുമിച്ച് ഭരിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം മഹാരാജാസ് കേളേജിൽ എസ്.എഫ്.ഐ നേതാവായിരുന്ന അഭിമന്യുവിനെ പി.എഫ്.ഐക്കാർ കൊലപ്പെടുത്തിയിട്ടും പ്രതികളെ പിടികൂടാൻ പോലീസ് താൽപര്യം കാണിക്കാതിരിക്കുന്നത് സി.പി.എമ്മിന്റെ താളത്തിനു തുള്ളിയതിനാലായിരുന്നുവെന്ന ആരോപണം ശക്തമാണിപ്പോഴും.

ഭീകരപ്രവർത്തനം നടത്തുകയാണെന്ന് തിരിച്ചറിഞ്ഞ് കേന്ദ്ര സർക്കാർ പോപ്പുലർ ഫ്രണ്ടിനെ നിരോധിച്ചിട്ടും സംഘടനയിൽപ്പെട്ടവരുമായി സി.പി.എം ബന്ധം തുടരുന്നതും, ഗവർണർക്കെതിരെ അക്രമാസക്ത സമരം നടത്താൻ ഇക്കൂട്ടരെ ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണെന്നും സംഘപരിവാർ പറയുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് ഗവർണർ കേന്ദ്രസർക്കാരിന് കൈമാറുകയും ശക്തമായ നടപടികൾ ഉണ്ടാവുകയും വേണമെന്ന ആവശ്യവും അവർ മുന്നോട്ടുവയ്ക്കുന്നുണ്ട്.

*ബാബു കദളിക്കാട്*

# കേരളത്തിലും കോൺഗ്രസ് പിളരുന്നു




ജോഷി ജോർജ്

**1977 ഒക്ടോബർ മൂന്ന്. സംയം വൈകീട്ട് 4.45ന് സി.ബി.ഐ ഇന്ദിരാഗാന്ധിയുടെ വസതിയായ 12 വില്ലിംഗ്ഡൺ ക്രസന്റിന് പുറത്ത് എത്തി. ലോക്കൽ പോലീസ് നേരത്തെ തന്നെ അവിടെ എത്തിയിരുന്നു. 4.55ന് അവർ അകത്തേക്ക് നീങ്ങി. ഇന്ദിരാഗാന്ധിയുടെ സഹായികളിലൊരാൾ വാതിൽക്കൽ വന്നു. അദ്ദേഹത്തോട് പറഞ്ഞു: 'അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ (5) 2 പ്രകാരം ശ്രീമതി ഗാന്ധിയെ കസ്റ്റഡിയിലെടുക്കാനാണ് ഞങ്ങൾ വന്നിട്ടുള്ളത്.'**



കോൺഗ്രസ് ദേശീയതലത്തിൽ പിളർന്നതിന്റെ പ്രത്യാഘാതം പെട്ടെന്ന് തന്നെ കേരളത്തിലുണ്ടായി. ആന്റണി ഗ്രൂപ്പ് ഇന്ദിര വിരുദ്ധ പക്ഷത്തായി. പിളർപ്പിന്റെ ആദ്യ നാളുകളിൽ സി.എം. സ്റ്റീഫൻ ആന്റണി ഗ്രൂപ്പിനോടാണ് അനുഭാവം കാണിച്ചത്. കേരളത്തിൽ കോൺഗ്രസ് പാർട്ടി രണ്ടാകുമ്പോൾ ആകെയുള്ള 38 എം.എൽ.എമാരിൽ 25 പേർ ആന്റണിയുടെ ഒപ്പം നിലയുറപ്പിച്ചു. അവർ ബ്രഹ്മാനന്ദ റെഡ്ഡി നേതൃത്വം നൽകുന്ന കോൺഗ്രസ് പക്ഷത്തായി.

കെ. കരുണാകരൻ, എം.എം. ജേക്കബ്, ഡോക്ടർ കെ.ജി. അടിയോടി, ടി.എച്ച്. മുസ്തഫ, കെ.എം. ചാണ്ടി, ജി. കാർ തുടങ്ങിയവർ അധികാരം നഷ്ടപ്പെട്ട ഇന്ദിരാഗാന്ധിക്കൊപ്പം അടിയുറച്ച് നിന്നു.

ഇതിനിടെ കേരളത്തിൽ നിയമസഭാ കക്ഷി നേതാവായി എ.കെ. ആന്റണിയെയും, ഉപ നേതാവായി എം.കെ. രാഘവനെയും ഇന്ദിരാപക്ഷം നേതാവായി കെ. കരുണാകരനെയും ഉപ നേതാവായി റഹീമിനെയും തെരഞ്ഞെടുത്തു കഴിഞ്ഞിരുന്നു.

സ്റ്റീഫൻ മറുപക്ഷത്ത് പോയതോടുകൂടി ഇനി ഒരാളും മറുകണ്ടം ചാടാതിരിക്കാൻ എ.കെ. ആന്റണിയേക്കാൾ ശ്രദ്ധ പതിപ്പിച്ചത് ഉമ്മൻചാണ്ടിയായിരുന്നു. കഴിവിന്റെ പരമാവധി ഉമ്മൻചാണ്ടി ശ്രമിച്ചുവെങ്കിലും അതിന് കാര്യമായ ഫലം ഉണ്ടായില്ല. തെന്നല ബാലകൃഷ്ണപിള്ള, പി. ബാലൻ, പി.ജെ. തോമസ്, പി.ആർ. കുറുപ്പ് എന്നിവർ ഇന്ദിരാപക്ഷത്തേക്ക് ചേക്കേറി.

തെന്നല ബാലകൃഷ്ണന്റെ ഇന്ദിരാപക്ഷത്തേക്കുള്ള പോക്ക് ആന്റണിയെയും ഉമ്മൻചാണ്ടിയെയും വേദനിപ്പിച്ചു. കാരണം പലപ്പോഴും ഒരു മുതിർന്ന സഹോദരന്റെ സ്ഥാനത്തുനിന്ന് കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുകയും, ഉപദേശിക്കുകയും ഒക്കെ ചെയ്തിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ആദർശശാലിയായ അദ്ദേഹം ഇന്ദിരാഗാന്ധിയുടെ ഒരു ഭക്തനാണ് എന്ന് വേണമെങ്കിൽ പറയാമായിരുന്നു.

അത്രയേറെ ഇഷ്ടപ്പെട്ടിരുന്നു ഇന്ദിരാഗാന്ധിയെ വിമർശിക്കാനോ തള്ളിപ്പറയാനോ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഇന്ദിരാകോൺഗ്രസിന്റെ നിയമസഭാ കക്ഷിയുടെ അംഗസംഖ്യ 18 ആയി. ഇ.എം.എസിന് പകരം കെ. കരുണാകരൻ പ്രതിപക്ഷ നേതാവുമായി.

ഇതേയവസരത്തിൽ കേന്ദ്രത്തിൽ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമായിക്കൊണ്ടിരുന്നു. ഇന്ദിരാഗാന്ധി തെറ്റുകാരി ആണെന്ന് എങ്ങനെയും സമർത്ഥിക്കുക അതായിരുന്നു ജനത ഗവൺമെന്റിന്റെ മുഖ്യ പരിപാടി. അതിനായി ആണ് ഷാ കമ്മീഷനെ നിയമിച്ചത്. കമ്മീഷന്റെ തെളിവെടുപ്പ് ആഘോഷകരമായി രീതിയിൽ മുന്നേറുകയാണ്. ടി.എ. പൈ, എച്ച്.ആർ. ഗോഖലെ തുടങ്ങിയ മുൻ മന്ത്രിമാർ പല കാര്യങ്ങളിലും ഇന്ദിരഗാന്ധി അനാവശ്യമായി ഇടപെട്ടതായി തെളിവ് നൽകി.

ചട്ടങ്ങൾ ഇന്ദിരാഗാന്ധിയുടെ നിർദ്ദേശം അനുസരിച്ച് മാറ്റിയെന്നും അവർ ആരോപണം ഉന്നയിച്ചു. മറ്റൊരു മുൻ മന്ത്രി രാജ് ബഹുദൂർ ഷായും ചില തെളിവുകളുമായി മുന്നോട്ടുവന്നു. ഇത് അസഹനീയമായ ഘട്ടത്തിൽ ഇന്ദിരാഗാന്ധി ഒരു പ്രസ്താവനയുമായി രംഗത്തെത്തി. ഇപ്പോൾ തന്നെ താൻ തടവിലാക്കപ്പെട്ടതായി തോന്നുന്നുവെന്ന് അവർ പറഞ്ഞു. തെറ്റായ ദിശയിലൂടെയാണ് ജനത സർക്കാർ പോകുന്നതെന്ന് പറയാനും അവർ മടിച്ചില്ല. ആദ്യത്തെ രാഷ്ട്രീയനാടകം അരങ്ങേറിയത് ഒക്ടോബറിലാണ്.

അന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി ചൗധരി ചരൺ സിങ്ങായിരുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിലെ ഏറ്റവും ഇരുണ്ട സമയമായിരിക്കണം അത്. ചുരുക്കിപ്പറഞ്ഞാൽ, ജനതാ സർക്കാരിന്റെ ആദ്യത്തെ വലിയ രാഷ്ട്രീയ അബദ്ധവും..! മിക്കവാറും എല്ലാ 'അനൗപചാരിക മന്ത്രിസഭാ യോഗങ്ങളിലും'

ഇന്ദിരാഗാന്ധിയുടെ അറസ്റ്റ് ചർച്ചാവിഷയമായിരുന്നു. വ്യവസായ മന്ത്രി ജോർജ് ഫെർണാണ്ടസും ആരോഗ്യമന്ത്രി രാജ് നരേനും മറ്റുള്ളവരും ശ്രീമതി ഗാന്ധിയെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രധാനമന്ത്രി മൊറാർജി ദേശായി ജാഗ്രതാ നിർദ്ദേശം നൽകിയിരുന്നു: ''നമ്മൾ നിയമപ്രകാരം മാത്രമേ നടപടിയെടുക്കാവൂ,'' നിയമമന്ത്രി ശാന്തിഭൂഷൺ അത് സമ്മതിച്ചു. വിദേശകാര്യ മന്ത്രി എ.ബി. വാജ്പേയിയും വാർത്താവിതരണ മന്ത്രി അദ്വാനിയും നേരത്തെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. മുൻകാല ജനസംഘത്തിന്റെ തലവനായ നാനാജി ദേശ്മുഖ്, അറസ്റ്റ് ഒരു 'ആവശ്യമാണ്' എന്ന് ചരൺസിങ്ങിനെ ബോധ്യപ്പെടുത്താൻ നീണ്ട സായാഹ്നങ്ങൾ ചെലവഴിച്ചു.

അറസ്റ്റ് വിജയിക്കുന്നതിന് ശരിയായ തരത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരെ ആവശ്യമാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. സൂപ്രണ്ട് തലത്തിന് മുകളിലുള്ള നിരവധി പോലീസ് ഉദ്യോഗസ്ഥരുടെ വ്യക്തിഗത രേഖകൾ അദ്ദേഹം വിശകലനം ചെയ്തിരുന്നു. അറസ്റ്റ് ആസൂത്രണം ചെയ്യാൻ കഴിവുള്ള വ്യക്തി എൻ.കെ. സിംഗ് എന്ന പോലീസ് സൂപ്രണ്ട് ആണെന്നദ്ദേഹം വിശ്വസിച്ചു.

പ്രധാനമന്ത്രി ദേശായി പച്ചക്കൊടി കാണിച്ചെങ്കിലം അദ്ദേഹം പറഞ്ഞു: ഒരു കാരണവശാലും ശ്രീമതി ഗാന്ധിയോട് മോശമായി പെരുമാറാൻ പാടില്ല.

1977 ഒക്ടോബർ ഒന്നിന് ശനിയാഴ്ചയായിരുന്നു അറസ്റ്റ് നടത്താൻ ഉദ്ദേശിച്ചത്. ശനിയാഴ്ച അറസ്റ്റ് ചെയ്താൽ പ്രശ്നങ്ങളുണ്ടാകുമെന്ന് ആഭ്യന്തരമന്ത്രിയുടെ ഭാര്യയാണ് ആദ്യം ചൂണ്ടിക്കാട്ടിയത്. ഇയാളുടെ സ്പെഷ്യൽ അസിസ്റ്റന്റ്, ഇന്റലിജൻസ് ബ്യൂറോയിലെ മുൻ ഡി.ഐ.ജിയും പോലീസ് ഡി.ഐ.ജി കൂടിയായ ചൗധരിയുടെ മരുമകന്റെ അടുത്ത സുഹൃത്തുമായ വിജയ് കരൺ, അറസ്റ്റ് ഒക്ടോബർ രണ്ടിന് ശേഷം നടത്തണമെന്ന് നിർദ്ദേശിച്ചു.

മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2ന് ചൗധരി സി.ബി.ഐ ഡയറക്ടറെ വിളിച്ച് 'അറസ്റ്റിന് തയ്യാറാകൂ. ഇത് അതീവ രഹസ്യമാണ്'. തുടർന്ന് നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് വിപുലമായ ചർച്ച നടന്നു. 'ഒരു സാധാരണ അറസ്റ്റ്,' ചൗധരി ഉത്തരവിട്ടു, അവർ പ്രധാനമന്ത്രിയായിരുന്നു, പക്ഷേ ഇപ്പോൾ ഒരു സാധാരണ സ്ത്രീമാത്രമാണ്.'

ഒക്ടോബർ മൂന്നിന് ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ആഭ്യന്തരമന്ത്രിയുടെ പേഴ്സണൽ സെക്രട്ടറി സി.ബി.ഐ. ഓഫീസിൽ വിളിച്ചുചോദിച്ചു. 'പറയൂ ...എന്താണ് സംഭവിക്കുന്നത്,' ''ഞങ്ങൾ നീങ്ങാൻ തയ്യാറാണ്, പക്ഷേ ലോക്കൽ പോലീസിന് കുറച്ച് സമയം കൂടിവേണം,'' സി.ബി.ഐമറുപടിനൽകി. ഒരു മണിക്കൂറിന് ശേഷം പോലീസ് സൂപ്രണ്ട് (സി.ബി.ഐ) തന്റെ കീഴുദ്യോഗസ്ഥരോട് തയ്യാറാകാൻ ആവശ്യപ്പെട്ടു. ഇന്ദിരാഗാന്ധിയെയും മറ്റുള്ളവരെയും അറസ്റ്റ് ചെയ്യേണ്ട എഫ്.ഐ.ആറിന്റെ ഡ്രാഫ്റ്റ് അഭിഭാഷകർ അദ്ദേഹത്തിന് നൽകിയിരുന്നു. 4.45 ന് സി.ബി.ഐ ഇന്ദിരാഗാന്ധിയുടെ വസതിയായ 12 വില്ലിംഗ്ഡൺ ക്രസന്റിന് പുറത്ത് എത്തി. ലോക്കൽ പോലീസ് നേരത്തെ തന്നെ അവിടെ എത്തിയിരുന്നു. 4.55 ന് അവർ അകത്തേക്ക് നീങ്ങി. ഇന്ദിരാഗാന്ധിയുടെ സഹായികളിലൊരാൾ വാതിൽക്കൽ വന്നു. അദ്ദേഹത്തോട് പറഞ്ഞു: 'അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ (5) 2 പ്രകാരം ശ്രീമതി ഗാന്ധിയെ കസ്റ്റഡിയിലെടുക്കാനാണ് ഞങ്ങൾ വന്നിട്ടുള്ളത്.'

(തുടരും)






### ഡൽഹിചലോ പ്രക്ഷോഭം:

# പോലീസുമായി ഏറ്റുമുട്ടി; കർഷകൻ കൊല്ലപ്പെട്ടു

## രണ്ടു ദിവസത്തേക്ക് നിർത്തി



ന്യൂഡൽഹി:കേന്ദ്രസർക്കാരിന്റെപരിഹാര നിർദ്ദേശങ്ങൾ തള്ളിയതിന് പിന്നാലെ കർഷക സംഘടനകൾ പുനരാംരംഭിച്ച ഡൽഹി ചലോ പ്രക്ഷോഭത്തിൽ വൻസംഘർഷം. സമരക്കാരും ഹരിയാന പോലീസും ഏറ്റുമുട്ടി. ടിയർ ഗ്യാസ് പ്രയോഗത്തിനിടെ തലയ്ക്ക് പരിക്കേറ്റ യുവ കർഷകൻ ശുഭ്കരൺ സിംഗ് (23) കൊല്ലപ്പെട്ടു. പോലീസിന്റെ വെടിയേറ്റാണ് മരിച്ചതെന്ന് കർഷക നേതാക്കൾ ആരോപിച്ചെങ്കിലും ഹരിയാന പോലീസ് നിഷേധിച്ചു.

കർഷകരെ പിരിച്ചുവിടാൻ പോലീസ് ലാത്തിച്ചാർജും കണ്ണീർവാതകവുംപ്രയോഗിച്ചു. ലാത്തിച്ചാർജിൽ നിന്ന് രക്ഷപ്പെടാൻ പാടത്തിറങ്ങിയ കർഷകർ കല്ലും വടിയും ഉപയോഗിച്ച് തിരിച്ചടിച്ചു. കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുന്നതിനായി താൽക്കാലികമായി നിർത്തിവച്ച ഡൽഹി ചലോ മാർച്ച് ഇന്ന് രാവിലെ മുതലാണ് കർഷകർ പുനരാരംഭിച്ചത്. 16 കർഷകർക്ക് പരിക്കേറ്റു. രണ്ട് പേരുടെ നില ഗുരുതരമാണ്. സ്ഥിതിഗതികൾ നിയന്ത്രണാതീതമായതോടെ പ്രക്ഷോഭം രണ്ടു ദിവസത്തേക്ക് നിറുത്തിവച്ചു. പ്രതിഷേധക്കാർ വടികളും ഗദകളും ഉപയോഗിച്ച് ആക്രമിച്ചുവെന്ന് പോലീസ് ആരോപിച്ചു. 12 പോലീസുകാർക്ക് ഗുരുതരമായി പരിക്കേറ്റു.

ഡ്രോണുകൾ ഉൾപ്പെടെ ഉപയോഗിച്ചാണ് കണ്ണീർവാതക ഷെല്ലുകൾ സമരക്കാർക്ക് നേരെ പ്രയോഗിച്ചത്. ഗ്രനേഡുകൾ ഉപയോഗിച്ചെന്നും റിപ്പോർട്ടുകളുണ്ട്. ഹരിയാന പഞ്ചാബ് അതിർത്തിയിലെ ശംഭു ബോർഡറിലും ഖനൗരി ബോർഡറിലുമാണ് ഏറ്റുമുട്ടലുണ്ടായത്.

ആയിരകണക്കിന് കർഷകർ ഹരിയാന-പഞ്ചാബ് അതിർത്തിയിൽ തുടരുകയാണ്. കർഷക നേതാക്കൾ ഇന്ന് വിഷയം ചർച്ച ചെയ്യും.

ഖനൗരി ബോർഡറിൽ നിന്ന് പഞ്ചാബ് സ്വദേശിയായ പ്രീത് എന്ന കർഷകനെ പോലീസ് തട്ടിക്കൊണ്ടുപോയെന്ന റിപ്പോർട്ടുകൾ ഹരിയാന പോലീസ് നിഷേധിച്ചു. സംഘർഷത്തിൽ പരിക്കേറ്റ പ്രീത് ഹരിയാന റോത്തക്കിലെ ആശുപത്രിയിൽ ചികിത്സയിലാണെന്നും അപകടനില തരണം ചെയ്തെന്നും വ്യക്തമാക്കി. തൊഹാന ബോർഡറിൽ ഡ്യൂട്ടിയിലായിരുന്ന സബ് ഇൻസ്പെക്ടർ വിജയ് കുമാർ ആരോഗ്യനില മോശമായതിനെ തുടർന്ന് മരിച്ചു. സമരക്കാർ ഹൈഡ്രോളിക് ക്രെയിനുകളും മണ്ണുമാന്തി യന്ത്രങ്ങളും അടക്കം ഹരിയാന പഞ്ചാബ് അതിർത്തിയിൽ എത്തിച്ചിരുന്നു. ഇത് തടയണമെന്ന് ഹരിയാന പൊലീസ് പഞ്ചാബ് പോലീസിനോട് ആവശ്യപ്പെട്ടു.

### ചർച്ചയ്ക്ക് വീണ്ടും ക്ഷണം

കർഷക നേതാക്കളെ അഞ്ചാംവട്ട സമവായ ചർച്ചയ്ക്ക് കേന്ദ്രസർക്കാർ ക്ഷണിച്ചു. കേന്ദ്ര കൃഷിമന്ത്രി അർജുൻ മുണ്ടയാണ് ചർച്ചയ്ക്ക് തയ്യാറാകണമെന്ന് ആവശ്യപ്പെട്ടത്. ചില വിളകൾക്ക് മാത്രം ഉപാധികളോടെ താങ്ങുവില ഉറപ്പാക്കാമെന്ന കേന്ദ്രനിർദ്ദേശം കർഷക സംഘടനകൾ തള്ളിയിരുന്നു.

# മോദിയുടെ രാമരാജ്യത്തിൽ ദളിതർക്ക് ജോലി ലഭിക്കില്ല: രാഹുൽ

ലക്നൗ: മോദിയുടെ രാമരാജ്യത്തിൽ ദളിതർക്കും പിന്നാക്കക്കാർക്കും ജോലി ലഭിക്കില്ലെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ഭാരത് ജോഡോ ന്യായ് യാത്ര ഉത്തർപ്രദേശിലെ കാൺപൂരിലെത്തിയപ്പോൾ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇത് എന്ത് തരം രാമരാജ്യമാണ്. ജനസഖ്യയുടെ 90ശതമാനം വരുന്ന ദളിതർക്കും പിന്നാക്കക്കാർക്കും തൊഴിലവസരങ്ങൾ നൽകാൻ കേന്ദ്ര സർക്കാരിന് കഴിയില്ല. രാജ്യത്തെ ജനസംഖ്യയുടെ 50 ശതമാനവും പിന്നാക്കക്കാരാണ്. അവർക്ക് ജോലി ലഭിക്കണമെന്ന് മോദി ആഗ്രഹിക്കുന്നില്ല. മാദ്ധ്യങ്ങളിലോ വൻകിട വ്യവസായങ്ങളിലോ ബ്യൂറോക്രസിയിലോ ദളിതരിൽ നിന്നും പിന്നാക്കക്കാരിൽ നിന്നുംപ്രതിനിധികളില്ല. രാജ്യത്ത്ആളുകൾപട്ടിണിമൂലം മരിക്കുകയാണെന്നും രാഹുൽ പറഞ്ഞു. പ്രാണപ്രതിഷ്ഠാ ചടങ്ങിൽ പങ്കെടുക്കാൻ പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ളവരും ദളിതരും ആദിവാസികളുമായ എത്ര പേർ ഉണ്ടായിരുന്നെന്നും അദ്ദേഹം ചോദിച്ചു. ഗോത്രവർഗത്തിൽ നിന്നുള്ള രാഷ്ട്രപതി ദ്രൗപദി മുർമുവിനെയും ദളിത് വിഭാഗത്തിൽ നിന്നുള്ള മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിനെയും അകത്തേക്ക് കയറ്റിയില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ പുരോഗതിയിലേക്കുള്ള വിപ്ലവകരമായ ചുവടുവയ്പാണ് ജാതി സെൻസസെന്നും രാഹുൽ.

# മത്സരിക്കുന്നുവെങ്കിൽ ഉദയസൂര്യൻ ചിഹ്നം അല്ലെങ്കിൽ രാജ്യസഭാ സീറ്റ് കമലിന് മുന്നിൽ നിർദേശം വച്ച് ഡി.എം.കെ



ചെന്നൈ: ഡി.എം.കെ മുന്നണി സ്ഥാനാർത്ഥിയായി മത്സരിക്കണമെങ്കിൽ കമൽഹാസൻ ഉദയസൂര്യൻ ചിഹ്നത്തിൽ മത്സരിക്കട്ടെയെന്ന് ഡി.എം.കെ നിർദ്ദേശം വച്ചതായി സൂചന. കോൺഗ്രസ് ചിഹ്നമായ കൈപ്പത്തിയിൽ മത്സരിക്കാൻ കമൽ തയ്യാറെടുക്കുന്നതിനിടയിലാണ് ഡി.എം.കെയുടെ ഭാഗത്തു നിന്നുള്ള നിർദ്ദേശം. ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാതെ മുന്നണിയുടെ താരപ്രചാരകനായാൽ അടുത്തെ ഒഴിവ് വരുന്ന രാജ്യസഭാ സീറ്റ് കമലിന് നൽകാമെന്ന വാഗ്ദാനം കൂടി ഉണ്ടെന്ന് ഡി.എം.കെ സംസ്ഥാന നേതാവ് പറഞ്ഞു.

ഡി.എം.കെയുടെ നിർദേശം വന്നതോടെ ആശയക്കുഴപ്പത്തിലായ കമൽഹാസൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സംബന്ധിച്ച് തീരുമാനമെടുക്കുന്നത് നീട്ടി. ഇന്നലെ നടന്ന മക്കൾ നീതി മയ്യം പാർട്ടിയുടെ സ്ഥാപകദിനാഘോഷത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും മുന്നണിയിൽ പ്രവേശിക്കുന്നതുമായ കാര്യങ്ങൾ പ്രഖ്യാപിക്കാൻ അദ്ദേഹം തീരുമാനിച്ചുവെങ്കിലും അതുണ്ടായില്ല.

'ഇന്ത്യ' മുന്നണിയിൽ ചേർന്നിട്ടില്ലെന്നും രാജ്യത്തെപ്പറ്റി നിസ്വാർത്ഥമായി ചിന്തിക്കുന്ന ആരുടെ കൂടെയും സഹകരിക്കുമെന്നുമാണ് അദ്ദേഹം ഇന്നലെ മാദ്ധ്യമങ്ങളോടു പറഞ്ഞത്.

''എംഎൻഎമ്മിന്റെ രാഷ്ട്രീയ സഖ്യത്തെ കുറിച്ചുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. 'നിസ്വാർത്ഥമായി' രാജ്യത്തെപ്പറ്റി ചിന്തിക്കുന്ന ഏതു സഖ്യത്തെയും പിന്തുണയ്ക്കും. എന്നാൽ, ഫ്യൂഡൽ രാഷ്ട്രീയത്തിന്റെ ഭാഗമാകില്ല'' കമൽ പറഞ്ഞു. ഇന്ത്യ മുന്നണിയെപ്പറ്റിയുള്ള ചോദ്യത്തിന്, 'കക്ഷി രാഷ്ട്രീയം മാറ്റിവച്ച് രാജ്യത്തെപ്പറ്റി ചിന്തിക്കേണ്ട സമയമാണ്. അതിനൊപ്പം എം.എൻ.എം ഉണ്ടാകും' എന്നുമായിരുന്നു മറുപടി.

ഇതുവരെ ഇന്ത്യ മുന്നണിയുടെ ഭാഗമായിട്ടില്ലെന്നു പറഞ്ഞ കമൽ, നടൻ വിജയ്‌യുടെ രാഷ്ട്രീയ പ്രവേശനത്തെ സ്വാഗതം ചെയ്തു. പാർട്ടിയുടെ ഭാവിപരിപാടിയെപ്പറ്റിയുള്ള ശുഭ വാർത്ത വൈകാതെ അറിയിക്കുമെന്നും പറഞ്ഞു. എം.കെ.സ്റ്റാലിനുമായി കമൽഹാസൻ ഉടൻ ചർച്ച നടത്തും. അതിനു ശേഷം മാത്രമാകും 'ശുഭവാർത്ത' അറിയിക്കുന്നത്.

താൻ രാഷ്ട്രീയം അവസാനിപ്പിക്കില്ലെന്ന് ആൽവാർപേട്ടിലെ പാർട്ടി ഓഫീസിൽ നടന്ന യോഗത്തിൽ അദ്ദേഹം പാർട്ടി പ്രവർത്തകരോടു പറഞ്ഞു. മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകൻ എന്നൊന്നില്ല. ഫുൾ ടൈം ഡാഡല്ല, ഫുൾ ടൈം ഭർത്താവ്. രാഷ്ട്രീയക്കാരിൽ ഒരു വിഭാഗം ബിസിനസുകാരാണ്. അവരെ പോലെ ആകരുത്. ശത്രുസൈന്യത്തോട് പെരുമാറുന്നത്പോലെയാണ്കേന്ദ്രസർക്കാർ കർഷകരോട് പെരുമാറുന്നതെന്നും കമൽ പറഞ്ഞു.







# പൊതു ഇടത്തിൽ വീണ്ടും ഒരുമിച്ച് ടോം ക്രൂസും കാമുകിയും



ലോകമെമ്പാടും നിരവധി ആരാധകരുള്ള ഹോളിവുഡ് താരംമാണ് ടോം ക്രൂസ്. 61 കാരനായ നടൻ അടുത്തിടെ 36 കാരിയുമായി പ്രണയത്തിലാണെന്ന റിപ്പോർട്ട് പുറത്ത് വന്നിരുന്നു. മുൻ റഷ്യൻ മോഡലായ എൽസീന ഖൈറോവയാണ് ടോം ക്രൂസിന്റെ മനം കവർന്നത്. കഴിഞ്ഞ ഡിസംബറിലാണ് ഇവരെ പൊതുവിടങ്ങളിൽ ഒരുമിച്ച് കാണാൻ ആരംഭിച്ചതെന്നാണ് അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.ഇപ്പോഴിതാ ലണ്ടനിലെ തന്റെ എക്സ്ക്ലൂസീവ് സൺഡേ ടീ പാർട്ടികളിലൊന്നിൽ ഖൈറോവയെ വീണ്ടും ടോം ക്രൂസ് കണ്ടുമുട്ടി. ഇത് പാപ്പരാസികളുടെ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.കപ്പിൾസ് എന്ന നിലയിൽ ഇവർ ആദ്യമായി പ്രത്യക്ഷപ്പെട്ടത് ഗ്രോസ്‌വെനർ സ്ക്വയറിലെ ഒരു പാർട്ടിയിലായിരുന്നു. അവിടെ അവർ ഒരുമിച്ച് നൃത്തം ചെയ്യുന്നതായി കാണപ്പെട്ടു. ഖൈറോവയുടെ ആഡംബര അപ്പാർട്ട്മെന്റിൽ ക്രൂസ് താമസിച്ചിരുന്നതായും അവർ ഒരുമിച്ച് ധാരാളം സമയം ചിലവഴിക്കുന്നുണ്ടെന്നും മാധ്യമങ്ങൾ സൂചിപ്പിക്കുന്നു.61കാരനായ ടോം ക്രൂസ് മൂന്ന് തവണയാണ് ഇതിന് മുൻപ് വിവാഹിതനായത്. 1987ലാണ് ടോം ക്രൂസ് അഭിനേത്രിയായ മിമി റോജേഴ്സിനെ വിവാഹം ചെയ്തത്. ഈ ബന്ധം 1990 വരെയാണ് നീണ്ടത്.1990ൽ നിക്കോൾ കിഡ്മാനെ വിവാഹം ചെയ്ത ക്രൂല് 2001ലാണ് ഈ ബന്ധം അവസാനിപ്പിച്ചത്. 2006ൽ കേറ്റ ഹോംസിനെ വിവാഹം ചെയ്ത ടോം ക്രൂസ് 2012ൽ ഈ ബന്ധവും അവസാനിപ്പിച്ചിരുന്നു.റഷ്യൻ വംശജയായ എൽസീന ഖൈറോവ ബ്രിട്ടീഷ് പൌരയാണ്. റഷ്യൻ രാഷ്ട്രീയ നേതാവും പുടിൻ അനുയായിയുമായ റിനാറ്റ് ഖൈറോവയുടെ മകളാണ് എൽസീന. റഷ്യയിലെ രത്നവ്യാപാരിയായിരുന്ന ഡിമിത്രി വെറ്റ്കോവുമായി 2020ലാണ് എൽസീന പിരിഞ്ഞത്.

## ഗായകൻ സ്റ്റെബിനും ഉപുർ സനോണും ഡേറ്റിങ്ങിൽ

നടി കൃതി സനോണിന്റെ സഹോദരി ഉപുർ സനോണും പിന്നണി ഗായകൻ സ്റ്റെബിൻ ബെന്നിയും പ്രണയത്തിലാണെന്ന് വാർത്തകൾ പുറത്തു വന്നിട്ട് കുറച്ചു ദിവസങ്ങൾ ആയി. എന്നാൽ താരങ്ങൾ ഇതുവരെ റിപ്പോർട്ടുകളോട് പ്രതികരിച്ചിരുന്നില്ല.ഇപ്പോൾ ഇരുവരെയും ഒരുമിച്ചു ബാന്ദ്ര വെസ്റ്റിലെ പ്രശസ്തമായ യൂറോപ്യൻ, ജാപ്പനീസ് റെസ്റ്റോറന്റിൽ ഒരുമിച്ചു കണ്ട വാർത്തയാണ് വൈറൽ ആവുന്നത്. നൂപുരും സ്റ്റെബിനും 2022 അവസാനത്തോടെ ഡേറ്റിംഗ് ആരംഭിച്ചതായി ആണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. അതിനുശേഷം അവർ ഒരുമിച്ച് നിരവധി പൊതു പരിപാടികളിൽ പങ്കെടുക്കുകയും പാപ്പരാസികൾ ഇടയ്ക്കിടെ ഇരുവരെ ഒരുമിച്ചു കാണുകയും ചെയ്തിട്ടുണ്ട്.സ്റ്റെബിൻ ബെന്നിന്റെ ഇളം നീല നിറത്തിലുള്ള പോർഷെ 718 ബോക്സ്സ്റ്റർ കൺവെർട്ടിബിളിലാണ് ഇരുവരും സ്ഥലത്ത് എത്തിയത്. ലളിതമായ പോണിടെയിൽ കെട്ടി കറുത്ത നിറത്തിലുള്ള വസ്ത്രത്തിൽ, മിനിമൽ മേക്കപ്പിൽ നൂപൂർ സുന്ദരിയായി എത്തിയപ്പോൾ, ബ്രൗൺ ഷർട്ടും കറുത്ത ട്രൗസറും ധരിച്ച് സ്റ്റെബിൻ സ്റ്റൈലിഷ് ആയി ആണ് എത്തിയത്.അതേസമയം കൗതുകകരമെന്നു പറയട്ടെ ഇരുവരും തങ്ങളുടെ ബന്ധത്തെക്കുറിച്ച് ഇതുവരെ തുറന്ന് സമ്മതിച്ചിട്ടില്ല. താനും നൂപുരും തങ്ങളുടെ കരിയറിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ആഗ്രഹിക്കുന്നതിനാൽ തങ്ങളുടെ ബന്ധം ഔദ്യോഗികമായി പ്രഖ്യാപിക്കാൻ തയ്യാറല്ല എന്നാണ് 2022 ജനുവരിയിൽ സ്റ്റെബിൻ മാധ്യമങ്ങളോട് പറഞ്ഞത്.



# ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം: യേശുദാസിന് അംഗീകാരം

# മികച്ച നടൻ ഷാരൂഖ് ഖാൻ നടി നയൻതാര







പ്രൗഢ ഗംഭീരമായ ചടങ്ങുകളോടെ 2024 ദാദാസാഹിബ് ഫാൽക്കെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ അവാർഡ് മുംബൈയിൽ വച്ച് നടന്നു. ഷാരൂഖ് ഖാൻ , റാണി മുഖർജി, കരീന കപൂർ, വിക്രാന്ത് മാസി, നയൻതാര, ഷാഹിദ് കപൂർ, ആദിത്യ റോയ് കപൂർ, സന്ദീപ് റെഡ്ഡി വങ്ക തുടങ്ങി നിരവധി താരങ്ങൾ ആണ് വർണ ശബളമായ അവാർഡ് ചടങ്ങിന്റെ ഭാഗമായത്.ജവാനിലെ പ്രകടനത്തിലൂടെ ഷാരൂഖ് ഖാൻ മികച്ച നടനും നയൻതാര മികച്ച നടിയുമായി തെരഞ്ഞെടുക്കപ്പെട്ടു. അനിരുദ്ധ് രവിചന്ദർ ആണ് മികച്ച സംഗീത സംവിധായകനായി തെരഞ്ഞെടുക്കപ്പെട്ടത്. മിസ് ചാറ്റർജി വേഴ്സസ് നോർവേ എന്ന ചിത്രത്തിലൂടെ റാണി മുഖർജിയും മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ടു.അതേസമയം അനിമൽ എന്ന ചിത്രത്തിലൂടെ സന്ദീപ് റെഡ്ഡി വങ്ക ആണ് മികച്ച സംവിധായകനായത്. ചിത്രത്തിലെ തന്നെ പ്രകടനത്തിന് ബോബി ഡിയോൾ മികച്ച വില്ലനായി തെരഞ്ഞെടുക്കപ്പെട്ടു. മലയാളികൾക്ക് അഭിമാനമായി സംഗീത ലോകത്തിന് മികച്ച സംഭാവന നൽകിയതിന് ഗായകൻ കെ ജെ യേശുദാസിനെയും വേദിയിൽ ആദരിച്ചു.

# ശിപായി ലഹളയും കല്യാണ സൗഗന്ധികവും ഹിറ്റ് ആയിരുന്നോയെന്ന് പ്രേമലു സംവിധായകൻ

1995ൽ വിനയൻ സംവിധാനം ചെയ്ത ചിത്രമാണ് ശിപായി ലഹള. തൊട്ടടുത്ത വർഷം വിനയന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ ചിത്രമാണ് കല്യാണ സൗഗന്ധികം. ഈ രണ്ട് ചിത്രങ്ങൾ വീണ്ടും ചർച്ചയാകുകയാണ്. ചിത്രത്തെ സംബന്ധിച്ച് പ്രേമലു സംവിധായകന്റെ വാക്കുകളാണ് ചർച്ചയ്ക്ക് ആധാരം. പ്രേമലു റിലീസിനോട് അനുബന്ധിച്ച് നടന്ന ഒരു അഭിമുഖത്തിൽ ഒരു സിനിമാസ്വാദകൻ എന്ന നിലയിലുള്ള തൻറെ അഭിരുചികളെക്കുറിച്ച് ഗിരീഷ് പറഞ്ഞിരുന്നു. അധികം ആഘോഷിക്കപ്പെടാതെപോയ ചില ചിത്രങ്ങൾ താൻ റിപ്പീറ്റ് വാച്ച് ചെയ്യുന്നവയാണെന്നും ശിപായി ലഹള, കല്യാണസൗഗന്ധികം തുടങ്ങിയ ചിത്രങ്ങൾ അക്കൂട്ടത്തിലുണ്ടെന്നും ഗിരീഷ് പറഞ്ഞിരുന്നു. ഇപ്പോഴിതാ ഗിരീഷിൻറെ വാക്കുകളോട് പ്രതികരിച്ച് രംഗത്തെത്തിയിരിക്കുകയാണ് സംവിധായകനായ വിനയൻ. വിനയന്റെ വാക്കുകൾ ഇങ്ങനെ.





‘എൻറെ കരിയറിൻറെ തുടക്കകാലത്ത് ചെയ്ത രണ്ടു സിനിമകളാണ് ശിപായി ലഹളയും കല്യാണസൗഗന്ധികവും. പ്രേക്ഷകർ ഇഷ്ടപ്പെടുകയും തിയറ്ററുകളിൽ ഹിറ്റാവുകയും ചെയ്ത സിനിമകളായിരുന്നു രണ്ടും. കല്യാണ സൗഗന്ധികത്തിലൂടെയാണ് അന്ന് ഒൻപതാം ക്ലാസുകാരി ആയ ദിവ്യ ഉണ്ണി സിനിമയിൽ നായികയാവുന്നത്. ദിലീപിൻറെ കരിയറിലെ വളർച്ചയ്ക്ക് ഏറെ ഗുണം ചെയ്ത ചിത്രമായിരുന്നു കല്യാണ സൗഗന്ധികം. ശിപായി ലഹളയും കല്യാണ സൗഗന്ധികവും ആരും പറഞ്ഞു കേൾക്കാതെ, ശ്രദ്ധിക്കാതെ പോയ സിനിമകളാണെങ്കിലും തനിക്ക് ഇഷ്ടപ്പെട്ടവയാണ് എന്ന് സംവിധായകൻ ഗിരീഷ് എഡി പറഞ്ഞതായി കഴിഞ്ഞദിവസം ഒരു ഓൺലൈൻ പോർട്ടലിൽ വായിക്കുകയുണ്ടായി.‘‘അത് ശരിയല്ല ഗിരീഷ്, അന്ന് കൊമേഴ്സ്യൽ ഹിറ്റായിരുന്നു എന്ന് മാത്രമല്ല റിലീസ് ചെയ്തിട്ട് 28 വർഷമായെങ്കിലും ഇന്നും ഈ സിനിമകൾക്ക് ചാനലുകളിൽ പ്രേക്ഷകരുണ്ട്. ടിവിയിൽ ഈ സിനിമകൾ വരുമ്പോൾ ഇപ്പോഴും എന്നെ വിളിച്ച് അഭിപ്രായം പറയുന്നവരുണ്ട്. അന്നത്തെ കോമഡി സിനിമകളിൽ നിന്നും വ്യത്യസ്ഥമായ ട്രീറ്റ്മെൻറ് ആയിരുന്നു ശിപായി ലഹളയുടേത്. അക്കാലത്ത് ഓൺലൈൻ പ്രൊമോഷനോ റിവ്യൂവോ ഒന്നും ഇല്ലല്ലോ? അന്നത്തെ ഫിലിം മാഗസിനുകൾ റഫർ ചെയ്താൽ ഈ രണ്ടു സിനിമകളേയും പറ്റിയുള്ള റിപ്പോർട്ടുകൾ ശ്രീ. ഗിരീഷിന് മനസിലാക്കാൻ കഴിയും. ഞാൻ ചെയ്ത കോമഡി സിനിമകളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടവയാണ് ഈ രണ്ട് സിനിമകളും.

# എത്നിക് എയർപോർട്ട് ലുക്കിൽ നയൻസ്



ഇന്ത്യ മുഴുവൻ ആരാധകർ ഉള്ള താരമാണ് നയൻതാര. താരത്തിന്റെ അഭിനയത്തിന് മാത്രമല്ല വസ്ത്ര ധാരണത്തിനും ഏറെ ആരാധകർ ഉണ്ട്. ഒരു ഫാഷൻ ഐക്കൺ തന്നെയാണ് നയൻതാര. ഇപ്പോൾ താരത്തിന്റെ എയർപോർട്ട് ലുക്ക് ആണ് വൈറൽ ആവുന്നത്.എത്നിക് എയർപോർട്ട് ലുക്കിലാണ് താരം ഇത്തവണ പ്രത്യക്ഷപ്പെട്ടത്. കറുത്ത സൽവാർ ധരിച്ചു എത്തനിക്ക് ലുക്കിൽ ആണ് താരം എത്തിയത്. മനോഹരമായ ഒരു ഷാളും താരം സൽവാറിനൊപ്പം പെയർ ചെയ്തിരുന്നു. എത്നിക് ലുക്കിനൊപ്പം കൂളിംഗ് ഗ്ലാസ് കൂടി ധരിച്ചു എത്തിയ താരം അക്ഷരാർത്ഥത്തിൽ കൂൾ ലുക്കിൽ ആയിരുന്നു എന്ന് തന്നെ പറയാം.നിലവിൽ രാജ്യത്തെ ഏറ്റവും മികച്ച നടിമാരിൽ ഒരാളാണ് നയൻതാര എന്നതിൽ സംശയമില്ല. ലേഡി സൂപ്പർസ്റ്റാർ എന്ന് ആരാധകർ സ്നേഹപൂർവ്വം വിളിക്കുന്ന നടി, രണ്ട് പതിറ്റാണ്ടിലേറെയായി സിനിമാ മേഖലയുടെ ഭാഗമാണ്. 2023-ൽ നവാഗതനായ നിലേഷ് കൃഷ്ണ സംവിധാനം ചെയ്ത അന്നപൂരണി: ദ ഗോഡ്സ് ഓഫ് ഫുഡ് എന്ന ചിത്രത്തിലാണ് നയൻതാര അവസാനമായി അഭിനയിച്ചത്. ഒടിടി പ്രീമിയറിന് ശേഷം ചിത്രം വലിയ വിവാദത്തിൽ പെട്ടിരുന്നു. തുടർന്ന് മതവികാരം വ്രണപ്പെടുത്തിയെന്നാരോപിച്ച് സിനിമയ്ക്കെതിരെ പരാതി ഉയർന്നതിനെ തുടർന്ന് ചിത്രം സ്ട്രീമിംഗ് പ്ലാറ്റ്ഫോമിൽ നിന്ന് ചിത്രം നീക്കം ചെയ്തിരുന്നു.

# ബെൻ അഫ്ലെക്കുമായുള്ള ലൈംഗികതയെക്കുറിച്ച് തുറന്ന് പറഞ്ഞ് ജെന്നിഫർ



ജനപ്രിയ ഗായികയും നടിയും അവതാരകയുമായ ജെന്നിഫർ ലോപ്പസ്, ദിസ് ഈസ് മി... നൗ എന്ന തന്റെ ഏറ്റവും പുതിയ ആൽബം പുറത്തിറക്കി. ഒമ്പത് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ജെന്നിഫർ ആൽബവുമായി തിരിച്ചെത്തിയത്. 2002-ൽ പുറത്തിറക്കിയ ലോപ്പസിന്റെ ആൽബമായ ദിസ് ഈസ് മി... എന്നതിന്റെ തുടർച്ചയാണിത്. ആൽബത്തിന്റെ ഏറ്റവും കൗതുകകരമായ വശങ്ങളിലൊന്ന് നടൻ ബെൻ അഫ്ലെക്കുമായുള്ള തന്റെ ബന്ധത്തെക്കുറിച്ചുള്ള ലോപ്പസിന്റെ തുറന്ന് പറച്ചിലാണ്. 2004-ൽ ഇരുവരും വേർപിരിയുമെന്ന അഭ്യൂഹങ്ങൾ ഉണ്ടായിട്ടും അവരുടെ പ്രണയബന്ധം ശക്തമായതായി ആൽബം സൂചിപ്പിക്കുന്നു, 2022 ജൂലൈയിൽ ഇരുവരും വിവാഹിതരായി.ഗ്രേറ്റസ്റ്റ് ലവ് സ്റ്റോറി നെവർ ടോൾഡ് എന്ന ട്രാക്ക് ലോപ്പസിന്റെ അഫ്ലെക്കുമായുള്ള ബന്ധത്തെക്കുറിച്ചുള്ള വൈകാരിക പ്രതിഫലനം നൽകുന്നു. ആരാധകർ ശ്രദ്ധിച്ച മറ്റൊരു കാര്യം, ലോപ്പസ് അവരുടെ ബന്ധത്തിന്റെ ശാരീരിക വശങ്ങളും വിവരിക്കുന്നുണ്ട്.

# ജൂനിയർ കോഹ്ലി എത്തി...



ഡൽഹി: ഇന്ത്യൻ ക്രിക്കറ്റർ വിരാട് കോഹ്ലിക്കും ബോളിവുഡ് താരം അനുഷ്ക ശർമ്മയ്ക്കും രണ്ടാം കുഞ്ഞ് പിറന്നതായി റിപ്പോർട്ട്. 'അകായ്' എന്നാണ് ആൺകുട്ടിക്ക് ഇരുവരും പേര് നൽകിയിരിക്കുന്നത് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. സാമൂഹ്യമാധ്യമങ്ങളിലൂടെ കോഹ്ലി തന്നെയാണ് ഈ സന്തോഷ വാർത്ത ആരാധകരെ അറിയിച്ചത്. എല്ലാവരുടെയും ആശംസകൾ തേടിയ വിരാടും അനുഷ്കയും കുടുംബത്തിൻറെ സ്വകാര്യതയെ മാനിക്കണം എന്ന് ആരാധകരോട് ഇൻസ്റ്റഗ്രാം പോസ്റ്റിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. വാമിക എന്നാണ് ദമ്പതികളുടെ ആദ്യ മകളുടെ പേര്. രണ്ടാം കുഞ്ഞിനെ കാത്തിരിക്കുന്നതിനാലാണ് വിരാട് കോലി ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയിൽ നിന്ന് വിട്ടുനിൽക്കുന്നത് എന്ന് നേരത്തെ വാർത്തകൾ പുറത്തു വന്നിരുന്നു. രണ്ടാം കുഞ്ഞിനെ വരവേൽക്കാൻ വിരാടും അനുഷ്കയും ലണ്ടനിലാണുള്ളത് എന്ന റിപ്പോർട്ടുകളും പുറത്തു വന്നിരുന്നു. എ ബി ഡിവില്ലിയേഴ്സാണ് ഇക്കാര്യം ആദ്യം മാധ്യമങ്ങളോട് സ്ഥിരീകരിച്ചത്. എന്നാൽ തനിക്ക് തെറ്റുപറ്റിയെന്നും ഇത്തരമൊരു കാര്യമില്ലെന്നും അദ്ദേഹം പിന്നാലെ തിരുത്തിയിരുന്നു. താര ദമ്പതികളുടെ സ്വകാര്യത മാനിച്ചായിരുന്നു ഇതെന്നാണ് ഇപ്പോൾ ആരാധകർ അനുമാനിക്കുന്നത്.

# പൊതു വേദിയിൽ നയൻതാരയെ ചുംബിക്കാൻ കിംഗ് ഖാന് ഇത്ര ധൈര്യമോ..




തെന്നിന്ത്യൻ സിനിമാ ലോകത്തെ ലേഡി സൂപ്പർ സ്റ്റാർ ആണ് നയൻതാര.ഷാരൂഖാനൊപ്പം ജവാനിൽ നായികയായി എത്തിയതോടെ ബോളിവുഡിലും ശക്തമായ സാന്നിദ്ധ്യം നടി അറിയിച്ചു കഴിഞ്ഞു. നയൻതാര കിംഗ് ഖാനുമായി നല്ല വ്യക്തിബന്ധം കൂടി കാത്തു സൂക്ഷിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് വിഘ്നേശ്- നയൻതാര വിവാഹത്തിന് ഷാരൂഖ് എത്തിയതും. ഇപ്പോഴിതാ അവാർഡ് നൽകുന്നതിനിടെ നയൻതാരയെ ചുംബിക്കുന്ന ഷാരൂഖ് ഖാന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലാവുകയാണ്. ദാദാ സാഹേബ് ഫാൽക്കേ അവാർഡ് ചടങ്ങിനിടെയായിരുന്നു സംഭവം. മികച്ച നടിക്കുള്ള പുരസ്കാരം നയൻതാരയ്ക്ക് സമ്മാനിക്കുന്നതിനിടെയാണ് ഷാരൂഖ് ചുംബനം നൽകിയത്. വേദിയിലേക്ക് നയൻസിനെ കൈപിടിച്ച് ആനയിച്ചതും കിംഗ് ഖാൻ തന്നെയായിരുന്നു. മികച്ച നടനുള്ള അവാർഡ് ഷാരൂഖ് സ്വന്തമാക്കി. 2023ലെ ഏറ്റവും പണംവാരി ചിത്രങ്ങളിൽ ഒന്നായിരുന്നു അറ്റ്ലി സംവിധാനം ചെയ്ത ജവാൻ. 1100 കോടിയാണ് ആഗോളതലത്തിൽ സിനിമ കളക്ട് ചെയ്തത്. ടെസ്റ്റ്, മണ്ണാംകട്ടൈ സിൻസ് 1960 എന്നിവയാണ് നയൻതാരയുടെ റിലീസനൊരുങ്ങുന്ന ചിത്രങ്ങൾ.

# മന്ത്രി സാറേ, ഖജനാവിൽ പൂച്ചയല്ല പെറ്റുകിടക്കുന്നത് ചീറ്റിപ്പേടിപ്പിക്കുന്ന പുലിയാണേ....

കേരളാ വിൻഡോ





"ട്രഷറിയിൽ പൂച്ച പെറ്റു കിടക്കുകയൊന്നുമല്ല. അത്യാവശ്യ കാര്യങ്ങൾക്കുള്ള പണം സർക്കാരിന്റെ കൈവശമുണ്ട്" ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിമയസഭയിൽ പറഞ്ഞ വാക്കുകളാണിത്. പ്രതിപക്ഷ നേതാവ് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി അതീവ ഗുരുതരമാണെന്നു പറഞ്ഞതിനെ ഖണ്ഡിച്ചുകൊണ്ടായിരുന്നു ധനമന്ത്രിയുടെ ഈ പ്രതികരണം. ഇപ്പോൾ, ഖജനാവിൽ പൂച്ചയല്ല പുലിയാണ് പെറ്റുകിടക്കുന്നതെന്ന സംശയം പൊതുജനങ്ങൾക്കുണ്ട്.

സംസ്ഥാനത്തിന്റെ 55 മുതൽ 65 വരെ ശതമാനം നികുതി വരുമാനവും എറണാകുളം ജില്ലയിൽ നിന്നാണ്. ആ ജില്ലയുടെ ആസ്ഥാന കാര്യാലയമാണ് കാക്കനാട്ടുള്ള കളക്ടറേറ്റ്. അവിടെ ഇന്നലെ (ചൊവ്വാഴ്ച) കെ.എസ്.ഇ.ബി. ഫ്യൂസ് ഊരി. 57 ലക്ഷമാണ് കറന്റ് ചാർജ് കുടിശ്ശിക. കുടിശ്ശികയടയ്ക്കാൻ ജില്ലാ കളക്ടർ ഉമേഷ് പഠിച്ച പണിയെല്ലാം നോക്കിയിട്ടും കഴിഞ്ഞില്ല. ഇന്ന് (ബുധൻ) കറന്റ് കിട്ടിയേക്കുമെന്നാണ് വാർത്തകൾ. കളക്ടറേറ്റ് ഉദ്ഘാടനം ചെയ്തപ്പോഴുള്ള വയറിംഗിന്റെ പിഴവായിരിക്കാം, ജില്ലയിലെ ജി.എസ്.ടി. വിവരങ്ങൾ സൂക്ഷിച്ചിരുന്ന ഓഫീസിന് തീപിടിച്ചു. ഫയലുകളെല്ലാം കത്തി നശിച്ചു കഴിഞ്ഞു. ജി.എസ്.ടി. കുടിശ്ശിക പിരിക്കുന്നതിലെ വീഴ്ച മറയ്ക്കാനായിരുന്നുവോ ഈ അഗ്നിബാധ? അല്ലെങ്കിൽ കേരളീയത്തിന് ഏറ്റവും കൂടുതൽ പണം പിരിച്ച് പിണറായിയെ പ്രസാദിപ്പിച്ച സംസ്ഥാന ജി.എസ്.ടി. ഉദ്യോഗസ്ഥൻ സർക്കാരിനു സ്പോൺസർഷിപ്പായി 'സംഘടിപ്പിച്ച് നൽകിയ' തുകയുടെ കണക്ക് കത്തിക്കാനായിരുന്നുവോ ഈ അഗ്നി പരീക്ഷണം? സംശയിക്കാൻ ന്യായമേറെയുണ്ടെങ്കിലും അതെല്ലാം ജനം തീരുമാനിക്കട്ടെയെന്ന് പറയുന്നതാകും നല്ലത്.



## കേരള സിലബസോ, ആർക്കു വേണം?

വിദേശ സർവകലാശാല ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമെന്നേ ധനമന്ത്രി ബജറ്റിൽ പറഞ്ഞിട്ടുള്ളു. എങ്കിലും അതിനുമുമ്പേ വിദ്യാർത്ഥികൾ കേരളത്തെ എഴുതിത്തള്ളിക്കഴിഞ്ഞു. കേരളാ സിലബസ് ഇപ്പോൾ കുട്ടികൾക്ക് വേണ്ട. കേരള സിലബസിൽ കഴിഞ്ഞ 3 വർഷത്തിനിടെ കുറഞ്ഞത് 1.21 ലക്ഷം കുട്ടികളാണെന്ന് വാർത്തകൾ വന്നിരുന്നു. ഈ അധ്യയനവർഷം മാത്രം മുൻവർഷത്തെക്കാൾ 85,748 കുട്ടികൾ കുറഞ്ഞുവെന്ന് നിയമസഭാ രേഖകളിലുമുണ്ട്. പൊതുവിദ്യാലയങ്ങളിൽ കേരള സിലബസ് പഠിച്ചിരുന്ന 94,639 കുട്ടികളും എയ്ഡഡ് സ്കൂളുകളിൽ 49,460 വിദ്യാർത്ഥികളുമാണ് കേരളാ സിലബസ് ഉപേക്ഷിച്ചത്. കോവിഡിനുശേഷം പൊതുഎയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികൾ വർദ്ധിക്കുന്ന പ്രവണതയുണ്ടായിരുന്നു. ഇപ്പോൾ അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം വർധിക്കുകയാണ്.

പരീക്ഷകൾ നടത്താൻ പോലുംവിദ്യാഭ്യാസവകുപ്പിന്റെകൈവശം പണമില്ലെന്ന് സ്കൂളുകളെ ഡിപ്പാർട്ടുമെന്റ് അറിയിച്ചു കഴിഞ്ഞു. 9,10 ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്ന് പിരിച്ച സ്പെഷ്യൽഫീസ്സ്കൂൾഅധികൃതർ എസ്.ബി.ഐ.യിൽഅടച്ചിട്ടുണ്ട്. ആ തുകയെടുത്ത് പരീക്ഷ നടത്തിക്കൊള്ളൂ എന്ന ഉത്തരവ് പത്രങ്ങളിൽ വന്നത് ബുധനാഴ്ചയാണ്. മാർച്ച് 1നും 4 നും പരീക്ഷകൾ തുടങ്ങേണ്ടതുണ്ട്. സർക്കാരിൽ നിന്ന് കിട്ടുമ്പോൾ തിരികെ തരാമെന്നാണ് ഡയറക്ടറുടെ സർക്കുലറിനുള്ളത്. 2019 മുതൽ പരീക്ഷാ പേപ്പർ നോക്കിയതിന്റെ പണം അധ്യാപകർക്ക്ഇനിയുംനൽകിയിട്ടില്ല. പരീക്ഷാ നടത്തിപ്പിന് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന്റെ കുടിശ്ശികയും സ്കൂളുകൾക്ക് ലഭിക്കാനുണ്ട്. അക്ഷരം പോലുമറിയാത്ത കുട്ടികൾക്ക് 'എ പ്ലസ്' ദാനം ചെയ്യാൻ എന്തിനാണോ ഇങ്ങനെ പരീക്ഷകൾ നടത്തുന്നത്? ഈ ചോദ്യത്തിനുള്ള മറുപടി മന്ത്രി ശിവൻകുട്ടിയിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ല.

## അന്യസംസ്ഥാന കാട്ടു മൃഗങ്ങൾ വരുന്നേ...

ഏതുവഴി പോയാലും പുൽപ്പള്ളിക്കാർ 'ഫോറസ്റ്റ് കാട് ' കടക്കാതെ പറ്റില്ല. അതാണ് ആ പ്രദേശത്തിന്റെ ഭൂമി ശാസ്ത്രം. കാട്ടാന, കടുവ, കാട്ടുപോത്ത് എന്നു തുടങ്ങിയ സകല കാട്ടുമൃഗങ്ങളും കാടിറങ്ങി വരുന്നത് കണ്ട് അന്തം വിട്ട് നിൽക്കുകയാണ് നാട്ടുകാർ. കേരളത്തിലുള്ള കാട്ടുമൃഗങ്ങളെ പേടിച്ച് കഴിഞ്ഞിരുന്ന വയനാട്ടുകാർ ഇപ്പോൾ തൊട്ടടുത്ത സംസ്ഥാനങ്ങളിൽ നിന്നു വരുന്ന വന്യമൃഗങ്ങളെ കൊണ്ടും പൊറുതി മുട്ടിക്കഴിഞ്ഞു. കോഴിക്കോട്ടുവരെ വന്ന മുഖ്യമന്ത്രി വയനാട്ടിലേക്കുള്ള ചുരം കയറാതെ കണ്ണൂർക്ക് പോയി. കണ്ണൂരിൽ എസ്.എഫ്.ഐ.ക്കാരെ 'പുല്ലു പോലെ' നേരിട്ട ഗവർണറാകട്ടെ വയനാട് സന്ദർശിക്കുകയും ചെയ്തു. ഗവർണറെ കൊണ്ട് സംസ്ഥാന ക്രമസമാധാന നില തകരാറിലല്ലെന്നു പറയാതിരിക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥരെ തടഞ്ഞതിനും ഫോറസ്റ്റുകാരുടെ വാഹനം ആക്രമിച്ചതിനും കേസെടുത്തിട്ടുണ്ട് പിണറായി പൊലീസ്. കണ്ടാൽ അറിയുന്നവരുടെ പേരിൽ കേസെടുത്ത പൊലീസ് വരും നാളുകളിൽ 'കൊണ്ടുതന്നെ' അറിയുന്ന അവസ്ഥയെ അഭിമുഖീകരിക്കേണ്ടിവരും. അത്രത്തോളം കലിയിലാണ് പൊതുജനം. പകലെന്നോ, രാത്രിയെന്നോ ഇല്ലാതെ കാടിറങ്ങി വരുന്ന വന്യമൃഗങ്ങളെ 'ഡ്യൂട്ടി സമയം' നോക്കി മാത്രം ജോലി ചെയ്തു കാടു കയറ്റാൻ, കാട്ടിൽ നിന്നിറങ്ങിവരുന്നത് എസ്.എഫ്.ഐ. വിദ്യാർത്ഥികളൊന്നമല്ലെന്ന കാര്യം ഉദ്യോഗസ്ഥർ മറന്നോ?

## കേസെടുത്ത് കലത്തിലിട്ടാൽ, വേവില്ല

സുപ്രീംകോടതിയിൽ കേസ് നടത്തി കേന്ദ്രം തരാനുള്ളത് കൈക്കലാക്കി അടുപ്പ് പുകയ്ക്കാൻ നോക്കുന്ന ധനമന്ത്രി ദിവസേന കേന്ദ്രത്തിനെതിരെ പ്രസ്താവനകൾ നടത്തുന്നുണ്ട്. ക്ഷേമ പെൻഷൻ കുടിശ്ശിക മാത്രം കഴിഞ്ഞ മാസത്തെ കണക്കനുസരിച്ച് 4600 കോടി രൂപയിൽ എത്തിക്കഴിഞ്ഞു. കരാറുകാരും സർക്കാർ ജീവനക്കാരുമെല്ലാം കുടിശ്ശികക്കാരുടെ ക്യൂവിലുണ്ട്. ധനമന്ത്രി നിയമസഭയിൽ പ്രകടിപ്പിച്ച ഈ ആത്മവിശ്വാസത്തിനു കൊടുക്കേണ്ടതല്ലേ 'ഭാരത് രത്ന'. മൂട്ടിൽ തുണിയില്ലെങ്കിലും ഇരുപ്പ് സിംഹാസനത്തിൽ തന്നെയെന്നു പറയാം. ജനുവരി മുതൽ പത്രപ്രവർത്തകരുടെ പെൻഷനും കുടിശ്ശികയാണ്. അതുകൊണ്ടാണ് ഏതോ സർക്കരേതര സന്നദ്ധ സംഘടന പാവങ്ങളായ സ്ത്രീകൾക്ക് നൽകാനുള്ള ഇ സ്കൂട്ടറുകൾക്ക് തലസ്ഥാനത്തെ പത്രപ്രവർത്തകരുടെ ഭാര്യമാരും അപേക്ഷിച്ചതായി മാത്യു സാമുവൽ എന്ന പഴയകാല മാധ്യമ പ്രവർത്തകൻ പറഞ്ഞത് യൂട്യൂബ് ചാനലിൽ കേൾക്കാൻ കഴിഞ്ഞത്. കരിമണൽ കർത്തായുടെ പട്ടിക പുറത്തു വരുമ്പോൾ ചില മാ.പ്ര.കൾ പണി നിർത്തി വീട്ടിലിരിക്കേണ്ടി വന്നേക്കും. മോൻസൺ മാവുങ്കലിനെ 'പതപ്പിച്ച് പരുവത്തിലാക്കി' ലക്ഷങ്ങൾ പിടുങ്ങിയ മാ.പ്ര.കളും ചിലപ്പോൾ പുതിയ പട്ടികയിൽ ഉൾപ്പെട്ടേക്കാം. മനോരമയുംഏഷ്യാനെറ്റുംകഷ്ടിച്ച് മാതൃഭൂമി പത്രവും പ്രതിമാസ വേതനം ഇപ്പോൾ കൃത്യമായി മാസാമാസം നൽകുന്നുണ്ട്. ശേഷിച്ച മാ.പ്ര.കൾ 'ഉദ്ദിഷ്ട കാര്യത്തിനു ഉപകാരസ്മരണ' എന്ന മാത്ത മാറ്റിക്സിൽ ആശ്രയിച്ച് മുന്നോട്ടു പോവുകയാണ്. മാധ്യമലോകം നേരിടുന്ന 'വേതന പ്രതിസന്ധി' ആ മേഖലയിലുള്ളവരെ കൂടുതൽ കൈക്കൂലിക്കാരാക്കിയാൽ അവരെ എങ്ങനെ കുറ്റം പറയാൻ കഴിയും?

## വികസന രഥമുരുളുന്ന ചരൽപ്പാത...

കൊച്ചി നഗരം വികസനക്കുതിപ്പിലാണെന്ന് ഈയിടെ ഒരു മനോരമ ഫീച്ചറിൽ കണ്ടു. വരാൻ പോകുന്ന വികസന പദ്ധതികൾ പത്രം എണ്ണിപ്പറയുകയുണ്ടായി. ദേശീയ പാത 66ന്റെ വികസനം, പുറം കടൽ തുറമുഖം, കാക്കനാട്ട് വരാൻ പോകുന്ന 92 ലക്ഷം ചതുരശ്രടി കെട്ടിടങ്ങൾ, വാട്ടർ മെട്രോ, ബി.പി.സി.എൽ. വികസനം വിമാനത്താവളം പോലെയുള്ള റെയിൽവേ സ്റ്റേഷൻ, മറൈൻ ഡ്രൈവിലെ ഹൗസിംഗ് ബോർഡ് പദ്ധതി തുടങ്ങി എന്തെല്ലാം വികസന പദ്ധതികളാണെന്നോ നഗരത്തിൽ നടപ്പാക്കാൻ പോകുന്നത്? എന്നാൽ ഈ പദ്ധതികൾക്കായുള്ള കുടിവെള്ളം എവിടെ നിന്ന് എന്ന് അധികൃതരോട് ചോദിച്ചു നോക്കൂ. ഒന്നും മിണ്ടില്ല. കേന്ദ്രവുമായി സഹകരിച്ച് നടപ്പക്കേണ്ട ജൽ ജീവൻ പദ്ധതി ഇനിയും ലക്ഷ്യം കൈവരിച്ചിട്ടില്ല. ഇതിനിടെ കൊച്ചി നഗരത്തിനായി 700 കോടി രൂപയുടെ ഒരു ജലവിതരണ പദ്ധതി വിഭാവന ചെയ്തിരുന്നു. പിന്നീട് ഇതേ എസ്റ്റിമേറ്റ് 800 കോടിയായി. 2017ൽ തയ്യാറാക്കിയതാണ് ഈ പദ്ധതി. 2024ൽ ഈ പദ്ധതി നടപ്പാക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ 'അമൃത്' പദ്ധതിയിൽപെടുത്തിയും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും കുറെ പണികൾ നടന്നുകഴിഞ്ഞിട്ടുണ്ട്. അതെക്കുറിച്ച് കരാറുകാരും ജല അതോറിറ്റിയും മൗനം പാലിക്കുകയാണ്.

## പ്രേമലു വൻഹിറ്റ്, ഭ്രമയുഗവും ഹിറ്റ്...

കഴിഞ്ഞ ഞായറാഴ്ചത്തെ കളക്ഷൻ അനുസരിച്ച് മമ്മൂട്ടിയുടെ ഭ്രമയുഗത്തെക്കാൾ 15–20 ലക്ഷം രൂപ കൂടുതൽ 'പ്രേമലു' നേടിക്കഴിഞ്ഞു. 'ആവർത്തന പ്രേക്ഷകർ' രംഗത്തിറങ്ങിയതാണ് രണ്ട് ചിത്രങ്ങളുടെയുംതലവരമാറ്റിയത്. നസ്‌ലൻ കെ. ഗഫൂറും മമിതാ ബൈജുവുമാണ് പ്രേമലുവിലെ നായികാ നായകന്മാർ. ഏ.ഡി. ഗിരീഷാണ് റൈറ്റർ ഡയറക്ടർ. 3 കോടി രൂപയാണ് ചിത്രത്തിന്റെ നിർമ്മാണച്ചെലവ്. ഇപ്പോൾ തന്നെ 'പ്രേമലു'വിന്റെ കളക്ഷൻ 30 കോടി കവിഞ്ഞു. ഭ്രമയുഗത്തിന്റെ കളക്ഷൻ തൊട്ടുപിന്നാലെയുണ്ട്. എന്തായാലും മലയാള സിനിമയുടെ നല്ലകാലം. സായിപ്പന്മാർ പോലും ഞെട്ടിത്തെറിക്കാനിടയുള്ള 'ഭ്രമയുഗം' ഏതായാലും അതിർത്തികൾ കടന്നുപോകുന്ന മലയാള സിനിമയായി മാറും.

◗ *ആന്റണി ചടയമുറി*





# തമിഴിൽ തിളങ്ങാൻ അഞ്ജലി; കെആർജി സ്റ്റുഡിയോസുമായി ഒന്നിക്കുന്നു

കന്നഡയിലെ വമ്പൻ പ്രൊഡക്ഷൻ കമ്പനിയായ കെആർജി സ്റ്റുഡിയോസ് അഞ്ജലി മേനോനുമായി ഒന്നിക്കുന്നു. മഞ്ചാടിക്കുരു, ബാംഗ്ലൂർ ഡെയ്സ്, ഉസ്താദ് ഹോട്ടൽ, കൂടെ, വണ്ടർ വുമൺ എന്നീ ചിത്രങ്ങൾക്ക് ശേഷം അഞ്ജലി മേനോൻ ആദ്യമായി കെആർജി സ്റ്റുഡിയോസുമായി സഹകരിച്ച് ചെയ്യുന്ന ചിത്രം തമിഴിലാണ് റിലീസിന് ഒരുങ്ങുന്നത്.2017ൽ സിനിമ വിതരണം ആരംഭിച്ച കെആർജി സ്റ്റുഡിയോസ് ഇതിനോടകം 100ലേറെ കന്നഡ ചിത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2020 മുതലാണ് നിർമാണ കമ്ബനിയായി കെആർജി മാറുന്നത്. സംവിധായിക അഞ്ജലി മേനോന്റെ വാക്കുകൾ ഇങ്ങനെ:'കെആർജി സ്റ്റുഡിയോസുമായി സഹകരിക്കുന്നതിൽ ഞാൻ ഉറ്റുനോക്കുന്നു. ലോകോത്തര പ്രൊഡക്ഷൻ ക്വാളിറ്റിയിൽ മികച്ച സിനിമകൾ നൽകുക എന്ന ഉദ്ദേശലക്ഷ്യത്തോടെയാണ് ഞങ്ങൾ ഒന്നിക്കുന്നത്.ഭാഷ അതിർത്തികൾ താണ്ടി പ്രേക്ഷകർ സിനിമകൾ ആസ്വദിക്കുമ്ബോൾ മികച്ച എന്റർടെയിനറും അതോടൊപ്പം ചിന്തിപ്പിക്കാൻ കൂടി കഴിയുന്ന ചിത്രങ്ങൾ സമ്മാനിക്കാൻ തയ്യാറാവുകയാണ് ഞങ്ങൾ- അഞ്ജലി പറഞ്ഞു.

## തെലുങ്കിൽ മമ്മൂട്ടിക്ക് അടിപതറി! പരാജയം രുചിച്ച് യാത്ര 2



മലയാളത്തിൽ അടുത്തിടെ നിരവധി ഹിറ്റുകൾ സമ്മാനിച്ച മമ്മൂട്ടിക്ക് തെലുങ്കിൽ അടിപതറിയോ? തെലുങ്കിൽ കനത്ത പരാജയങ്ങളാണ് മലയാളത്തിന്റെ മെഗാസ്റ്റാർ നേരിടേണ്ടി വരുന്നത്. മലയാളികൾക്കിടയിൽ മാത്രമല്ല കേരളത്തിന് പുറത്തും 'ഭ്രമയുഗം' ബോക്സ് ഓഫീസിൽ തകർക്കുമ്പോൾ തെലുങ്കിൽ 'യാത്ര 2' പരാജയം രുചിച്ചു.മമ്മൂട്ടി പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചു സൂപ്പർ ഹിറ്റായി മാറിയ ചിത്രമായിരുന്നു യാത്ര. ഇതിന്റെ രണ്ടാം ഭാഗമാണ് യാത്ര രണ്ട് എന്ന പേരിൽ പുറത്തിറങ്ങിയത്. 50 കോടിയിലേറെ ബജറ്റിൽ ഒരുക്കിയ ചിത്രത്തിന്റെ മൊത്തം കളക്ഷൻ 5 കോടിക്ക് മുകളിൽ മാത്രമാണ്. സിനിമ കാണാൻ ആളില്ലാത്ത അവസ്ഥ വരെയായി.മമ്മൂട്ടി നായകനായ എത്തിയ ആദ്യഭാഗം വൈഎസ് രാജശേഖര റെഡ്ഡിയുടെ ജീവിത കഥയാണ് പറഞ്ഞത്.രണ്ടാം ഭാഗത്തിൽ ജഗൻ മോഹൻ റെഡ്ഡിയുടെ രാഷ്ട്രീയ യാത്ര പ്രണയമാക്കിയപ്പോൾ ജീവയാണ് ആ കഥാപാത്രത്തെ അവതരിപ്പിച്ചത്.തിയേറ്ററുകളിൽ സിനിമയുടെ പോസ്റ്ററിനേക്കാൾ പ്രാധാന്യം കൊടുത്തത് ജഗൻ മോഹൻ റെഡ്ഡിയുടെ പോസ്റ്ററുകൾക്കും ചിത്രങ്ങൾക്കുമായിരുന്നു. അദ്ദേഹത്തിന്റെ പോസ്റ്ററുകളും ഫ്ലക്സുകളും തിയറ്ററുകളിൽ നിറഞ്ഞു. അതിനാൽ തന്നെ സാധാരണ പ്രേക്ഷകർ അല്ല പാർട്ടി പ്രവർത്തകരാണ് സിനിമ കണ്ടവരിൽ കൂടുതലും എന്നാണ് പറയപ്പെടുന്നത്.യാത്രയിൽ മമ്മൂട്ടിക്കൊപ്പം സുഹാസിനി, ജഗപതി ബാബു, റാവു രമേഷ്, അനസൂയ ഭരദ്വാജ്, സച്ചിൻ ഖെഡേകർ, വിജയചന്ദർ, തലൈവാസൽ വിജയ്, സൂര്യ, രവി കലേ, ദിൽ രമേഷ് തുടങ്ങി ഒട്ടേറെ താരങ്ങൾ വേഷമിട്ടിരുന്നു. സംഗീതം നൽകിയത് കെയായിരുന്നു. ഛായാഗ്രാഹണം നിർവഹിച്ചത് സത്യൻ സൂര്യനാണ്.

## 'ആടുജീവിതം' പുതിയ തീയതി പ്രഖ്യാപിച്ചു




ബ്ലെസി- പൃഥ്വിരാജ് കൂട്ടുകെട്ടിൽ വരുന്ന ആടുജീവിതം ചിത്രത്തെ സംബന്ധിച്ച ഒരു പ്രധാന അപ്ഡേറ്റുമായി എത്തിയിരിക്കുകയാണ് അണിയറക്കാർ. ചിത്രത്തിൻറെ റിലീസ് നീണ്ടുപോകില്ല. മാർച്ച് 28 ആണ് ആടുജീവിതത്തിൻറെ പുതിയ റിലീസ് തീയതി. ചിത്രം ഏപ്രിൽ 10 ന് എത്തുമെന്നാണ് നേരത്തേ പ്രഖ്യാപിച്ചിരുന്നത്. മലയാളികൾക്ക് ഏറ്റവും സുപരിചിതമായ നോവലുകളിലൊന്നാണ് ആടുജീവിതം. 2008ൽ പ്രാരംഭ ജോലികൾ ആരംഭിച്ച ആടുജീവിതം വർഷങ്ങളുടെ തയ്യാറെടുപ്പുകൾക്കൊടുവിൽ 2018 ലായിരുന്നു ചിത്രീകരണം ആരംഭിച്ചത്.ഏറ്റവുമധികം നാളുകൾ നീണ്ടുപോയ ചിത്രത്തിന്റെ ഷൂട്ടിംഗ് കഴിഞ്ഞ വർഷം ജൂലൈ 14 നാണ് പൂർത്തിയായത്. ജോർദാനിലായിരുന്നു ചിത്രത്തിന്റെ മുഖ്യ പങ്കും ഷൂട്ട് ചെയ്തത്. എ ആർ റഹ്മാൻ സംഗീതം പകരുന്ന ചിത്രത്തിൻറെ സൗണ്ട് ഡിസൈൻ റസൂൽ പൂക്കുട്ടിയും എഡിറ്റിംഗ് ശ്രീകർ പ്രസാദുമാണ്. സുനിൽ കെ എസ് ആണ് ഛായാഗ്രഹണം. ചിത്രത്തിൽ പൃഥ്വിരാജിന്റെ നായികയായെത്തുന്നത് അമല പോളാണ്. വിഷ്വൽ റൊമാൻസിന്റെ ബാനറിലാണ് ചിത്രം എത്തുന്നത്.

## തരംഗമാകുമോ സൽമാൻ ഖാന്റെ ''ഷേർ ഖാൻ''



12 വർഷം മുൻപ്, 2012 ൽ പ്രഖ്യാപിക്കപ്പെട്ട പ്രോജക്റ്റ് ആണ് സൽമാൻ ഖാനെ നായകനാക്കി സഹോദരൻ സൊഹൈൽ ഖാൻ നിർമ്മിച്ച്, സംവിധാനം ചെയ്യുന്ന ''ഷേർ ഖാൻ'' എന്ന ചിത്രം. വർഷങ്ങൾക്കിപ്പുറം പ്രോജക്റ്റ് വീണ്ടും സംസാരവിഷയമാവുകയാണ്. വർഷങ്ങൾക്കിപ്പുറം ഈ സിനിമയുടെ ചിത്രീകരണം 2025 ൽ ആരംഭിക്കാൻ ആലോചിക്കുകയാണെന്ന് സൊഹൈൽ ഖാൻ തന്നെയാണ് വെളിപ്പെടുത്തിയിരിക്കുന്നു. സൽമാൻ ഖാൻ ചിത്രത്തിൻറെ ഔദ്യോഗിക പ്രഖ്യാപനത്തിനായുള്ള കാത്തിരിപ്പിലാണ് ആരാധകർ. കാട് പശ്ചാത്തലമാക്കുന്ന അഡ്വാഞ്ചർ ഗണത്തിൽ പെടുന്ന ചിത്രത്തിൽ സൽമാനൊപ്പം മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കേണ്ടത് കപിൽ ശർമ്മ ആയിരുന്നു. ചിത്രം ഇത്രയും നീണ്ടുപോകാനുള്ള കാരണമായി സൊഹൈൽ പറയുന്നത് ഇങ്ങനെയാണ്. ''വിഎഫ്എക്സ് സംബന്ധമായ ആത്മവിശ്വാസമില്ലായ്മ കൊണ്ട് ''! തുർന്നുള്ള സൊഹൈൽ ഖാന്റെ വാക്കുകൾ ഇങ്ങനെ. 'ഷേർ ഖാൻറെ തിരക്കഥ ഓരോ തവണ തിരുത്തുമ്പോഴും ഒരു മാർവെൽ ചിത്രം ഞാൻ കാണാനിടയാവും. ഞാനെഴുതിവച്ചത് പഴഞ്ചനാണെന്ന് അപ്പോഴൊക്കെയും എനിക്ക് തോന്നും. ആക്ഷൻ രംഗങ്ങൾ എങ്ങനെയൊക്കെ ആയിരിക്കണമെന്നത് സംബന്ധിച്ച് പുതിയ ആശയങ്ങളും തോന്നും. ഇത്തരമൊരു ചിത്രത്തിൻറെ പ്രവർത്തനം ആരംഭിച്ചാൽ മൂന്ന് വർഷത്തിനൊക്കെ അപ്പുറമായിരിക്കും റിലീസ്. അപ്പോഴത്തേക്ക് അത് കാലഹരണപ്പെടാതെ ഇരിക്കണം എന്നതാണ് ഇത്തരം സിനിമകളുടെ സംവിധായകർ നേരിടുന്ന വെല്ലുവിളി. അതിനാൽത്തന്നെ ഭാവിയാണ് നമ്മൾ മുന്നിൽ കാണേണ്ടത്. മാർവെലും ഡിസിയുമൊക്കെ സ്കോർ ചെയ്യുന്നതും അവിടെയാണ്'. പുതുകാലത്ത് വിഎഫ്എക്സ് സാങ്കേതികത ഏറെ വളർന്നിരിക്കുന്നുവെന്നും സൊഹൈൽ ഖാൻ പറയുന്നു.

# അനുപമ പരമേശ്വരൻ എത്തുന്ന 'ടില്ലു സ്ക്വയർ' റിലീസിന്



അനുപമ പരമേശ്വരൻറെ ഗ്ലാമർ റോളിനാൽ ഏറെ ശ്രദ്ധേയമായ ചിത്രമാണ് ടില്ലു സ്ക്വയർ. റിലീസിന് ഒരുങ്ങുകയാണ് 'ടില്ലു സ്ക്വയർ'. സിത്താര എൻറർടെയ്മെൻറാണ് ചിത്രം നിർമ്മിക്കുന്നത്. മാല്ലിക് റാം ആണ് സംവിധാനം. ചിത്രം മാർച്ച് 29ന് പുറത്തിറങ്ങും എന്നാണ് അണിയറക്കാർ അറിയിക്കുന്നത്. സിദ്ധു ജോന്നലഗദ്ദ യാണ് ചിത്രത്തിലെ നായകൻ. സിദ്ധു ജോന്നലഗദ്ദ കോമഡി വേഷത്തിലാണെങ്കിലും ട്രെയിലറിലും ചിത്രത്തിൻറെ മുൻപ ഇറങ്ങിയ പ്രമോഷൻ പോസ്റ്ററുകളിലും പ്രേക്ഷകരുടെ ശ്രദ്ധ പിടിച്ചുപറ്റിയത് അനുപമ പരമേശ്വരനായിരുന്നു.അനുപമയുടെ ഏറ്റവും ബോൾഡ് ഗ്ലാമറസ് റോളുകളിൽ ഒന്നാണ് ഇതെന്നാണ് ടോളിവുഡിലെ സംസാരം. രാം മിരിയാലയും അച്ചു രാജാമണിയും ചേർന്നാണ് സംഗീതം ഒരുക്കുന്നത്. സിദ്ധു ജോന്നലഗദ്ദ ചിത്രത്തിൽ ഡിജെ ടില്ലു എന്ന റോളിലാണ് എത്തുന്നത്. ടില്ലുവിൻറെ കാമുകി റോളിലാണ് അനുപമ എത്തുന്നത്. ചിത്രത്തിലെ ട്രെയിലറിലെ ഇരുവരുടെയും ചുംബന രംഗങ്ങൾ വൈറലായിരുന്നു.

# ഞെട്ടിക്കാൻ 'ശെയ്താൻ' പോസ്റ്റർ വൈറൽ

അജയ് ദേവ്ഗൺ നായകനായി എത്തുന്ന ഹൊറർ ചിത്രമാണ് ശെയ്ത്താൻ. മാധവനും ജ്യോതികയും വേഷമിടുന്ന ചിത്രത്തിന്റെ പുതിയൊരു പോസ്റ്റർ പുറത്തുവിട്ടതാണ് ആരാധകരുടെ ശ്രദ്ധയാകർഷിക്കുന്നത്.ഹൊറർ ജോണറിലുള്ള ശെയ്ത്താൻ എന്ന സിനിമയിലെ മാധവന്റെ മുഖമുള്ള പോസ്റ്ററാണ് പുറത്തുവിട്ടിരിക്കുന്നത്. നീല കണ്ണിൽ രൗദ്ര ഭാവത്തിലാണ് പോസ്റ്ററിൽ മാധവൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്.അജയ് ദേവ്ഗൺ നിർമിക്കുന്ന ചിത്രത്തിന്റെ സംവിധാനം നിർവഹിക്കുന്നത് വികാസ് ബഹ്ലാണ്. സുധാകർ റെഡ്ഡി



യക്കാന്തിയാണ് ഛായാഗ്രാഹണം. അമിത് ത്രിവേദിയാണ് ശെയ്ത്താന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത്.25 വർഷത്തിന് ശേഷം ജ്യോതികയുടെ ബോളിവുഡിലേക്കുള്ള തിരിച്ചുവരവാണ് ഈ ചിത്രം എന്നതും ശ്രദ്ധേയമാണ്. 1997-ൽ പുറത്തിറങ്ങിയ 'ഡോളി സാജാ കെ രഖ്ന' ആയിരുന്നു അവരുടെ അവസാന ഹിന്ദി ചിത്രം.അജയ് ദേവ്ഗൺ നായകനായി വേഷമിട്ടതിൽ ഒടുവിൽ പ്രദർശനത്തിനെത്തിയത് 'ഭോലാ' ഹിറ്റായി മാറിയിരുന്നു. സംവിധായകൻ ലോകേഷ് കനകരാജിന്റെ തമിഴ് ഹിറ്റ് ചിത്രം 'കൈതി'യാണ് ഹിന്ദിയിലേക്ക് എത്തിയത്.അജയ് ദേവ്ഗൺ ഭോലാ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. നടൻ അജയ് ദേവ്ഗൺ മുമ്പ് സംവിധാനം നിർവഹിച്ചത് യു മേം ഓർ ഹം', 'ശിവായ്', 'റൺവേ 34' എന്നീ ചിത്രങ്ങളാണ്.

## റിലീസ് നീളുന്നു, ബറോസിന് എന്ത് പറ്റി?



മോഹൻലാൽ ആദ്യമായി സംവിധാനം ചെയ്യുന്ന 'ബറോസ്' തിയറ്ററുകളിലെത്താൻ വൈകും. മാർച്ച് അവസാനത്തോടെ റിലീസ് ചെയ്യാനാണ് അണിയറ പ്രവർത്തകർ ആദ്യം തീരുമാനിച്ചിരുന്നത്.എന്നാൽ ഇപ്പോൾ പുറത്തുവരുന്ന റിപ്പോർട്ടുകൾ പ്രകാരം മേയ് അവസാനത്തോടെ മാത്രമേ ചിത്രം തിയറ്ററുകളിൽ എത്തൂ. വി.എഫ്.എക്സ് ജോലികൾ പൂർത്തിയാകാത്തതാണ് റിലീസ് നീളാൻ കാരണമെന്നാണ് വാർത്തകൾ. ഫോറം റീൽസ് കേരളയുടെ റിപ്പോർട്ട് അനുസരിച്ച് മേയ് 23 നാകും ബറോസ് തിയറ്ററുകളിലെത്തുക. ആദ്യം ചെയ്ത ചില വി.എഫ്.എക്സ് വർക്കുകളിൽ തൃപ്തരല്ലാത്തതിനെ തുടർന്ന് അണിയറ പ്രവർത്തകർ ചില വി.എഫ്.എക്സ് വർക്കുകൾ വീണ്ടും ചെയ്യുന്നതായും റിപ്പോർട്ടുകളുണ്ട്. ചിത്രത്തിൽ മോഹൻലാൽ തന്നെയാണ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.

# ആദ്യത്തെ കൺമണിയെ വരവേൽക്കാൻ ഒരുങ്ങി രൺവീറും ദീപികയും



ബോളിവുഡിലെസൂപ്പർതാരജോഡിയാണ് ദീപിക പദുക്കോണും രൺവീർ സിംഗും. ഇരുവരും ഇപ്പോൾ ഒരു കുഞ്ഞതിഥിയെ വരവേൽക്കാൻ ഒരുങ്ങുകയാണ് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. റിപ്പോർട്ടുകൾ പ്രകാരം ദീപിക പദുക്കോൺ ഗർഭിണിയാണ് എന്ന സന്തോഷ വാർത്തയാണ് പുറത്തു വരുന്നത്. ദീപികയും രൺവീറും ഉടനെ തന്നെ അമ്മയും അച്ഛനുമാകുമെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ദ വീക്ക് ആണ് ഈ വാർത്ത പുറത്ത് വിട്ടിരിക്കുന്നത്. ദീപിക നാല് മാസം ഗർഭിണിയാണെന്നാണ് റിപ്പോർട്ടുകളിൽ പറയുന്നത്. അതേസമയം ദീപികയോ രൺവീറോ ഇതുവരെ വാർത്തകളോട് പ്രതികരിച്ചിട്ടില്ല. അതേസമയം 77ാമത് ബാഫ്റ്റ റെഡ് കാർപെറ്റിലെ ദീപികയുടെ വസ്ത്രധാരണവും താരം ഗർഭിണിയാണെന്ന ഊഹാപോഹങ്ങൾ ഉയർത്തിയിരുന്നു.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

106

Movie Pick Pocket (1976)
Director Sasikumar
Lyrics P Lakshmanan
Music MK Arjunan
Singers P Jayachandran, Chorus

ഹരഹരോഹരഹര
പഴനിമലക്കോവിലിലെ പാൽക്കാവടി
ബാലസുബ്രഹ്മണ്യന്റെ പീലിക്കാവടി
വേൽമുരുക ഹരോഹര ശ്രീമുരുകാ ഹരോഹര
ആറുമുഖ ഹരോഹര ആദിരൂപ ഹരോഹര

അന്നക്കാവടീ അഗ്നിക്കാവടി
അഭിഷേക്കക്കാവടി കാവടി
കന്നിക്കാവടി കളഭക്കാവടി
കർപ്പൂരക്കാവടി കാവടി
വേൽമുരുക ഹരോഹര ശ്രീമുരുകാ ഹരോഹര
പഴനിമലക്കോവിലിലെ......

നീലമയിലേറി വിളയാടിവാവാ
വേലെടുത്തുവീരാകളിയാടിവാവാ
വെള്ളിമണിപ്പല്ലക്കിലേറിവാവാ
വേളിമലവാണരുളും
വേലായുധാ വാവാ
വേൽമുരുക ഹരോഹര
ശ്രീമുരുകാ ഹരോഹര
പഴനിമലക്കോവിലിലെ......



# ചണ്ഡീഗഢിൽ ഒടുവിൽ 'ഇന്ത്യ' ജയിച്ചു; എങ്കിലും ബി.ജെ.പി കൂറുമാറ്റിയെടുത്ത ശിഖണ്ഡികളെ കളത്തിലിറക്കും..!

**കോടതിയെ വിലയ്ക്കെടുക്കാൻ കഴിയില്ലെന്നറിയാവുന്നതുകൊണ്ട് കോൺഗ്രസ്–ആം ആദ്മി സഖ്യത്തിൽ നിന്നു മൂന്നു അംഗങ്ങളെ വലവീശിപ്പിടിച്ച് ബി.ജെ.പി പക്ഷത്തേക്ക് എത്തിച്ചു. ഇനി ഈ ശിഖണ്ഡികളെക്കൊണ്ട് അവിശ്വാസത്തിന് കോപ്പുകൂട്ടുകയാവും ബി.ജെ.പി ചെയ്യുക.**

**ഡൽഹി ഡെർബാർ**

ജനാധിപത്യ രാജ്യമെന്നഭിമാനിക്കുന്ന നമ്മുടെ നാട്ടിൽ കുറെ നാളുകളായി ജനാധിപത്യത്തിന് കളങ്കമുണ്ടാക്കുന്ന വാർത്തകൾ അവിടയും ഇവിടയുമൊക്കയായി തലപൊക്കുന്നുണ്ട്. എങ്കിലും ആശ്വാസത്തിന്റേതായ തണുത്ത കാറ്റ് നീതിന്യായ കോടതികളിൽ നിന്നും അടിക്കുന്നു എന്നുള്ളത് ഏറെ ആശ്വാസകരമാണ്. രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന നൽകുന്നതുമായിബന്ധപ്പെട്ട് തെരഞ്ഞെടുപ്പു ബോണ്ട് വിഷയത്തിൽ ഏറെനിർണ്ണായകവുംശ്രദ്ധേയവുമായവിധിക്കു ശേഷം ഇതാ മറ്റൊരു നിർണായക വിധി കൂടി ഉണ്ടായിരിക്കുന്നു.

ചണ്ഡീഗഢ് മേയർ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഹീനവും അരുഷളത്തരവും എന്നു പറഞ്ഞ അവസ്ഥയിൽ ജനാധിപത്യത്തെ സംരക്ഷിച്ചു നിർത്തിയ സുപ്രീം കോടതിയെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല.

പഞ്ചാബ്,ഹരിയാന എന്നീരണ്ട്സംസ്ഥാനങ്ങളുടെയും പൊതുതലസ്ഥാനമായ ചണ്ഡീഗഢ് ഒരു നഗരസംസ്ഥാനവും ഒപ്പംതന്നെ കേന്ദ്രഭരണ പ്രദേശവും ആയതിനാൽ അതിന് സ്വന്തമായി ഒരു നിയമനിർമ്മാണ സഭയില്ല. എന്നാൽ അധികാരകേന്ദ്രമായി മാറിയിരിക്കുന്നത് മുനിസിപ്പൽ കോർപ്പറേഷൻ ആണ്. അത് പ്രാദേശിക ഭരണ അതോറിറ്റിയായി പ്രവർത്തിക്കുന്നു. എംസിസി, റിപ്പബ്ലിക് ഓഫ് ഇന്ത്യയുടെ ഏറ്റവും ശക്തമായ പ്രാദേശിക അധികാരികളിൽ ഒന്നാണ്. അതുകൊണ്ടുതന്നെ അത് പിടിച്ചെടുക്കുക എന്നത് അവിടെയുള്ള പാർട്ടികലുടെ മോഹം തന്നെയാണ്.

1994ലെ പഞ്ചാബ് മുനിസിപ്പൽ കോർപ്പറേഷൻ നിയമം വഴി പിന്നീട് കേന്ദ്ര ഭരണ പ്രദേശമായ ചണ്ഡീഗഢിലേക്ക് കൂടി വ്യാപിപ്പിച്ചു. 1994 മെയ് 24ന് ആണ് ആ നിയമം പ്രാബല്യത്തിൽ വന്നത്. കോർപ്പറേഷന്റെ ആദ്യ കമ്മീഷണർ എം.പി. ത്യാഗി ആയിരുന്നു. ആദ്യമൊക്കെ വളരെ ശാന്തമായി പോയിരുന്നെങ്കിലും പിന്നീട് നടന്ന തെരഞ്ഞെടുപ്പുകളെല്ലാം രാഷ്ട്രീയമായി ശക്തി തെളിയിക്കുന്നതിനും മറ്റുമായി ശ്രദ്ധ. അതിന് പലകുതന്ത്രങ്ങളൊരുക്കുക എന്നതൊക്കെ സാധാരണ നടക്കുന്ന കലാപരിപാടികളായിരുന്നു. എന്നാൽ മര്യാദയുടെ എല്ലാ സീമകളും ലംഘിച്ചു കൊണ്ടുള്ള കാര്യങ്ങളാണ് അവസാനം നടന്ന തെരഞ്ഞെടുപ്പ്.



അതേ, ജനുവരി 30ന് നടന്ന തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് 16 വോട്ടും ആം ആദ്മി പാർട്ടിക്ക് 12 വോട്ടുമാണ് ലഭിച്ചത്. കോൺഗ്രസും ആം ആദ്മിയും ആദ്യമായി രാജ്യത്ത് ഒന്നിച്ചു നിന്ന് 'ഇന്ത്യ' മുന്നണിയാണ് ബി.ജെ.പിക്കെതിരേ മത്സരിച്ചത്. കോൺഗ്രസ്–എഎപി സഖ്യത്തിന് 20 പേരുടെയും ബി.ജെ.പിക്ക് 15 പേരുടെയും പിന്തുണയായിരുന്നുഉണ്ടായിരുന്നത്.വ്യക്തമായഭൂരിപക്ഷത്തിൽ എ.എ.പി–കോൺഗ്രസ് സഖ്യം വിജയിക്കുമെന്നാണ് ഏവരും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വോട്ടെണ്ണിയപ്പോൾ സഖ്യത്തിന്റെ എട്ടു വോട്ടുകൾ അസാധുവാണെന്ന് വരണാധികാരി പ്രഖ്യാപിച്ചു. ഇതോടെ ബി.ജെ.പി സ്ഥാനാർഥി മനോജ് സോങ്കർ മേയറായി തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ പിന്നീട് നടന്ന പരിശോധനയിൽ അസാധുവാക്കപ്പെട്ട വോട്ടുകളിൽ വരണാധികാരി ഗുണന ചിഹ്നം ഇട്ടതായി തെളിയുകയായിരുന്നു. സിസിടിവി ക്യാമറകളിൽ ഇതിന്റെ ദൃശ്യം പതിയുകയും ചെയ്തിരുന്നു. അതോടെ ഈ വിഷയം കോടതി കയറി.

"വരാണാധികാരിയുടെ അടയാളപ്പെടുത്തലുകൾ കാരണം അസാധുവായി കണക്കാക്കിയ എട്ടു വോട്ടുകൾ കൂടി എണ്ണിയാൽ, ഹർജിക്കാരന് (കുൽദീപ് കുമാർ) ഇരുപത് വോട്ടുകൾ ലഭിക്കും. വരണാധികാരി പ്രഖ്യാപിച്ച തിരഞ്ഞെടുപ്പ് ഫലം റദ്ദാക്കാൻ ഞങ്ങൾ ഉത്തരവിടുന്നു. ചണ്ഡീഗഢ് മേയർ തിരഞ്ഞെടുപ്പിൽ എ.എ.പി സ്ഥാനാർഥി വിജയിച്ചതായി പ്രഖ്യാപിക്കുന്നു", ബെഞ്ച് ഉത്തരവിൽ വ്യക്തമാക്കി. ഈ വിധിയാണ് ഇര്യാമഹാരാജ്യം ഒരുതരത്തിലും ഇരുളിലേക്ക് പോകില്ലെന്നും ജനാധിപത്യം കശാപ്പുചെയ്യപ്പെടില്ലെന്നും ഉള്ള തോന്നൽ ജനതക്കുണ്ടാക്കിക്കൊടുത്തിരിക്കുന്നു.

'ഇന്ത്യ' മുന്നണിയും ബി.ജെ.പിയും തമ്മിൽ ആദ്യമായി നേരിട്ട് പോരാടുന്നെന്ന് എ.എ.പി അവകാശപ്പെട്ട പഞ്ചാബിലെ ചണ്ഡീഗഢ് മേയർ തിരഞ്ഞെടുപ്പിൽ ഒടുവിൽ ഇന്ത്യാമുന്നണി വിജയിച്ചിരിക്കുന്നു. ചരിത്രത്തിലാദ്യമായയാണ് ഒരു വരണാധികാരിയെ ചീഫ് ജസ്റ്റിസ് വിസ്തരിക്കുന്നത്.

ചണ്ഡീഗഡ് മേയർ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ക്രമക്കേട് കേസിൽ വിധിമാത്രമല്ല, ഫലം കൂടിസുപ്രീം കോടതി പറഞ്ഞത് ബി.ജെ.പിക്ക് കനത്ത തിരച്ചടി മാത്രമല്ല, അമ്പരപ്പും നാണക്കേടും സൃഷ്ടിച്ചിരിക്കുകയാണ്.

മേയർ തിരഞ്ഞെടുപ്പ് മസീഹ് നിയമവിരുദ്ധമായി അട്ടിമറിച്ചുവെന്നും കോടതി നിരീക്ഷിച്ചു. സിആർപിസി സെക്ഷൻ 340 പ്രകാരം മസീഹിന് എതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് ജുഡീഷ്യൽ രജിസ്ട്രാർ കാരണം ബോധിപ്പിക്കണമെന്നും കോടതി ഉത്തരവിട്ടിരിക്കുന്നു.

ഭരണഘടനയുടെ 142–ാം വകുപ്പു നൽകുന്ന അസാധാരണ അധികാരം ഉപയോഗിച്ചാണ് ഈ മ്ലേച്ഛമായ നടപടിയിൽ സുപ്രീം കോടതി നീതി നടപ്പാക്കിയിരിക്കുന്നത്. പരിഹരിക്കാനുള്ള വകുപ്പ് നിയമസംഹിതയിൽ കാണുന്നില്ലെങ്കിൽ, കേസിലെ കക്ഷികൾക്കിടയിൽ ശരിയായ നീതി എല്ലാ അർത്ഥത്തിലും നടപ്പാക്കുന്നതിന് സുപ്രീം കോടതിയെ സവിശേഷമായി അധികാരപ്പെടുത്തുന്ന വകുപ്പാണിത്.

എന്നാൽ ഇതുകൊണ്ടൊന്നും പഠിക്കില്ലെന്നു ശപഥം ചെയ്തതുപോലെയാണ് ബി.ജെ.പിയുടെ പ്രവർത്തനങ്ങൾ. കോടതിയെ വിലയ്ക്കെടുക്കാൻ കഴിയില്ലെന്നറിയാവുന്നതുകൊണ്ട് കോൺഗ്രസ്–ആം ആദ്മി സഖ്യത്തിൽ നിന്നു മൂന്നു അംഗങ്ങളെ വലവീശിപ്പിടിച്ച് ബി.ജെ.പി പക്ഷത്തേക്ക് എത്തിച്ചു. എന്നിട്ട് മേയർ സ്ഥാനത്തേക്ക് വീണ്ടും തിരഞ്ഞെടുപ്പ് നടത്താനാണ് ബി.ജെ.പി പക്ഷം കോടതിയോട് ആവശ്യപ്പെട്ടത്. എന്നാൽ കുതിരക്കച്ചവടം ഗൗരമായ കുറ്റമാണെന്നു പരാമർശിച്ച ചീഫ് ജസ്റ്റിസ് ജനാധിപത്യത്തെ എന്തുവില കൊടുത്തും സംരക്ഷിക്കാൻ തയ്യാറായി.

കോടതിയിൽ തോറ്റുനാണംകെട്ട ബി.ജെ.പി കൂറുമാറ്റിയെടുത്ത ശിഖണ്ഡികളെക്കൊണ്ട് അവിശ്വാസത്തിന് കോപ്പുകൂട്ടുകയാവും ഇനി ചെയ്യുക.

*എമ എൽസ എൽവിൻ*

# വാഴപ്പഴം കൊടുത്താൽ ക്രൂഡ് ഓയിൽ കിട്ടുമോ!

ഇന്ത്യയിലേക്കുള്ള റഷ്യൻ ക്രൂഡ് ഓയിലിന്റെ ഇറക്കുമതിയിൽ വൻ ഇടിവാണ് ഇപ്പോൾ രേഖപ്പെടുത്തിയിരിക്കുന്നത്. ജനുവരിയിൽ റഷ്യയിൽ നിന്നുള്ള ഇറക്കുമതി കഴിഞ്ഞ ഒരു വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കിലെത്തിയിരിക്കുകയാണ്. അതായത് ഇറക്കുമതിയിൽ കഴിഞ്ഞ വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിൽ നിന്നും 35 ശതമാനത്തിന്റെ കുറവാണ് ഉണ്ടായിരിക്കുന്നത്.

ഉക്രെയിൻ അധിനിവേശത്തിന് പിന്നാലെ വലിയ തോതിലുള്ള കിഴിവുകൾ പ്രഖ്യാപിച്ചതിനെ തുടർന്നായിരുന്നു റഷ്യ ഇന്ത്യയുടെ ഏറ്റവും വലിയ ക്രൂഡ് ഓയിൽ ഇറക്കുമതിക്കാരായി മാറിയത്. 2022 ജനുവരിയിൽ റഷ്യയിൽ നിന്നുള്ള ഇറക്കുമതി നാമമാത്രമായിരുന്നെങ്കിൽ 2023 ജനുവരിയിൽ ഇത് എക്കാലത്തേയും ഉയർന്ന നിരക്കായ പ്രതിദിനം 1.27 ദശലക്ഷം ബാരൽ എന്നതിലേക്ക് എത്തി. ഇതോടെ പരമ്പരാഗത ഇറക്കുമതിക്കാരായ ഇറാഖ്, സൗദി അറേബ്യ എന്നിവരെമറികടന്ന് റഷ്യ ഇന്ത്യയുടെ ഏറ്റവും വലിയ പങ്കാളിയായി മാറി.



ജൂലൈയിൽ പ്രതിമാസം 1.99 ദശലക്ഷം ബാരലായിരുന്നു റഷ്യയിൽ നിന്നും ഇറക്കുമതി.

ഇന്ത്യയുടെ ആകെ ഇറക്കുമതിയുടെ 30 ശതമാനമാണ് റഷ്യയുടെ വിഹിതം. എന്നാൽ പതിയെ റഷ്യയിൽ നിന്നുള്ള ഇറക്കുമതിയിൽ കുറവുണ്ടാകുകയായിരുന്നു. അമേരിക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ രാജ്യങ്ങൾ ഉപരോധം കൂടുതൽ ശക്തിപ്പെടുത്തിയതാണ് ഇന്ത്യയിലേക്കുള്ള ഇറക്കുമതിയെ ബാധിച്ചത്. ബാരലിന് 60 ഡോളർ എന്ന പരിധി മറികടക്കുന്ന കയറ്റുമതികൾക്ക് ഇൻഷുറൻസ് അടക്കമുള്ള കാര്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയതോടെ റഷ്യയിൽ നിന്നുള്ള ഇറക്കുമതി ചിലവ് വർധിച്ചു. ഇതോടെയാണ് ഇന്ത്യൻ റിഫൈനറിമാർ പതിയെ റഷ്യയിൽ നിന്നും പിൻവലിയാൻ തുടങ്ങിയത്.

റഷ്യയും സാമ്പത്തിക ഉപരോധത്തിന് കീഴിലായതിനാൽ, 2022ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വ്യാപാര പേയ്മെന്റുകൾ രൂപയിൽ തീർപ്പാക്കാൻ അനുവദിക്കുന്ന ഒരു സംവിധാനം സ്ഥാപിച്ചിരുന്നു. എന്നാൽ ഇടപാടുകളുടെയും വിനിമയ നിരക്കിന്റെയും അപകട സാധ്യതകൾ കാരണം ഈ ചട്ടക്കൂടിന്റെ ഉപയോഗം പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നാണ് പ്രാദേശിക മാധ്യമങ്ങൾ റിക്രൂട്ട് ചെയ്യുന്നത്. ഇതോടെ റഷ്യയുടെ ക്രൂഡിന് ഇന്ത്യ ഡോളറിന് പുറമെ യുഎഇ ദിർഹത്തിലും പേയ്മെന്റും നൽകി.

കറൻസികൾക്ക് പുറമെ മറ്റ് വസ്തുക്കളിലെ വ്യാപാരത്തിലൂടേയും ഇന്ത്യ പേയ്മെന്റ് നടത്തിയിട്ടുണ്ടെന്നാണ് ചില റിപ്പോർട്ടുകൾ പറയുന്നത്. കഴിഞ്ഞ മാസത്തെ പേയ്മെന്റിന്റെ ഒരു ഭാഗം വാഴപ്പഴത്തിലെ വ്യാപാരത്തിലൂടെയാണ് ഇന്ത്യ നൽകിയതെന്നാണ് റഷ്യൻ മാധ്യമങ്ങൾ തന്നെ റിപ്പോർട്ട് ചെയ്യുന്നത്. ഇന്ത്യയിൽ നിന്നാണ് റഷ്യ ഏറ്റവും കൂടുതൽ വാഴപ്പഴം ഇറക്കുമതി ചെയ്യുന്നത്. ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന ക്രൂഡ് ഓയിലിന്റെ വിലയിൽ ഒരു ഭാഗം കയറ്റുമതി ചെയ്യുന്ന വാഴപ്പഴത്തിന്റെ വിലയിൽ നിന്നും ഈടാക്കുകയാണ് ചെയ്യുന്നത്. ഇതിന് കമ്പനികൾ തമ്മിൽ പ്രത്യേക ധാരണയും ഉണ്ടാകും.

അതായത് റഷ്യൻ കമ്പനികൾ വാഴപ്പഴ ഇറക്കുമതിക്ക് ഇന്ത്യൻ കമ്പനികൾക്ക് നൽകേണ്ട തുക ഇങ്ങോട്ട് കൈമാറാതെ അവിടുത്തെ ഓയിൽ കമ്പനികൾക്ക് നൽകും. ഇന്ത്യയിലെ ഓയിൽ റിഫൈനറിമാർ ഇതിന് തുല്യമായ തുക ഇവിടെ ഓയിൽ കമ്പനികൾക്കും കൈമാറും. സമാനമായ രീതിയിൽ മറ്റ് രീതിയിലുള്ള ഇറക്കുമതികളും ഇടപാട് നടത്താൻ ധാരണയുണ്ടെന്നാണ് വിവരം.

# കളിക്കളത്തിൽ കസറാൻ റെയ്ന ജൂനിയർ



മുൻ സ്റ്റാർ ഓൾറൗണ്ടർ സുരേഷ് റെയ്ന ഇന്ത്യൻ ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും മികച്ച മാച്ച് വിന്നർമാരിൽ ഒരാളായാണ് കണക്കാക്കപ്പെടുന്നത്. ഇപ്പോൾ ക്രിക്കറ്റിൽ നിന്ന് വിരമിച്ചെങ്കിലും കമന്ററിയിലൂടെ തന്റെ സാന്നിധ്യം അറിയിക്കുകയാണ് താരം. ഇന്ത്യയുടെ മുൻ ഇതിഹാസങ്ങളായ വീരേന്ദർ സെവാഗിന്റെയും രാഹുൽ ദ്രാവിഡിന്റെയും മക്കളെല്ലാം അച്ഛന്റെ പാത പിന്തുടർന്ന് ക്രിക്കറ്റിലേക്ക് കടന്നവരാണ്. ഇപ്പോഴിതാ റെയ്നയുടെ മകനും ക്രിക്കറ്റിലേക്ക് ചുവടുവെക്കാനൊരുങ്ങുകയാണ്. മകൻ റിയോയ്ക്കൊപ്പം നെറ്റ്സിൽ ക്രിക്കറ്റ് കളിക്കുന്നതിന്റെ വീഡിയോ റെയ്ന ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ചിട്ടുണ്ട്. ഇത് പെട്ടെന്ന് വൈറലായി.നാലു വയസ്സുകാരനായ റിയോ ബാറ്റ് ചെയ്യുമ്പോൾ റെയ്നയെ വിക്കറ്റ് കീപ്പറുടെ റോളിൽ പിറകിൽ നിൽക്കുന്നത് വീഡിയോയിൽ കാണാം. പക്ഷെ അച്ഛനെപ്പോലെ ഇടംകൈയൻ ബാറ്ററല്ല റിയോയെന്നതാണ് കൗതുകകരമായ കാര്യം. വലതു കൈ കൊണ്ടാണ് ജൂനിയർ റെയ്ന നെറ്റ്സിൽ ആവേശത്തോടെ ബാറ്റ് ചെയ്തു കൊണ്ടിരിക്കുന്നത്. ഒരു ബാറ്റ് കൈയിലേന്തുമ്പോഴുള്ള വികാരം സമാനതകളില്ലാത്തതാണ്. ഒപ്പം എന്റെ സൂപ്പർ സപ്പോർട്ട് സിസ്റ്റമായ റിയോയും എന്നോടൊപ്പമുണ്ട്. അതു കൂടുതൽ മികച്ചതാക്കുന്നു എന്ന ക്യാപ്ഷനോടൊപ്പമാണ് മകനൊപ്പമുള്ള വീഡിയോ റെയ്ന പങ്കുവച്ചത്.

# 37കാരനായ ഗ്രാൻഡ് മാസ്റ്ററെ വീഴ്ത്തി എട്ടാം വയസിൽ ചരിത്രനേട്ടം; ആരാണ് അശ്വത് കൗശിക്?

ക്ലാസിക്കൽ ചെസിൽ ഗ്രാൻഡ്മാസ്റ്റർക്കെതിരെ വിജയം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായി ഇന്ത്യൻ വംശജനായ അശ്വത് കൗശിക്. കഴിഞ്ഞ ദിവസം സ്വിറ്റ്സർലാൻഡിൽ നടന്ന ടൂർണമെന്റിലാണ് എട്ട് വയസ് മാത്രമുള്ള അശ്വത് ഗ്രാൻഡ് മാസ്റ്ററായ ജാസെക് സ്റ്റോപ്പയെ പരാജയപ്പെടുത്തിയത്. 37 വയസുകാരനാണ് ജാസെക്.എട്ട് വയസ് മാത്രം പ്രായമുള്ള അശ്വത് സിംഗപൂരിൽ നിന്നുള്ള ഇന്ത്യൻ വംശജനാണ്. പരാജയപ്പെടുത്തിയത് പോളണ്ടിന്റെ ഗ്രാൻഡ് മാസ്റ്ററായ ജാസക് സ്റ്റോപ്പയെ. ബർഗ്ഡോർഫർ സ്റ്റാഡ്തോസ് ഓപ്പണിലായിരുന്നു അശ്വതിന്റെ അട്ടിമറിയുണ്ടായത്.60 വയസുകരാനയ ബൾഗേറിയൻ ഗ്രാൻഡ്മാസ്റ്റർ മിൽക്കൊ പോപ്ചേയെ പരാജയപ്പെടുത്തിയ സെർബിയയുടെ ലിയോനിഡ് ഇവാനോവിച്ചിന്റെ പേരിലായിരുന്നു ഇതുവരെ അശ്വത് നേടിയ റെക്കോഡ്. മിൽക്കോയെ പരാജയപ്പെടുത്തുമ്പോൾ ലിയോനിഡിനും എട്ട് വയസ് മാത്രമായിരുന്നു പ്രായമെങ്കിലും അശ്വതിനേക്കാൾ മാസങ്ങൾക്ക് മൂത്തതായിരുന്നു. ടൂർണമെന്റിൽ അശ്വതിന് 12-ാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നെങ്കിലും 84 റേറ്റിംഗ് പോയിന്റ് ലഭിക്കുമെന്ന വിവരം ചെസ്സ് ഡോട്ട് കോം പങ്കുവയ്ക്കുന്നു. ഇന്ത്യയിലാണ് അശ്വത് ജനിച്ചതെങ്കിലും കഴിഞ്ഞ ആറ് വർഷമായി സിംഗപ്പൂരിലാണ് താമസം.2022 ലെ ഈസ്റ്റേൺ ഏഷ്യൻ യൂത്ത് ചാമ്പ്യൻഷിപ്പിൽ 8 വയസ്സിന് താഴെയുള്ള വിഭാഗത്തിൽ ട്രിപ്പിൾ സ്വർണം നേടിയ ശേഷമാണ് , അശ്വത് ചെസ്സ് ലോകത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. അന്ന് അശ്വതിന് ആറു വയസ്സേ ഉണ്ടായിരുന്നുള്ളൂ. 2022ൽ അണ്ടർ 8 റാപ്പിഡ് ചാമ്പ്യൻ കിരീടവും അശ്വത് നേടിയിരുന്നു.



# ഇന്ത്യൻ പ്രീമിയർ ലീഗ്: കൊടിയേറ്റം മാർച്ച് 22 ന്

ന്യൂഡൽഹി: ഇന്ത്യൻ പ്രീമിയർ ലീഗ് പുതിയ സീസൺ മാർച്ച് 22ന് തുടങ്ങുമെന്നു ലീഗ് ചെയർമാൻ അരുൺ ധുമാൽ. എല്ലാ മത്സരങ്ങളും ഇന്ത്യയിൽ തന്നെ നടക്കും. കഴിഞ്ഞ സീസണിലെ ഫൈനലിസ്റ്റുകളായ ചെന്നൈ സൂപ്പർ കിങ്സും ഗുജറാത്ത് ടൈറ്റൻസും തമ്മിലാവും ഉദ്ഘാടന മത്സരം.ആദ്യ 15 ദിവസത്തെ ഷെഡ്യൂൾ മാത്രമാകും പുറത്തുവിടുകയെന്നും ബാക്കി മത്സരങ്ങളുടേത് തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷം അറിയിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ വർഷം ലോക്സഭ തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ ഐ പി എല്ലിന്റെ 17ാം എഡിഷൻ എന്ന് തുടങ്ങുമെന്നതിനെ കുറിച്ച് അനിശ്ചിതത്വം നിലനിന്നിരുന്നു. 'മാർച്ച് 22ന് ടൂർണമെന്റ് ആരംഭിക്കാനാണ് ശ്രമിക്കുന്നത്. ഞങ്ങൾ സർക്കാർ ഏജൻസികളുമായി ബന്ധപ്പെടുന്നുണ്ട്. ആദ്യം പ്രാരംഭ ഷെഡ്യൂൾ പുറത്തിറക്കും. ടൂർണമെന്റ് പൂർണമായും ഇന്ത്യയിലായിരിക്കും നടക്കുക. ലോക്സഭ തിരഞ്ഞെടുപ്പ് തിയ്യതികൾ അടുത്ത മാസം ആദ്യം പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു' -അരുൺ ധുമൽ പറഞ്ഞു.2009ലാണ് ഐ പി എൽ പൂർണമായി വിദേശരാജ്യത്ത് നടന്നത്. ദക്ഷിണാഫ്രിക്കയിലായിരുന്നു മത്സരങ്ങൾ. 2014ൽ തിരഞ്ഞെടുപ്പ് കാരണം ഏതാനും മത്സരങ്ങൾ യു എ ഇയിൽ നടത്തി. എന്നാൽ, 2019ൽ തിരഞ്ഞെടുപ്പുണ്ടായിട്ടും മത്സരങ്ങൾ പൂർണമായും ഇന്ത്യയിലാണ് നടന്നത്.




# ടെസ്റ്റ് റാങ്കിങ്ങിൽ ഇന്ത്യൻ കുതിപ്പ്; ഞെട്ടിച്ച് ജയ്സ്വാൾ, ആധിപത്യം തുടർന്ന് ബുമ്ര

ദുബായ്: ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയിൽ തുടർച്ചയായ മത്സരങ്ങളിൽ ഇരട്ട സെഞ്ച്വറി നേടിയതോടെ ബാറ്റ്സ്മാൻമാരുടെ റാങ്കിംഗിൽ കുതിച്ച് ഇന്ത്യൻ യുവ ഓപ്പണർ യശസ്വി ജയ്സ്വാൾ. രാജ്കോട്ടിൽ നടന്ന മൂന്നാം ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ 214 റൺസെടുത്ത യശസ്വിയെ 14 സ്ഥാനങ്ങൾ മെച്ചപ്പെടുത്തി ടെസ്റ്റ് റാങ്കിംഗിൽ കരിയറിലെ ഏറ്റവും മികച്ച 15-ാം സ്ഥാനത്തെത്തി. രാജ്കോട്ടിൽ ആദ്യ ഇന്നിംഗ്സിൽ സെഞ്ച്വറി നേടിയ ഇന്ത്യൻ നായകൻ രോഹിത് ശർമ്മയും 12-ാം സ്ഥാനത്തേക്ക് ഉയർന്നു. മത്സരത്തിലെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ സ്റ്റാർ ഓൾറൗണ്ടർ രവീന്ദ്ര ജഡേജയ്ക്കും പുതിയ റാങ്കിംഗ് ലഭിച്ചു. അതേസമയം ബൗളർമാരിൽ ആർ അശ്വിൻ രണ്ടാം സ്ഥാനത്തെത്തി.ടെസ്റ്റ് റാങ്കിംഗിൽ ബാറ്റർമാരിൽ ന്യൂസിലൻഡിൻറെ കെയ്ൻ വില്യംസൺ ഒന്നും ഓസ്ട്രേലിയയുടെ സ്റ്റീവ് സ്മിത്ത് രണ്ടും സ്ഥാനത്ത് തുടരുകയാണ്. ഇംഗ്ലണ്ട് താരം ജോ റൂട്ട് ഇന്ത്യക്കെതിരെ മൂന്ന് ടെസ്റ്റിലും നിരാശപ്പെടുത്തിയതോടെ ഓരോ സ്ഥാനങ്ങളുയർന്ന് ന്യൂസിലൻഡ് ബാറ്റർ ഡാരിൽ മിച്ചൽ മൂന്നും പാകിസ്ഥാൻ താരം ബാബർ അസം നാലും സ്ഥാനത്തെത്തി. റൂട്ട് നിലവിൽ അഞ്ചാമനാണ്.ഏഴാമതുള്ള വിരാട് കോലിയാണ് പട്ടികയിൽ ആദ്യ പത്തിലുള്ള ഏക ഇന്ത്യൻ ബാറ്റർ. കോലി ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പര കളിക്കുന്നില്ല. ജയ്സ്വാളിനും രോഹിത്തിനും പുറമെ 12 സ്ഥാനങ്ങളുയർന്ന് 13-ാം സ്ഥാനത്തെത്തിയ ഇംഗ്ലണ്ട് ബാറ്റർ ബെൻ ഡക്കെറ്റാണ് പുതുക്കിയ റാങ്കിംഗിൽ നേട്ടമുണ്ടാക്കിയ മറ്റൊരു ബാറ്റർ. രാജ്കോട്ട് ടെസ്റ്റിൻറെ ഒന്നാം ഇന്നിംഗ്സിൽ 153 റൺസ് നേടിയത് ഡക്കെറ്റിന് തുണയായി. അതേസമയം ബൗളർമാരിൽ ജസ്പ്രീത് ബുമ്ര ഒന്നാം സ്ഥാനത്ത് കുതിപ്പ് തുടരുകയാണ്. ഒരു സ്ഥാനം മെച്ചപ്പെടുത്തി ഇന്ത്യയുടെ തന്നെ സ്പിൻ ഇതിഹാസം രവിചന്ദ്രൻ അശ്വിൻ ദക്ഷിണാഫ്രിക്കയുടെ കാഗിസോ റബാഡയെ മറികടന്ന് രണ്ടാമതെത്തി. രാജ്കോട്ടിലെ രണ്ടാം ഇന്നിംഗ്സിലെ അഞ്ച് വിക്കറ്റ് നേട്ടമടക്കം മത്സരത്തിൽ ആകെ ഏഴ് പേരെ പുറത്താക്കിയ രവീന്ദ്ര മൂന്ന് സ്ഥാനങ്ങളുയർന്ന് ആറാമതെത്തിയതാണ് ടീം ഇന്ത്യക്ക് മറ്റൊരു പ്രധാന നേട്ടം. ബുമ്രയും അശ്വിനും ജഡേജയുമാണ് ആദ്യ പത്തിലുള്ള ഇന്ത്യൻ ബൗളർമാർ.

## ആരാധകർക്ക് നിരാശ; ഇംഗ്ലണ്ടിനെതിരായ നാലാം ടെസ്റ്റിലും കെ.എൽ. രാഹുൽ കളിക്കില്ല




ഇംഗ്ലണ്ടിനെതിരെ വെള്ളിയാഴ്ച റാഞ്ചിയിൽ തുടങ്ങുന്ന നാലാം ക്രിക്കറ്റ് ടെസ്റ്റിനുള്ള ടീമിൽ നിന്ന് പേസ് ബോളർ ജസ്പ്രീത് ബുമ്രയ്ക്ക് വിശ്രമം അനുവദിച്ച് ബിസിസിഐ. പരുക്കേറ്റു പുറത്തിരിക്കുന്ന കെ.എൽ.രാഹുലിനെയും ടീമിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് പുറത്തു വരുന്ന വിവരം. അതേസമയം ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായാണ് ബുമ്രയ്ക്കു വിശ്രമം നൽകിയത് എന്നാണ് പുറത്തു വരുന്ന വിവരം. പേസ് ബോളർ മുകേഷ് കുമാറിനെ ബുമ്രയ്ക്കു പകരം ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരയിൽ ഇന്ത്യ 21നു മുന്നിലാണ്. ധരംശാലയിലാണ് അഞ്ചാം ടെസ്റ്റ് നടക്കുക. രോഹിത് ശർമ (ക്യാപ്റ്റൻ), യശസ്വി ജയ്സ്വാൾ, ശുഭ്മൻ ഗിൽ, രജത് പാട്ടിധർ, സർഫ്രാസ് ഖാൻ, ധ്രുവ് ജുറെൽ, കെ.എസ്.ഭരത്, ദേവ്ദത്ത് പടിക്കൽ, ആർ.അശ്വിൻ, രവീന്ദ്ര ജഡേജ, അക്ഷർ പട്ടേൽ, വാഷിങ്ടൻ സുന്ദർ, കുൽദീപ് യാദവ്, മുഹമ്മദ് സിറാജ്, മുകേഷ് കുമാർ, ആകാശ് ദീപ് എന്നിവർ ഉൾപ്പെടുന്നതാണ് നാലാം ടെസ്റ്റിനുള്ള ടീം.

## ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി സ്ഥാനാർഥിയായി മുൻ ഇന്ത്യൻ താരം യുവരാജ് സിങ് എത്തുന്നു?



ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥിയായി മുൻ ഇന്ത്യൻ താരം യുവരാജ് സിങ് മത്സരിച്ചേക്കുമെന്ന് റിപ്പോർട്ട്. പഞ്ചാബിലെ ഗുർദാസ്പുരിൽ നിന്ന് താരം ജനവിധി തേടുമെന്നാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ബിജെപിയുടെ സിറ്റിങ് സീറ്റാണിത്. അതേസമയം നടൻ സണ്ണി ഡിയോളാണ് ഗുർദാസ്പുരിൽനിന്നുള്ള ലോക്സഭാംഗം. സണ്ണി ഡിയോളിന്റെ പ്രവർത്തനത്തിൽ വോട്ടർമാർ അതൃപ്തിയിലാണെന്ന വിലയിരുത്തലിലാണ് ബിജെപി പുതുമുഖത്തെ മത്സരിപ്പിക്കാൻ ഒരുങ്ങുന്നത് എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന സൂചന.അതേസമയം നിതിൻ ഗഡ്ഗരിയുമായി യുവി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇത് മത്സരത്തിനുള്ള മുന്നൊരുക്കം ആയിരുന്നു എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും പുറത്തു വരുന്ന റിപ്പോർട്ട്. അതുപോലെ തന്നെ കോൺഗ്രസിലേക്കു പോയ മുൻ ഇന്ത്യൻ താരം നവ്ജ്യോത് സിങ് സിദ്ദുവും ബിജെപിയിലേക്ക് തിരഞ്ഞെടുപ്പിനു മുൻപ് മടങ്ങിയെത്തുമെന്ന റിപ്പോർട്ടുകളും പുറത്തു വരുന്നുണ്ട്.

# ഹാലൻഡും എംബാപ്പേയും റയൽ മാഡ്രിഡിലേക്കോ?







മാഞ്ചസ്റ്റർ സിറ്റിതാരം എർലിംഗ് ഹാലൻഡിനെ സ്വന്തമാക്കാൻ റയൽ മാഡ്രിഡിഡ്. ഹാലൻഡിനും റയലിലേക്ക് മാറാൻ താൽപര്യമുണ്ടെന്നാണ് റിപ്പോർട്ടുകൾ. മാഞ്ചസ്റ്റർ സിറ്റിയുടെ പ്രധാനപ്പെട്ട കളിക്കാരനാണ് എർലിംഗ് ഹാലൻഡ്. ടീമിലെത്തിയ ആദ്യ സീസണിൽ തന്നെ ഹാലൻഡ് സിറ്റിക്ക് സമ്മാനിച്ചത് ഹാട്രിക് കിരീടം. ഈ സീസണിലും ഗോളടിമികവുമായി മുന്നേറുകയാണ് ഹാലൻഡ്. 2027വരെ സിറ്റിയുമായി കരാറുള്ള ഹാലൻഡിനെ സ്വന്തമാക്കാനുള്ള നീക്കത്തിലാണിപ്പോൾ റയൽ മാഡ്രിഡ്. കിലിയൻ എംബാപ്പേയ്ക്കൊപ്പം ഹാലൻഡിനെയും മുന്നേറ്റനിരയിൽ അണിനിരത്തുകയാണ് റയലിന്റെ ലക്ഷ്യം. ജർമ്മൻ ക്ലബ് ബൊറൂസ്യ ഡോർട്ട്മുണ്ടിൽ നിന്ന് ഹാലൻഡിനെ സിറ്റിയിൽ എത്തിച്ചത് ഏജന്റ് റഫേല പിമെന്റ ആയിരുന്നു. 2027 വരെയാണ് കരാറെങ്കിലും ഈ വർഷം ജൂണിൽ ഹാലൻഡിന് മറ്റ് ക്ലബുകളുടെ ഓഫറുകൾ സ്വീകരിക്കാമെന്ന ഉപാധിയോടെയാണ് റഫേല പിമെന്റ രേഖകൾ തയ്യാറാക്കിയിരിക്കുന്നത്. ഈ ഉപാധിയിലൂടെ ഹാലൻഡിനെ സ്വന്തമാക്കുകയാണ് റയലിന്റെ ലക്ഷ്യം. റയലിൽ കളിക്കുക ഹാലൻഡിന്റെയും ആഗ്രഹമാണ്. ഇതോടെ കാര്യങ്ങൾ എളുപ്പമാവുമെന്നാണ് റയലിന്റെ പ്രതീക്ഷ. ഇതോടൊപ്പം എംബാപ്പേ, ഹാലൻഡ്, വിനിഷ്യസ്, ബെല്ലിംഗ്ഹാം, റോഡ്രിഗോ തുടങ്ങിയവർ ഒരുമിച്ച് കളിക്കുമ്പോൾ റയൽ ശമ്പള ബിൽ എങ്ങനെ നിയന്ത്രിക്കുമെന്നതും കൗതുകം. സ്പാനിഷ് ലീഗിൽ ഓരോ ടീമും ശമ്പള ഇനത്തിൽ ചെലവഴിക്കാവുന്ന തുകയ്ക്ക് നിയന്ത്രണമുണ്ട്.അതേസമയം, റയലിലേക്ക് ചേക്കേറാനൊരുങ്ങുന്ന എംബാപ്പെ മൂന്ന് ഉപാധികൾ മുന്നോട്ടുവച്ചിരുന്നു. 105 ദശലക്ഷം പൗണ്ട് സെനിംഗ് ഓൺ ഫീസ് നൽകണമെന്നാണ് എംബാപ്പേയുടെ ഒന്നാമത്തെ ഉപാധി. റയലിൽ ഏറ്റവും കൂടുതൽ പ്രതിഫലം പറ്റുന്നതാരം താനായിരിക്കണം എന്നാണ് രണ്ടാമത്തെ ആവശ്യം.

## 'എവിടെയായാലും മഹി ഭായിയെ മിസ് ചെയ്യുന്നു'; ശുഭ്മാൻ ഗിൽ



ആരാധകർക്ക് മാത്രമല്ല, മുൻ ഇന്ത്യൻ ക്യാപ്റ്റൻ എംഎസ് ധോണിയുടെ അഭാവം ഇന്ത്യൻ താരങ്ങൾക്ക് പോലും നികത്താനാവാത്ത ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്. ധോണിയുടെ ജന്മനാടായ റാഞ്ചിയിൽ നടക്കുന്ന ഇന്ത്യ -ഇംഗ്ലണ്ട് നാലാം ടെസ്റ്റിന് മുന്നോടിയായി സംസാരിച്ച ഇന്ത്യൻ ബാറ്റ്സ്മാൻ ശുഭ്മാൻ ഗിൽ, താൻ എവിടെയൊക്കെ മത്സരത്തിന് ഇറങ്ങിയാലും അവിടെയൊക്കെ അദ്ദേഹത്തിന്റെ കുറവ് അറിയുണ്ടെന്നും പറഞ്ഞിരിക്കുകയാണ്.''ഞങ്ങൾ എവിടെ കളിച്ചാലും എല്ലാവരും മഹി ഭായിയെ മിസ് ചെയ്യുന്നു. ഇന്ത്യയിൽ എല്ലായിടത്തും പോകുന്നത് ഒരു പ്രത്യേക അനുഭവമാണ്, ''ഗിൽ മാധ്യമങ്ങളോട് പറഞ്ഞു.2019-ൽ ന്യൂസിലൻഡിനെതിരായ ഏകദിനത്തിൽ മുൻ ക്യാപ്റ്റൻ എംഎസ് ധോണിയുടെ കീഴിൽ 19 വയസ്സുള്ള ശുഭ്മാൻ ഗിൽ തന്റെ ഇന്ത്യൻ അരങ്ങേറ്റം നടത്തി. എന്നിരുന്നാലും, 2020 ൽ ധോണി വിരമിക്കൽ പ്രഖ്യാപിച്ചതോടെ ധോണിയുടെ കീഴിൽ ഒരുപാട് മത്സരങ്ങൾ കളിക്കാനുള്ള ഭാഗ്യം താരത്തിന് കിട്ടി. രാജ്കോട്ടിൽ നടന്ന മൂന്നാം ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റിൽ ദയനീയമായി പുറത്തായതിന് ശേഷം എംഎസ് ധോണിയുമായി ശുഭ്മാൻ ഗിൽ ഒരു റെക്കോർഡ് പങ്കിട്ടു. രാജ്കോട്ട് ടെസ്റ്റിൽ 91-ൽ ഗില്ലിന്റെ റണ്ണൗട്ട്, ഇംഗ്ലണ്ടിനെതിരെ 90-കളിൽ റണ്ണൗട്ടായ ഒരേയൊരു ഇന്ത്യൻ ബാറ്റ്സ്മാൻ എന്ന നിലയിൽ എം.എസ്. ധോണിയ്ക്കൊപ്പം അദ്ദേഹത്തെ എത്തിച്ചു. 2012-ൽ ഇംഗ്ലണ്ടിനെതിരായ മത്സരത്തിൽ എംഎസ് ധോണിയും സെഞ്ചുറിക്ക് 1 റൺ അകലെ വീണു.



വാഗ്ദാനങ്ങൾ നൽകി ജഗൻ മോഹൻ റാവു

# ഹൈദരാബാദ് ക്രിക്കറ്റ് താരങ്ങൾക്ക് ഓരോ ബിഎംഡബ്ല്യു, ഒരു കോടി രൂപ

ഹൈദരാബാദ്: ഹൈദരാബാദ് ക്രിക്കറ്റ് താരങ്ങൾക്ക് വൻ വാഗ്ദാനങ്ങൾ നൽകി ഹൈദരാബാദ് ക്രിക്കറ്റ് അസോസിയേഷൻ തലവൻ ജഗൻ മോഹൻ റാവു രംഗത്ത്. അടുത്ത മൂന്നു വർഷത്തിനുള്ളിൽ കിരീടം നേടിയാൽ ടീമിലെ എല്ലാ താരങ്ങൾക്കും ഓരോ ബിഎംഡബ്ല്യു കാർ നൽകുമെന്നാണ് ജഗൻ മോഹൻ റാവുവിന്റെ വൻ ഓഫർ. അതുപോലെ ടീമിന് ഒരു കോടി രൂപ സമ്മാനമായി നൽകുമെന്നും ജഗൻ മോഹൻ റാവു പ്രഖ്യാപിച്ചിട്ടുണ്ട്. ക്രിക്കറ്റ് താരങ്ങളെ പ്രചോദിപ്പിക്കാൻ വേണ്ടിയാണ് ഇത്തരമൊരു ഓഫർ മുന്നോട്ടുവച്ചതെന്നാണ് ജഗൻ മോഹൻ പ്രതികരിച്ചത്. ''അടുത്ത സീസണിൽ തന്നെ ലക്ഷ്യത്തിലെത്തുകയെന്നതു ശരിക്കും നടക്കാൻ സാധ്യതയില്ലാത്ത കാര്യമാണ്. അതുകൊണ്ടാണ് മൂന്നു വർഷത്തെ സമയം അവർക്ക് അനുവദിച്ചത്. ക്രിക്കറ്റിലെ സമഗ്രമായ മാറ്റത്തിനാണ് ഹൈദരാബാദ് ക്രിക്കറ്റ് അസോസിയേഷൻ ലക്ഷ്യമിടുന്നത്. നിലവിൽ ജിംഖാന ഗ്രൗണ്ടിൽ ഹൈദരാബാദ് ക്രിക്കറ്റ് അക്കാദമി ഓഫ് എക്സലൻസ് പ്രവർത്തിക്കുന്നുണ്ട്. പുതിയ താരങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ അവരുടെ പ്രദേശത്തു തന്നെ ലഭ്യമാക്കുക ലക്ഷ്യമിട്ട് നാല് സാറ്റലൈറ്റ് അക്കാദമികൾ ആരംഭിക്കാനും പദ്ധതിയുണ്ട്' എന്നും ജഗൻ മോഹൻ പറഞ്ഞു. എന്നാൽ രഞ്ജി ട്രോഫിയുടെ ചരിത്രത്തിൽ രണ്ടു വട്ടം മാത്രമാണ് ഹൈദരാബാദ് കിരീടം നേടിയിട്ടുള്ളത്. 193738, 198687 സീസണുകളിലായിരുന്നു ഇത്. കഴിഞ്ഞ സീസണിൽ എലൈറ്റ് ഗ്രൂപ്പിൽ അവസാനം ഫിനിഷ് ചെയ്ത ഹൈദരാബാദ് പ്ലേറ്റ് ഗ്രൂപ്പിലേക്കു തരംതാഴ്ത്തൽ വരെ നേരിടേണ്ടി വന്നിരുന്നു.



# നടുവിന്റെ ക്ഷേമവും പ്രധാനം; വേദന അകറ്റാൻ നിങ്ങൾ ചെയ്യേണ്ടത്!!

ദൈർഘ്യമേറിയ ജോലി, അനുചിതമായ ഇരിപ്പ്, പൊണ്ണത്തടി എന്നിവയാണ് നടുവേദനയ്ക്ക് കാരണമാകുന്ന പ്രധാന ഘടകങ്ങൾ. സമയബന്ധിതമായ രോഗനിർണയവും ഉചിതമായ ചികിത്സയും, ജീവിതശൈലി പരിഷ്കാരങ്ങൾ എന്നിവയിലൂടെ ദൈനംദിന ജീവിതത്തിൽ നേരിടുന്ന നടുവേദനയുടെ ആഘാതം നിയന്ത്രിക്കാനും കുറയ്ക്കാനും സാധിക്കും.

**ശരിയായ ഇരുത്തം**

നിവർന്നു ഇരിക്കുന്നത് പുറകിലെ പേശികളുടെ ആയാസം ലഘൂകരിക്കാൻ സഹായിക്കുന്നു. ദീർഘനേരം നിൽക്കുകയാണെങ്കിൽ, അതിനടുത്തായി ഒരു സ്റ്റൂൾ വയ്ക്കുക, കാല് അതിന് മുകളിൽ വെക്കാം. ഇത് പുറകിൽ ഏൽക്കുന്ന മർദ്ദം ഒഴിവാക്കും.

**ആരോഗ്യകരമായ ഭാരം നിലനിർത്തുക**

അമിതവണ്ണം ആളുകളിൽ നടുവേദനയുടെ പ്രധാന കാരണങ്ങളിലൊന്നാണ്. കാരണം ഇത് നട്ടെല്ലിന്മേൽ സമ്മർദ്ദം ചെലുത്തുന്നു. ഇത് കൂടുതൽ നടുവേദന പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഒരാൾ ആരോഗ്യകരമായ ഭാരം നിലനിർത്തുകയും ആരോഗ്യകരമായ ജീവിതശൈലിയിൽ മുഴുകുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

**ആരോഗ്യകരമായ ഭക്ഷണം:**

ആരോഗ്യകരമായ ഭക്ഷണക്രമം പാലിക്കുന്നതും പുകവലി ഒഴിവാക്കുന്നതും ഹൃദയാരോഗ്യത്തിന് സഹായിക്കും. കൂടാതെ, കാൽസ്യം, വിറ്റാമിൻ ഡി എന്നിവ അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് എല്ലുകളുടെ ആരോഗ്യം നിലനിർത്താൻ സഹായിക്കുന്നു. നടുവേദന പ്രശ്നങ്ങൾ തടയാൻ ഇത് സഹായകമാണ്.

**പതിവ് വ്യായാമം:**

പതിവായി വ്യായാമം ചെയ്യുന്നതിലൂടെ സന്ധികളുടെ വഴക്കവും ചലനാത്മകതയും വർദ്ധിക്കുന്നു. ഇത് നടുവേദനയുടെ പ്രശ്നങ്ങൾ തടയാൻ സഹായിക്കും

**ഉറങ്ങുന്ന രീതി**

നിങ്ങളുടെ നടുവേദന ചിലപ്പോൾ തെറ്റായ പൊസിഷനിൽ ഉറങ്ങുന്നത് മൂലമാകാം. മലർന്ന് കിടന്ന് ഉറങ്ങുന്നതാണ് ഏറ്റവും നല്ലത്. നടുവേദന ഉണ്ടെങ്കിൽ, കുറച്ച് ദിവസം വെറും നിലത്ത്, കാലുകൾക്ക് താഴെ ഒരു തലയിണ വച്ച് ഉറങ്ങുക.

# നടത്തത്തിന്റെ വേഗത കൂട്ടിയാൽ പ്രമേഹം പമ്പ കടക്കും



ടൈപ്പ് 2 പ്രമേഹം ആഗോള ആരോഗ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. സാധാരണ ജീവിതശൈലി നയിക്കുന്ന പലരിലും ടൈപ്പ് 2 പ്രമേഹം സാധാരണമാണ്. പ്രമേഹത്തെ പ്രതിരോധിക്കാൻ നടത്തം സഹായിക്കുമെന്ന പുതിയ പഠനവുമായി എത്തിയിരിക്കുകയാണ് ഒരു സംഘം ഗവേഷകർ. അതായത് വേഗത കൂട്ടി നടക്കുന്നത് പ്രമേഹത്തെ തടയാൻ സഹായിക്കുമെന്ന് ഗവേഷകർ പറയുന്നു.

മുമ്പ് മധ്യവയസ്കരിലാണ് ടൈപ്പ് 2 പ്രമേഹം കണ്ടിരുന്നതെങ്കിൽ ഇപ്പോൾ കുട്ടികളിലും ഇത് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ടൈപ്പ് 1 പ്രമേഹത്തിൽ നിന്ന് വ്യത്യസ്തമായി, അപര്യാപ്തമായ ഇൻസുലിൻ ഉൽപാദനത്തിന്റെ ഫലമായി ശരീരത്തിന് ഫലപ്രദമായി ഇൻസുലിൻ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ് ടൈപ്പ് 2 പ്രമേഹം. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് വർധിപ്പിക്കുകയും മറ്റ് സങ്കീർണതകൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് ഹാർവഡ് ഹെൽത്ത് പറയുന്നു.

ബ്രിട്ടീഷ് ജേണൽ ഓഫ് സ്പോർട്സ് മെഡിസിനിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ നടത്തത്തിന്റെ വേഗതയും പ്രമേഹവും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നു. വേഗത്തിലുള്ള നടത്തം, പ്രത്യേകിച്ച് മണിക്കൂറിൽ നാല് കിലോമീറ്ററിന് മുകളിൽ നടക്കുന്നത് പ്രമേഹ സാധ്യത കുറയ്ക്കുമെന്ന് പഠനങ്ങൾ പറയുന്നു.

മാത്രമല്ല, നടത്ത വേഗതയിൽ ഓരോ അധിക കിലോമീറ്ററിനും അപകട സാധ്യത ഒമ്പത് ശതമാനം കുറയുന്നു. പ്രമേഹം തടയാൻ നടത്തത്തിന്റെ വേഗത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഈ പഠനം എടുത്തുകാണിക്കുന്നു.

യുഎസ്എ, ജപ്പാൻ, യുകെ എന്നീ രാജ്യങ്ങളിലെ അരലക്ഷത്തിലധികം മുതിർന്നവരിൽ ദീർഘകാലം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഗവേഷകർ ഈ നിഗമനത്തിലെത്തിയത്. ഉല്ലാസപ്രദമായി കാണാതെ മണിക്കൂറിൽ മൂന്നു മുതൽ അഞ്ച് കിലോമീറ്റർ വേഗതയിൽ നടക്കുന്നത് ടൈപ്പ് 2പ്രമേഹസാധ്യത 15 ശതമാനം കുറയ്ക്കുമെന്ന് പഠനം പറയുന്നു. മണിക്കൂറിൽ അഞ്ച് കിലോമാറ്ററിൽ കൂടുതൽ വേഗതയിൽ നടക്കുന്നത് രോഗസാധ്യത 39 ശതമാനം കുറയ്ക്കുന്നു.

# കോവിഡാനന്തര ശ്വാസകോശ പ്രശ്നങ്ങൾ കൂടുതൽ ഇന്ത്യക്കാരിൽ



കോവിഡ്-19ൽ നിന്ന് സുഖം പ്രാപിച്ച ഇന്ത്യക്കാരിൽ വലിയൊരു ശതമാനം പേർക്ക് ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ അനുഭവപ്പെടുന്നതായി പഠനം. യൂറോപ്യന്മാരെക്കാളും ചൈനക്കാരെക്കാളും ഇന്ത്യക്കാർക്ക് ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടെന്നും പഠനം പറയുന്നു. വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് പ്രസിദ്ധീകരിച്ച പഠനത്തിലാണ് ഇക്കാര്യം പറയുന്നത്.

ആരോഗ്യപ്രശ്നങ്ങൾ നേരിട്ട ചിലർ ഒരു വർഷത്തിനുള്ളിൽ സാധാരണ നിലയിലേക്ക് മടങ്ങിവരാം, മറ്റുള്ളവർക്ക് ജീവിതകാലം മുഴുവൻ ശ്വാസകോശ സംബന്ധമായ തകരാറുമായി ജീവിക്കേണ്ടി വന്നേക്കാമെന്നും പഠനം പറയുന്നു.

ശ്വാസകോശ പ്രവർത്തനത്തിൽ കോവിഡിന്റെ സ്വാധീനം പരിശോധിക്കുന്ന രാജ്യത്തെ ഏറ്റവും വലിയ പഠനമാണ് നടന്നത്. 207 വ്യക്തികളിലാണ് പഠനം നടത്തിയത്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ നടത്തിയ ഈ പഠനം അടുത്തിടെ പ്ലോസ് ഗ്ലോബൽ പബ്ലിക് ഹെൽത്ത് ജേണലിൽ പ്രസിദ്ധീകരിച്ചിരുന്നു.

കോവിഡ്-19 ബാധിച്ച് രണ്ട് മാസത്തിന് ശേഷം നെഗറ്റീവായ ഈ രോഗികളിൽ, പൂർണ്ണ ശ്വാസകോശ പ്രവർത്തന പരിശോധന, ആറ് മിനിറ്റ് നടത്ത പരിശോധന, രക്തപരിശോധന, ജീവിത നിലവാരം എന്നിവയും പഠന വിധേയമാക്കി.

രക്തത്തിലേക്ക് ഓക്സിജൻ കൈമാറാനുള്ള കഴിവ് 44 ശതമാനം പേരെ ബാധിച്ചു. നിയന്ത്രിത ശ്വാസകോശ രോഗം 35 ശതമാനത്തിൽ കണ്ടെത്തി. അവയിൽ ശ്വാസോച്ഛ്വാസം നടക്കുമ്പോൾ ശ്വാസകോശത്തിന് വികസിക്കാനുള്ള കഴിവ് കുറയുന്നതായി കണ്ടെത്തി.

8.3 ശതമാനം ആളുകൾക്കും ശ്വാസകോശത്തിനകത്തേക്കും പുറത്തേക്കുമുള്ള വായു സഞ്ചാരത്തെ ബാധിച്ചതായും പഠനം കണ്ടെത്തി.

# ദഹനം എളുപ്പമാക്കാൻ കുടലിൽ ബാക്ടീരിയകൾ വേണം; വർധിക്കാൻ കഴിക്കേണ്ട ഭക്ഷണങ്ങൾ



നമ്മുടെ കുടലിൽ നല്ലതും ചീത്തയുമായ ധാരാളം ബാക്ടീരിയകളുണ്ട്. കുടലിലെ ഈ ബാക്ടീരിയകളുടെ സന്തുലിതാവസ്ഥയാണ് ദഹനവ്യവസ്ഥയെ ആരോഗ്യകരമായി നിലനിർത്തുന്നത്.

കുടലിൽ കാണപ്പെടുന്ന നല്ല ബാക്ടീരിയകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന നിരവധി ഭക്ഷണങ്ങളുണ്ട്.

എങ്കിൽ കുടലിൽ നല്ല ബാക്ടീരിയകൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ ഭക്ഷണങ്ങളാണ് കഴിക്കേണ്ടതെന്ന് നോക്കാം...

**വാഴപ്പഴം**

വാഴപ്പഴം ആണ് പട്ടികയിൽ ഒന്നാമൻ. ഫൈബർ ധാരാളം അടങ്ങിയ ഇവ കുടലിൽ നല്ല ബാക്ടീരിയകൾ കൂടാനും ദഹനം മെച്ചപ്പെടുത്താനും സഹായിക്കും. ഫൈബർ അടങ്ങിയ പച്ചക്കറികൾ കഴിക്കുന്നതും കുടലിൽ നല്ല ബാക്ടീരിയകൾ വർധിക്കാൻ സഹായിക്കും.

**ഇഞ്ചി**

ഇഞ്ചിയിൽ ആന്റി ഇൻഫ്ളമേറ്ററി ഗുണങ്ങൾ അടങ്ങിയിട്ടുണ്ട്. ഇവ ചീത്ത ബാക്ടീരിയകളെ അകറ്റി നല്ല ബാക്ടീരിയകളുടെ വളർച്ചയ്ക്കും കുടലിന്റെ ആരോഗ്യം സംരക്ഷിക്കാനും സഹായിക്കും.

**തൈര്**

തൈര് ഡയറ്റിൽ ഉൾപ്പെടുത്തുന്നത് വയറ്റിനകത്ത് കാണപ്പെടുന്ന നല്ലയിനം ബാക്ടീരിയകളുടെ എണ്ണം വർധിപ്പിക്കാനും ദഹനം മെച്ചപ്പെടുത്താനും കുടലിന്റെ ആരോഗ്യം സംരക്ഷിക്കാനും സഹായിക്കും.

**ബദാം**

ഫൈബറും മറ്റ് വിറ്റാമിനുകളും അടങ്ങിയ ബദാം കഴിക്കുന്നതും കുടലിലെ ബാക്ടീരിയകളുടെ എണ്ണം കൂടാൻ സഹായിക്കും.

**പയർ**

പയർവർഗങ്ങളാണ് അടുത്തതായി ഈ പട്ടികയിൽ ഉൾപ്പെടുന്നത്. ഫോളേറ്റ്, ഇരുമ്പ്, ബി വിറ്റാമിനുകൾ തുടങ്ങിയ പോഷകങ്ങളാൽ സമ്പന്നമാണ് പയർ. ഇവ കുടലിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കും.

# ഇഷ്ടപ്പെട്ട റീൽ എങ്ങനെ ഡൗൺലോഡ് ചെയ്യാം?




സോഷ്യൽ മീഡിയ ഇന്ന് നിത്യജീവിതത്തിൽ ആളുകൾക്ക് ഒഴിച്ച് കൂടാൻ കഴിയാത്ത ഒന്നാണ്. ദിവസത്തിൽ നമ്മൾ കുറഞ്ഞത് 5,6 മണിക്കൂറെങ്കിലും സമയം മൊബൈൽ സ്ക്രീനിൽ ചെലവഴിക്കും. നിലവിലെ പഠനങ്ങൾ പറയുന്നത് ആളുകൾ ഏറ്റവും കൂടുതൽ സമയം സോഷ്യൽ മീഡിയയിൽ കാണുന്നത് റീലുകളാണെന്നാണ്.

അത് കൊണ്ട് തന്നെ എല്ലാവരുടെയും ഫേവറിറ്റ് ലിസ്റ്റിൽ ഇൻസ്റ്റഗ്രാമാണ് ഇടം നേടിയിരിക്കുന്നത്. ചിലപ്പോഴെങ്കിലും ഒരു റീൽ കാണുമ്പോൾ നിങ്ങൾക്ക് അതൊന്ന് ഡൗൺലോഡ് ചെയ്ത് സ്റ്റാറ്റസാക്കണമെന്ന് തോന്നാറില്ലേ? ഒരു 80 ശതമാനം പേർക്കെങ്കിലും ഇത് തോന്നിയിട്ടുണ്ടാവും. എന്നാൽ ഇതെങ്ങനെ ഡൗൺലോഡ് ചെയ്യാം.

1. റീലിലെ ഷെയർ ബട്ടൺ സെലക്ട്ചെയ്യുകവരുന്നഓപ്ഷനുകളിൽകോപ്പി ലിങ്ക്, ആഡ് സ്റ്റോറി, ഷെയർ, വാട്സാപ്പ്, ത്രെഡ് എന്നിങ്ങനെ കാണാം.

2. ഇതിനൊപ്പം ഡൗൺലോഡ് ഓപ്ഷനും നിങ്ങൾക്ക് കാണാൻ സാധിക്കും. എന്നാൽ എല്ലാ റീലുകൾക്കും ഇതുണ്ടാവില്ല.

3. അത്തരത്തിൽ ഡൗൺലോഡ് ഇല്ലാത്ത റീലുകൾ നിങ്ങൾക്ക് ആഡ് സ്റ്റോറി ഓപ്ഷനിൽ ഇടാം. നിങ്ങളുടെ ഇൻസ്റ്റഗ്രാം സ്റ്റോറിക്കായുള്ള ഓപ്ഷനാണിത്. എന്നാൽ സ്റ്റോറിയായി ഇടണമെന്നില്ല.

4. സ്റ്റോറി കാണിക്കുമ്പോൾ തന്നെ മുകളിൽ വലതു വശത്തെ മൂന്ന് ഡോട്ടുകളിൽ ക്ലിക്ക് ചെയ്താൽ ഡ്രോ, സേവ് ഓപ്ഷനുകൾ വരും ഇതിൽ സേവ് സെലക്ട് ചെയ്താൽ നിങ്ങളുടെ റീൽ ഫോണിൽ സേവായി എന്നാണ് അർഥം.

5. ഇത്തരത്തിൽ ഡൗൺലോഡ് ചെയ്യുന്ന എല്ലാ റീലുകളിലും മ്യൂസിക് കിട്ടണമെന്നില്ല. ഇൻസ്റ്റഗ്രാം മ്യൂസിക് ഉപയോഗിക്കുന്ന റീലുകളിൽ പലതിലും നിങ്ങൾക്ക് റീലിനൊപ്പം മ്യൂസിക് ഉണ്ടാവില്ല.

# വാട്ട്സ്ആപ്പ് ബാക്കപ്പ് സൈസ് കുറയ്ക്കണോ? പരീക്ഷിക്കാം ഈ രീതികൾ




ഐഫോണുകളിലും ആൻഡ്രോയിഡ് സ്മാർട്ട്ഫോണുകളിലും വാട്ട്സ്ആപ്പ് ബാക്കപ്പ് സൈസ് കുറയ്ക്കുന്നതിനുള്ള ലളിതമായ ചില ടിപ്സുകൾ ഇതാ:

**ഓട്ടോ മീഡിയ ഡൗൺലോഡ് പ്രവർത്തനരഹിതമാക്കുക**

ഓട്ടോ മീഡിയ ഡൗൺലോഡ് ഓഫ് ചെയ്തിട്ടാൽ ചിത്രങ്ങളും വീഡിയോകളും അനാവശ്യമായി ഉൾപ്പെട്ടില്ലെന്ന് ഉറപ്പാക്കാം. നിരവധി ഗ്രൂപ്പുകളും അവയിൽ നിന്ന് സന്ദേശങ്ങളും വരുന്നവർക്ക് പാലിക്കാൻ പറ്റിയ രീതിയാണിത്.

**ചാറ്റ് ബാക്കപ്പിൽ വീഡിയോകൾ ഉൾപ്പെടുത്തരുത്**

വാട്ട്സ്ആപ്പ് ചാറ്റുകൾ ബാക്കപ്പ് ചെയ്യുമ്പോൾ വീഡിയോകളും സ്പേസ് എടുക്കാറുണ്ട്. വാട്ട്സ്ആപ്പ് ബാക്കപ്പ് മെനുവിലെ 'വീഡിയോകൾ ഉൾപ്പെടുത്തുക' ഓപ്ഷൻ പ്രവർത്തനരഹിതമാക്കുന്നത് ബാക്കപ്പ് ഡാറ്റയുടെ വലുപ്പം ഗണ്യമായി കുറയ്ക്കും.

അടുത്തിടെ അവതരിപ്പിച്ച HD മീഡിയ ഓപ്ഷനിൽ ഇത് വളരെ പ്രധാനമാണ്, ഇത് ഗുണനിലവാരം കുറയ്ക്കാതെ തന്നെ ഉയർന്ന റെസല്യൂഷനിലുള്ള ഫോട്ടോകളും വീഡിയോകളും വാട്സ് ആപ്പിൾ അയയ്ക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്നു.

**ഡിസപ്പിയറിങ് മെസേജുകൾ ഓണാക്കുക**

ഡിസപ്പിയറിങ് മെസേജ് ഓപ്ഷൻ ഓണാക്കി വെക്കുകയാണെങ്കിൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ സന്ദേശങ്ങളും വീഡിയോകളും ചിത്രങ്ങളും അപ്രത്യക്ഷമാകും. ഇതിലൂടെ ബാക്ക്അപ്പ് സൈസ് കുറയ്ക്കാൻ സാധിക്കും. എല്ലാ ചാറ്റുകളും, അല്ലെങ്കിൽ തിരഞ്ഞെടുത്ത ചാറ്റുകളിലെ സന്ദേശങ്ങൾ അപ്രത്യക്ഷമാക്കാനുള്ള ഓപ്ഷൻ വാട്സ്ആപ്പിലുണ്ട്.

**ബോണസ് ടിപ്**

നിങ്ങൾക്ക് വാട്ട്സ്ആപ്പിൽ മൾട്ടിമീഡിയ ഉൾപ്പെടെ നിരവധി പ്രധാനപ്പെട്ട ഡാറ്റ ഉണ്ടെങ്കിൽ, യഥാക്രമം ഗൂഗിളിൽ നിന്നോ ആപ്പിളിൽ നിന്നോ അധിക ക്ലൗഡ് സ്റ്റോറേജ് വാങ്ങുകയല്ലാതെ മറ്റൊരു ഓപ്ഷനില്ല. പ്രതിമാസ അടിസ്ഥാന Google One സബ്സ്ക്രിപ്ഷൻ പ്ലാനിന് പ്രതിമാസം 130 രൂപയും 100 GB ക്ലൗഡ് സംഭരണവും (സൗജന്യമായ 15 G-B ഉൾപ്പെടെ) വാഗ്ദാനം ചെയ്യുന്നു. ഐ ക്ലൗഡിൽ പ്രതിമാസം 75 രൂപയും 50 ജിബിയുടെ സ്റ്റോറേജും നൽകുന്നു.

# ഫോൺ വെള്ളത്തിൽ വീണാൽ അരിയിൽ പൂഴ്ത്തി വയ്ക്കാറുണ്ടോ?




ഫോൺ വെള്ളത്തിൽ വീണാൽ അരിയിൽ പൂഴ്ത്തിവെക്കുക എന്ന ട്രിക്ക് ഒരിക്കലെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടാവും അല്ലേ? ഇതിൽ എന്തെങ്കിലും സത്യമുണ്ടോ? ഇല്ല എന്നാണ് ടെക് ഭീമൻ ആപ്പിൾ നൽകുന്ന വിവരം. അതായത് ഒരിക്കൽ പോലും ഐ ഫോൺ ഉപഭോക്താക്കളോട് ഇങ്ങനെ ചെയ്യരുതെന്ന് നിർദേശിച്ചിരിക്കുകയാണ് ആപ്പിൾ.

വെള്ളം കയറിയ ഫോണുകൾ അരിയിൽ പൂഴ്ത്തിവച്ചാൽ വെള്ളം പൂർണമായും അരി വലിച്ചെടുക്കുമെന്നാണ് പൊതുവെ പറയുന്ന കാര്യം. എന്നാൽ ഇത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നാണ് ഐ ഫോൺ നിർമാതാക്കളായ ആപ്പിളിന്റെ മുന്നറിയിപ്പ്.

ഫോൺ അരിയിൽ പൂഴ്ത്തിവച്ച് കഴിഞ്ഞാൽ അരിയിലുള്ള ചെറിയ പദാർത്ഥങ്ങൾ ഫോണിനകത്ത് കയറി ഫോണിന് കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുണ്ടെന്നാണ് ആപ്പിൾ മുന്നറിയിപ്പ് നൽകുന്നത്.

അതോടൊപ്പം തന്നെ ഫോണിൽ വെള്ളം കയറിയാൽ ഹെയർ ഡ്രയറുകൾ ഉപയോഗിച്ച് വെള്ളം വലിച്ചെടുക്കാൻ ശ്രമിക്കുകയും അരുത്. ഫോണിലെ ചാർജിങ് പോർട്ടിൽ പഞ്ഞിയും ടിഷ്യു പേപ്പറുമുപയോഗിച്ച് തുടയ്ക്കുന്നതും അപകടമാണെന്നാണ് ഐ ഫോൺ അറിയിക്കുന്നത്.

**ബദൽ മാർഗം എന്ത്?**

1. ഐ ഫോണിൽ വെള്ളം കയറിയാൽ ഫോണിന്റെ പവർ കേബിൾ കണക്ട് ചെയ്യുന്ന പോർട്ട് താഴേക്കു വരുന്ന തരത്തിൽ വച്ച് ചെറുതായി ഫോണിന്റെ മുകളിൽ തട്ടുക.

2. അരമണിക്കൂറോളം നനവില്ലാത്ത ഒരു സ്ഥലത്ത് ഫോൺ വച്ചതിന് ശേഷം ചാർജ് ചെയ്യുക.

3. അകത്ത് വെള്ളമുണ്ടെങ്കിൽ ഫോണിൽ അലർട്ട് കാണിക്കും.

4. വീണ്ടും നേരത്തെ വച്ചതുപോലെ ഫോൺ വയ്ക്കുക. ഫോണിൽ നിന്ന് വെള്ളം പൂർണമായും ഇറങ്ങിപ്പോകാൻ ഏകദേശം 24 മണിക്കൂർ വേണ്ടി വരും.

5. ഫോണിനകത്ത് ഇപ്പോഴും വെള്ളമുണ്ടെന്ന അലർട്ട് വന്നുകഴിഞ്ഞാൽ പിന്നെ ചാർജ് ചെയ്യരുത്.

6. വെള്ളം മുഴുവൻ പോയിട്ടും ചാർജ്ജ് ചെയ്യുന്നില്ലെങ്കിൽ, അഡാപ്റ്ററിൽ നിന്ന് കേബിൾ അൺപ്ലഗ് ചെയ്യുക.




# മൈക്രോസോഫ്റ്റ് അസൂർ അക്കൗണ്ടുകളിൽ സുരക്ഷാ വീഴ്ച; വിവരങ്ങൾ ചോർത്തി

മൈക്രോസോഫ്റ്റിന്റെ ക്ലൗഡ് സേവനമായ അസൂർ അക്കൗണ്ടുകളിൽ വൻ സുരക്ഷാ വീഴ്ച. വൻകിട കമ്പനികളുടെ ഉന്നത ഉദ്യോഗസ്ഥരെ ലക്ഷ്യമിട്ടായിരുന്നു സൈബർ ആക്രമണം.

സൈബർ സുരക്ഷാ കമ്പനിയായ പ്രൂഫ്പോയിന്റ് പറയുന്നതനുസരിച്ച്, 2023 നവംബറിൽ കണ്ടെത്തിയ അതേ മാൽവെയർ തന്നെയാണ് ഹാക്കിങ്ങിനും ഉപയോഗിച്ചിരിക്കുന്നത്. ഫിഷിംഗ് രീതികളിലൂടെയും ക്ലൗഡ് അക്കൗണ്ട് ടേക്ക് ഓവർ (CTO) വഴിയുമാണ് ഹാക്കിങ്. ഓഫീസ് ഹോമിലേക്കും അതേ സമയം മൈക്രോസോഫ്റ്റ് 365 ആപ്ലിക്കേഷനുകളിലേക്കും ആക്സസ് നേടാൻ ഇത് ആക്രമണകാരികളെ സഹായിക്കും.

അതേസമയം ലൊക്കേഷൻ അടക്കമുള്ള ഐഡന്റിറ്റി മറയ്ക്കുന്നതിന് ഹാക്കർമാർ പ്രോക്സി സേവനങ്ങൾ ഉപയോഗിച്ചതായി ആരോപിക്കപ്പെടുന്നു. ഹാക്കിങ് കൃത്യമായി ആസൂത്രണം ചെയ്തതും മിഡ് ലെവൽ, സീനിയർ ജീവനക്കാരെ ലക്ഷ്യം വച്ചുള്ളതായിരുന്നു.

പ്രൂഫ്പോയിന്റ് അനുസരിച്ച്, സെയിൽസ് ഡയറക്ടർമാർ, അക്കൗണ്ട് മാനേജർമാർ, ഫിനാൻഷ്യൽ ഡയറക്ടർമാർ, ഓപ്പറേഷൻസ് വൈസ് പ്രസിഡന്റുമാർ, ഫിനാൻഷ്യൽ ഡയറക്ടർമാർ, പ്രസിഡന്റുമാർ, സിഇഒമാർ തുടങ്ങിയവരായിരുന്നു ലക്ഷ്യങ്ങൾ.

ഇത്തരത്തിലുള്ള ആക്രമണങ്ങളിൽ, അക്കൗണ്ട് അപഹരിക്കപ്പെട്ടാൽ, സൈബർ കുറ്റവാളികൾ അവരുടെ സ്വന്തം MFA (മൾട്ടിഫാക്ടർ ഓതന്റിക്കേഷൻ) വിന്യസിക്കുന്നു, ഉദാഹരണത്തിന്, ഒരു ഇതര മൊബൈൽ നമ്പർ ചേർക്കുകയോ അല്ലെങ്കിൽ ഒരു പ്രാമാണീകരണ ആപ്പ് സജ്ജീകരിക്കുകയോ ചെയ്യുന്നതിലൂടെ ഉപയോക്താവിന് ആക്സസ് വീണ്ടെടുക്കാൻ കഴിയില്ല. ഈ സൈബർ ആക്രമണങ്ങളുടെ ലക്ഷ്യം ഡാറ്റ മോഷണവും സാമ്പത്തിക തട്ടിപ്പുമാണ്.

# മകന്റെ മൃതദേഹം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ അലക്സി നവൽനിയുടെ അമ്മ



റഷ്യൻ പ്രതിപക്ഷ നേതാവ് അലക്സി നവൽനിയുടെ അമ്മ തന്റെ മകന്റെ മൃതദേഹം വിട്ടുനൽകാൻ കോടതിയിൽ കേസ് ഫയൽ ചെയ്തതായി റിപ്പോർട്ട്. മൃതദേഹം കുടുംബത്തിന് വിട്ടുനൽകാൻ വിസമ്മതിച്ചതിനെതിരെ ആർട്ടിക് നഗരമായ സലേഖർഡിലെ കോടതിയിൽ കേസ് ഫയൽ ചെയ്തതായി ആണ് റഷ്യയുടെ സ്റ്റേറ്റ് ന്യൂസ് ഏജൻസി ടാസ് ബുധനാഴ്ച റിപ്പോർട്ട് ചെയ്തത്.അടച്ചിട്ട മുറിയിൽ വാദം കേൾക്കൽ മാർച്ച് നാലിന് ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്നും കോടതി ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് റിപ്പോർട്ട് പറയുന്നു. കഴിഞ്ഞ ദിവസമാണ് റഷ്യയിലെ ജയിലിൽ വച്ച് അലക്സി നവൽനി മരണപ്പെടുന്നത്. വിവരം അറിഞ്ഞത് മുതൽ ല്യൂഡ്മില നവൽനയ തന്റെ മകന്റെ മൃതദേഹം വീണ്ടെടുക്കാൻ ശ്രമിക്കുകയാണ്. അതേസമയം അദ്ദേഹത്തിന്റെ മൃതദേഹം എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് കണ്ടെത്താൻ ഇതുവരെ ആ അമ്മയ്ക്ക് കഴിഞ്ഞില്ല.അതേസമയം നവൽനി മരിച്ച ജയിലിന് സമീപമുള്ള സലേഖർഡിലെ മാധ്യമപ്രവർത്തകർക്കായി സമർപ്പിച്ച സ്മാരകത്തിൽ നവൽനയ ബുധനാഴ്ച പുഷ്പങ്ങളും മകന്റെ ചിത്രവും അർപ്പിച്ചു. അതേസമയം നിരവധി പോലീസ് ഉദ്യോഗസ്ഥർ ആണ് സ്മാരകത്തിന് സമീപം നിരീക്ഷണം നടത്തുന്നത്.തന്റെ മകന്റെ മൃതദേഹം മാന്യമായി സംസ്കരിക്കാൻ അനുവദിക്കണമെന്ന് നവൽനയ ചൊവ്വാഴ്ച റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനോട് അഭ്യർത്ഥിച്ചു. 'അഞ്ചാം ദിവസമായി എനിക്ക് അവനെ കാണാൻ കഴിഞ്ഞില്ല. അവന്റെ ശരീരം അവർ എനിക്ക് വിട്ടുതരില്ല. അവൻ എവിടെയാണെന്ന് അവർ എന്നോട് പറയുന്നില്ല, ' എന്ന് നവൽനയ ഒരു വീഡിയോയിൽ പറഞ്ഞു. ''ഞാൻ നിങ്ങളിലേക്ക് എത്തുന്നു, വ്ളാഡിമിർ പുടിൻ, ഈ പ്രശ്നത്തിന്റെ പരിഹാരം നിങ്ങളെ മാത്രം ആശ്രയിച്ചിരിക്കുന്നു. അവസാനം ഞാൻ എന്റെ മകനെ കാണട്ടെ. അലക്സിയുടെ മൃതദേഹം ഉടനടി വിട്ടുകിട്ടണമെന്ന് ഞാൻ ആവശ്യപ്പെടുന്നു, അങ്ങനെ എനിക്ക് അവനെ ഒരു മനുഷ്യനെപ്പോലെ അടക്കം ചെയ്യാൻ കഴിയും, 'എന്നും നവൽനിയുടെ ടീം സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്ത വീഡിയോയിൽ അവർ വ്യക്തമാക്കി.അതേസമയം അലക്സി നവൽനിയുടെ മരണകാരണം ഇപ്പോഴും അജ്ഞാതമാണെന്നും പ്രാഥമിക ഇൻക്വസ്റ്റ് തുടരുന്നതിനാൽ അടുത്ത രണ്ടാഴ്ചത്തേക്ക് മൃതദേഹം വിട്ടുനൽകാൻ വിസമ്മതിച്ചതായും റഷ്യൻ അധികൃതർ വ്യക്തമാക്കിയതായി നവൽനിയുടെ ടീം അംഗങ്ങൾ പറഞ്ഞു.തെളിവുകൾ മറയ്ക്കാൻ സർക്കാർ ശ്രമിക്കുന്നതായി അവർ ആരോപിച്ചു. തിങ്കളാഴ്ച, നവൽനിയുടെ വിധവയായ യൂലിയ, പുടിൻ തന്റെ ഭർത്താവിനെ കൊലപ്പെടുത്തിയെന്ന് ആരോപിച്ച് ഒരു വീഡിയോ പുറത്തുവിട്ടിരുന്നു., അദ്ദേഹത്തിന്റെ മൃതദേഹം വിട്ടുനൽകാൻ വിസമ്മതിച്ചത് മറച്ചുവെക്കലിന്റെ ഭാഗമാണെന്നും അവർ ആരോപിച്ചു.



# ഒടുവിൽ പാക്കിസ്ഥാനിൽ പുതിയ സർക്കാർ

ഇസ്ലമാബാദ്: ദിവസങ്ങൾ നീണ്ട ചർച്ചകൾക്ക് ശേഷം പാകിസ്ഥാൻ പീപ്പിൾസ് പാർട്ടിയും പാകിസ്ഥാൻ മുസ്ലീം ലീഗ്-നവാസും പാകിസ്ഥാനിൽ പുതിയ സഖ്യ സർക്കാർ സ്ഥാപിക്കാൻ ധാരണയിലെത്തുമെന്ന് പാർട്ടി നേതാക്കൾ അറിയിച്ചു. ചൊവ്വാഴ്ച രാത്രി വൈകി നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ പാകിസ്ഥാൻ പീപ്പിൾസ് പാർട്ടി (പിപിപി) ചെയർമാൻ ബിലാവൽ ഭൂട്ടോ സർദാരി, പാകിസ്ഥാൻ മുസ്ലീം ലീഗ്-നവാസ് (പിഎംഎൽ-എൻ) പ്രസിഡന്റ് ഷെഹ്ബാസ് ഷെരീഫ് വീണ്ടും പ്രധാനമന്ത്രിയായി ചുമതലയേൽക്കുമെന്ന് അറിയിച്ചു. ചെയർമാൻ ആസിഫ് സർദാരി രാജ്യത്തിന്റെ അടുത്ത രാഷ്ട്രപതിയാകും.'ഞങ്ങൾ സർക്കാർ രൂപീകരിക്കാനുള്ള നിലയിലാണ്,' ഭൂട്ടോ-സർദാരിയെ ഉദ്ധരിച്ച് ജിയോ ന്യൂസ് റിപ്പോർട്ട് ചെയ്തു. വിഘടിത വിധിയെത്തുടർന്ന് കേന്ദ്രത്തിൽ സഖ്യസർക്കാർ രൂപീകരിക്കുന്നതിനുള്ള അധികാരം പങ്കിടൽ സൂത്രവാക്യത്തിൽ ഇരുപക്ഷവും സമവായത്തിലെത്താത്തതിനെത്തുടർന്ന് തിങ്കളാഴ്ച ഇരു പാർട്ടികളുടെയും ഉന്നത നേതാക്കൾ തമ്മിലുള്ള ഏറ്റവും പുതിയ റൗണ്ട് ചർച്ചകൾ അനിശ്ചിതത്വത്തിൽ അവസാനിച്ചതിന് തൊട്ടുപിന്നാലെയാണ് പ്രഖ്യാപനം.



# ഉക്രെയ്ന്റെ യൂറോപ്യൻ യൂണിയൻ അംഗത്വം ഉടൻ സാധ്യമാകുമോ?



ബ്രസൽസ്: ഉക്രൈനെതിരായ റഷ്യയുടെ യുദ്ധം ശക്തമായിക്കൊണ്ടിരിക്കെ കൈവുമായി അംഗത്വ ചർച്ചകൾ ആരംഭിക്കാൻ യൂറോപ്യൻ നേതാക്കൾ ഡിസംബറിൽ സമ്മതിച്ചിരുന്നു. എന്നാൽ ജൂണിൽ നടക്കാനിരിക്കുന്ന യൂറോപ്യൻ പാർലമെന്റ് തിരഞ്ഞെടുപ്പിന് മുമ്പ് ചർച്ചകൾ സാധ്യമായേക്കില്ലെന്നാണ് വോൺ ഡെർ ലെയ്ൻ പറയുന്നത്.''ഇതിന് സമയമെടുക്കും. എന്നാൽ വേനൽക്കാലത്തിന്റെ തുടക്കത്തിൽ, ഞങ്ങൾ തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു''- വോൺ ഡെർ ലെയ്ൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ചർച്ചകൾ വേഗത്തിലാക്കാൻ ഉക്രെയ്നും സമ്മർദ്ദം ചെലുത്തുന്നുണ്ട്.തുടക്കകാലത്ത് യൂറോപ്യൻ യൂണിയനിലെ റഷ്യൻ അനുകൂല നേതാവായ ഹംഗേറിയൻ പ്രധാനമന്ത്രി വിക്ടർ ഓർബൻ ഉക്രെയ്നിന്റെ അംഗത്വ ശ്രമത്തിനെതിരെ രംഗത്തെത്തിയിരുന്നു, എന്നാൽ ഡിസംബറിൽ ചർച്ചകൾ ആരംഭിക്കാനുള്ള തീരുമാനം അദ്ദേഹം അംഗീകരിച്ചു.ഉക്രൈനെ ഉപ്പം യൂറോപ്യൻ യൂണിയൻ കുറേ കൂടി കരുത്തുറ്റതായിരിക്കുമെന്നും ഉക്രൈൻ പ്രസിഡന്റ് സെലൻസ്കി നേരത്തെ പറഞ്ഞിരുന്നു . അതേസമയം യൂറോപ്യൻ യൂണിയനും ഉക്രെയ്നും ചർച്ചകൾ ആരംഭിക്കുന്നതിനായി വോൺ ഡെർ ലെയന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് ചർച്ചകൾക്കായി ഒരു ചട്ടക്കൂട് തയ്യാറാക്കണം, അത് 27 യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളും അംഗീകരിക്കുകയും വേണം.

## യുഎഇയിലെ സ്കൂളുകൾക്ക് ഇനി മൂന്നാഴ്ച അവധി

ദുബായ്: യുഎഇയിലെ സ്കൂളുകൾക്ക് മൂന്നാഴ്ചത്തെ അവധി പ്രഖ്യാപിച്ചു. മാർച്ച് 25ന് ആരംഭിക്കുന്ന അവധി ഏപ്രിൽ 14ന് അവസാനിക്കും. റമദാൻ, ഈദുൽ ഫിത്തർ എന്നിവയോട് അനുബന്ധിച്ചാണ് അവധി. ഏപ്രിൽ 15നാവും സ്കൂളുകൾ വീണ്ടും തുറന്ന് പ്രവർത്തിക്കുക.

2024-25 അധ്യയന വർഷത്തേക്കുള്ള കലണ്ടർ അനുസരിച്ചാണ് അവധി പ്രഖ്യാപിച്ചിരിക്കുന്നത്. റമദാൻ മാസം പകുതി ആകുമ്പോൾ ആരംഭിക്കുന്ന അവധി ചെറിയ പെരുന്നാൾ കഴിഞ്ഞ് അഞ്ച് ദിവസം കൂടി നീളുമെന്നാണ് അറിയിപ്പ്. മാർച്ച് 11, അല്ലെങ്കിൽ 12നാകും ഈ വർഷം റമദാൻ മാസം ആരംഭിക്കുക.ഇതിനിടെ ദുബായിലെ സ്വകാര്യ സ്കൂളുകൾ റമദാൻ, ഈദുൽ ഫിത്വർ അവധിക്ക് ശേഷം ഏപ്രിൽ 15ന് ക്ലാസുകൾ പുനരാരംഭിക്കുമെന്ന് അറിയിച്ചിരുന്നു. നോളജ് ആൻഡ് ഹ്യൂമൻ ഡെവലപ്മെന്റ് അതോറിറ്റി (കെഎച്ച്ഡിഎ)യാണ് ജൂൺ 28ന് മുമ്പ് അധ്യയന വർഷം അവസാനിക്കില്ലെന്നത് അടക്കമുള്ള വിവരങ്ങൾ തങ്ങളുടെ വെബ്സൈറ്റ് വഴി അറിയിച്ചത്.

# ബ്രിട്ടന് ഇനി മത്സ്യം നൽകില്ല: 70 വർഷം പഴക്കമുള്ള ഫിഷറീസ് കരാർ പിൻവലിച്ച് റഷ്യ

മോസ്കോ: ബ്രിട്ടനിലെ മത്സ്യത്തൊഴിലാളികൾക്കെതിരെ തുറന്ന യുദ്ധവുമായി പുടിൻ. ബ്രിട്ടനെ മത്സ്യബന്ധനത്തിൽ നിന്ന് നിരോധിക്കുന്ന ബില്ലിൽ റഷ്യ ഒപ്പുവച്ചു.റഷ്യൻ കോല പെനിൻസുലയുടെ ബാരന്റ്സ് കടലിലും കേപ് കാനിൻ നോസിന്റെ കിഴക്കു ഭാഗത്തും മത്സ്യബന്ധനം നടത്താൻ ബ്രിട്ടന് നൽകിപ്പോന്ന 70 വർഷത്തെ അനുമതിയാണ് റഷ്യ അവസാനിപ്പിക്കുന്നത്. യുകെ-യുഎസ്എസ്ആർ ഫിഷറീസ് കരാർ 1956 മെയ് 25ന് മോസ്കോയിൽ വച്ച് സോവിയറ്റ് ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി വാസിലി കുസ്നെറ്റ്സോവും സോവിയറ്റ് യൂണിയനിലെ യുകെ അംബാസഡർ വില്യം ഹെയ്റ്ററും ആണ് ഒപ്പുവച്ചിരുന്നത്. റഷ്യയുടെ അതിർത്തിയിലുള്ള ആർട്ടിക് പ്രദേശത്തു നിന്നാണ് ബ്രിട്ടന് അതിന്റെ പകുതിയോളം മത്സ്യ സമ്പത്ത് ലഭിക്കുന്നത്. റഷ്യയുടെ നിരോധനം ബ്രിട്ടനിലെ മത്സ്യവിതരണത്തെ തടസ്സപ്പെടുത്തും. വിതരണത്തിന്റെ അഭാവം ചെലവും വർദ്ധിപ്പിക്കും.റഷ്യയുടെ സമ്പദ്വ്യവസ്ഥയെ തകർക്കാനാണ് റഷ്യയുടെ ഈ ചെയ്തികൾ എന്ന് ബ്രിട്ടൻ പ്രതികരിച്ചു. 2023 മാർച്ചിൽ ബ്രിട്ടൻ റഷ്യയെ പ്രിയപ്പെട്ട രാഷ്ട്ര വ്യാപാര പദവിയിൽ നിന്ന് ഒഴിവാക്കിയതിന് പിന്നാലെയാണ് മോസ്കോയുടെ നടപടികൾ.ചെമ്പ്, വോഡ്ക എന്നിവയുൾപ്പെടെ ചില റഷ്യൻ ഉൽപ്പന്നങ്ങളുടെ ഇറക്കുമതിക്ക് ബ്രിട്ടൻ 35 ശതമാനം അധിക ചുങ്കം ഏർപ്പെടുത്തിയതും പുടിന്റെ ഭരണകൂടത്തെ ചൊടിപ്പിച്ചു.



# 15th Birthday in Heaven

*February 20th 2023*



## Scaria (Thankachen) Chennikkara

***Please remember me in your prayers***

**Thresiamma Chennikkara & Family**

# കൊച്ചിയിൽ ലേ മെറിഡിയനു പിൻവശത്ത് NH 66–നോടു ചേർന്ന് 2.5 ഏക്കർ സ്ഥലം വില്പനയ്ക്ക്

## 2.5 ACRES PRIME LAND NEAR NH 66 FOR SALE, BORDERING LE MERIDIAN HOTEL

The statutory and regulatory safety of the proposed project area as per government documents is one of the most important requisites for any construction work, now a days. The land property which is being introduced here, located in a prime area of the Kochi Metro City, claims inherent positive factors combining various favorable elements including flawless and comprehensive legal security.

The two-and-a-half acres of land to be sold posseses Paramb Pattayas which has been acquired as a family inheritance, is situated in ward no:12 of Maradu Municipality, where two of the largest residential complexes had to be demolished as per the Supreme Court's verdict. The property mentioned here is the only land left under Paramb Pattayas in this area which is at the peak of development with the presence of Hotel Le Méridien, Crown Plaza, several luxury car showrooms and high - end residential complexes.

There can be absolutely no legal issues with the proposed land as it is traditionally owned by the same family which earlier sold another nearby large portion to the Le Meridien Hotel. The fraternity of erstwhile tenants associated with this land have assigned a member of the same family, who holds the larger share of the property, to take decisions regarding the land of 22 households to whom the owner of this property (ISHTTADHAANAM ഇഷ്ടദാനം) has given the right of occupancy. This plot is accessible from NH 66 and KRL Road. Moreover, the site is adjacent to the Kundanur Junction from where the proposed Kochi- Madurai -Dhanushkodi Highway begins.

Although reclaimed lands in these areas in general may be biddable for less price, there may be Coastal Regulation Zone (CRZ) legal complications like what happened in the case of the demolished Maradu Flats. But obviously, the buyers of this particular land will get full legal security under the unique and distinct Paramb Pattayas.

With the completion of the proposed Kochi - Madurai-Dhanushkodi National Highway, which will ensure rapid development of the Maradu Municipal area, this proposed project will make any kind of development projects possible. This area is very suitable for luxury villas, luxury hotels or other flagship projects. As it is not under Corporation limits, it is easy to get building permits and so on.

Also wish to mention, frankly once again: the benefits of being positioned in Kochi urban area are remarkable. At the same time, legal exemptions due to being part of the municipality make any construction activity here easy. Indeed, the land price in this investment potential area is likely to increase tenfold in a few years. Lands filled in this zone, in violation of the Coastal Management Act and the Wetland Preservation Laws can be purchased at a bargain price. But those embarking on such lucrative land deals should think about the plight of the Maradu Flats.

Therefore, it reminds us that the future value of the money spent on buying 'legally safe' land here now will be huge. It is also assured that the land owner who has the largest share of the property, will play a key role in all stages of the proposed land transaction and strive to facilitate the sale and purchase.

If the party needs more land for the proposed project , one more Acre of land also available adjacent to these plots.




- Facing the National Highway 66. Consequently this land is having accessibility throughout the lengths and breadths of Kerala and beyond.
- Two major hotels, Le Meridian (behind the land) and Crown Plaza (in front) are an added advantage.
- A number of national and international meets are held frequently in these hotels.
- Cochin Port is 4 km away and Cochin International Airport is 20 km away. Ernakulam, heart of Cochin city is 2.5 km away. Vyttila junction the busiest is 2 km away.
- Forum mall is 250 meters away and Lulu mall is 4 km away.
- All major car brand showrooms are nearby on this highway.
- Lastly proximate to the sketched land, nearly one acre land is available if need arises on north western side.




**Call** George Elenjimittam +91 9947376675, +91 9447355031 **E-mail** georgeelenjimittam1949@gmail.com